ബാങ്കിൽ ഖുർആൻ വിരുദ്ധമായ 7 തെറ്റുകൾ.

ഖുർആനിലെ 'നിദാ' അല്ലാതെ, ബാങ്കോ ഇഖാമത്തോ നബിയുടെ കാലത്തുണ്ടായിരുന്നില്ല 62:9.

നിത്യവും ജമാഅത്തായി നമസ്ക്കരിക്കൽ സുന്നത്ത്പോലുമല്ലെന്ന് വി.ഖു. 9:122 കൊണ്ട് തെളിയുന്നു.

നിത്യനമസ്കാരം പരസ്യമാക്കുന്നതിനെ ഖുർആൻ പുണ്യകർമ്മമായി കാണുന്നില്ല.

# ഖുർആൻ വിരുദ്ധബാങ്കും ജമാഅത്തും

മൗലവി ചേകനൂർ

ബാങ്കിൽ ഖുർആൻ വിരുദ്ധമായ 7 തെറ്റുകൾ.

ഖുർആനിലെ 'നിദാ' അല്ലാതെ, ബാങ്കോ ഇഖാമത്തോ നബിയുടെ കാലത്തുണ്ടായിരുന്നില്ല 62:9.

നിത്യവും ജമാഅത്തായി നമസ്ക്കരിക്കൽ സുന്നത്ത്പോലുമല്ലെന്ന് വി.ഖു. 9:122 കൊണ്ട് തെളിയുന്നു.

നിത്യനമസ്കാരം പരസ്യമാക്കുന്നതിനെ ഖുർആൻ പുണ്യകർമ്മമായി കാണുന്നില്ല.

മൗലവി ചേകനൂർ

# ഖുർആൻ
# വിരുദ്ധ ബാങ്കും ജമാഅത്തും

(രണ്ടാം പതിപ്പ്)

ഗ്രന്ഥകർത്താവ്:

**പി. കെ. എം. അബുൽഹസൻ**

**(മൗലവി ചേകനൂർ)**

പകർപ്പവകാശം ഗ്രന്ഥകർത്താവിൽ
നിക്ഷിപ്തം

Checking & corrections
(with orginal copy) done by
***Dr. M.Abdul Jaleel**, Puttekkad.*

For Chekanoor Moulavi Trust
www.chekanoormoulavi.com
www.Khur-aansunnathsociety.com

*വില: 15 രൂപ*

***Printed at:***

**പി. കെ. എം. പ്രസ്സ് & പബ്ലിഷിംഗ് ഹൗസ്, എടപ്പാൾ, മലപ്പുറം ജില്ല.**

**പരമകാരുണികനും കരുണാനിധിയുമായ**
**അല്ലാഹുവിന്റെ തിരുനാമത്തിൽ**

## ആമുഖം

ഖുർആൻസുന്നത്തിന്റെ ആദർശസിദ്ധാന്തങ്ങൾ മുറുകെ പിടിച്ചുകൊണ്ട് തയ്യാറാക്കുന്ന എന്റെ ഗ്രന്ഥപരമ്പരയിലെ ഏഴാമത്തേതാണ് ''ഖുർആൻവിരുദ്ധ ബാങ്കും ജമാഅത്തും'' എന്ന ഈ ഗ്രന്ഥം. ''ഖുത്തുബ പരിഭാഷയും സ്ത്രീക ളുടെ ജുമുഅയും'' എന്ന അടുത്ത ഗ്രന്ഥവും എഴുതിക്കഴിഞ്ഞിട്ടുണ്ട്. അച്ചടി നടന്നുകൊണ്ടിരിക്കുകയുമാണ്. ''ജുമുഅയും , ജമാഅത്തും ബാങ്ക് വിളിയും'' എന്ന പേരിൽ എല്ലാം കൂടി ഒറ്റ ഗ്രന്ഥമായി ഇറക്കാനാണ് ആദ്യം ഉദ്ദേശിച്ചിരുന്നതെ ങ്കിലും ധാരാളം പ്രശ്നങ്ങളെപറ്റി വിശദമായി പ്രതിപാദിക്കേണ്ടിവന്നതിനാൽ അത് രണ്ട് ഭാഗമായി പ്രസിദ്ധീകരിക്കലാണ് നല്ലതെന്ന് തോന്നി.

നബിയുടെയും ഖലീഫമാരുടെയും ഖുർആനിക ഭരണം അവസാനിച്ച ശേഷം മുആവിയയുടെ ഖുർആൻ വിരുദ്ധഭരണം ആരംഭിച്ചതോടെ നിലവിൽവന്ന ഏറ്റവും വലിയൊരാഗോളപ്രസ്ഥാനമാണ് 5 നേരനമസ്ക്കാരവും ബാങ്ക് വിളിയും 'ജമാഅത്തു'മൊക്കെ എന്നാണ് ഈ ഗ്രന്ഥത്തിൽ ശക്തിയായി സ്ഥാപിക്കാൻ പോകുന്നത്. 1350 വർഷങ്ങളായി നിലനിന്ന്പോന്ന അവയിലൊന്നിനേയും ഖുർ ആനിന്റെ വെളിച്ചത്തിൽ പരിശോധിക്കുവാനോ അവയെ ചോദ്യം ചെയ്യുവാനോ ലോക ത്തൊരു പണ്ഡിതനും തയ്യാറായ ചരിത്രമില്ല. എന്നാൽ ഖുർആനിന്റെ വെളിച്ച ത്തിൽ അല്ലെങ്കിൽ നബിയുടെ സ്ഥിരപ്പെട്ട സുന്നത്തിന്റെ അടിസ്ഥാനത്തിൽ അതിനെല്ലാം തെളിവുണ്ടെന്ന് സ്ഥാപിച്ചുതരാൻ ആരെങ്കിലും മുന്നോട്ടുവരികയു ണ്ടായോ? അതുമില്ല. എന്നാൽ ഇന്ത്യ, പാക്കിസ്ഥാൻ ഖത്തർ, സൗദിഅറേബ്യ മുത ലായ രാജ്യങ്ങളിലെ ഉയർന്ന നിലവാരത്തിലുള്ള ഇസ്ലാമിക പഠനകേന്ദ്രങ്ങളിൽ നിന്ന് ഉന്നതബിരുദങ്ങൾ നേടിവന്ന ധാരാളം മതപണ്ഡിതൻമാർ ഇന്ന് നമ്മുടെ സമൂഹ ത്തിലുണ്ട്. ലോകത്തിലെ ഏറ്റവും വലിയ ഇസ്ലാമിക യൂനിവേഴ്സ്റ്റിയായ ഈജി പ്തിലെ അൽഅസ്ഹർ സർവ്വകലാശാലയിൽ നിന്ന് ദശകങ്ങളോളം പഠിച്ച് പാസ്സാ യിവന്ന പ്രഗൽഭമതപണ്ഡിതൻമാരും ഇന്ന് കേരളത്തിലുണ്ട്. അതായത്: ഇസ്ലാ മിന്റെ അടിസ്ഥാനപ്രമാണങ്ങളും അനുബന്ധ ശാസ്ത്രങ്ങളും പഠിച്ച പണ്ഡിത കേസരികളെക്കൊണ്ട് സമ്പന്നമായ, ലോകത്തിലെ പേര് കേട്ട ഒരിസ്ലാമിക സമൂഹ

മാണ് കേരളീയരായ നമ്മളെന്ന് ചുരുക്കം. അങ്ങിനെയുള്ള കേരളീയർക്കിടയിലാണ് ഇസ്ലാമിലെ ഏറ്റവും വലിയ കർമ്മപദ്ധതിയായ 5 നേര നമസ്ക്കാരത്തേയും 5 നേര ബാങ്കിനേയും മറ്റും ഇസ്ലാമിന്റെ ഏറ്റവും മുന്തിയ പ്രമാണമായ ഖുർആനിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കാനും ചോദ്യം ചെയ്യുവാനും നാം തയ്യാറായിരിക്കുന്നത്. അത് ഏതെങ്കിലും തരത്തിലുള്ള ധിക്കാരം കൊണ്ടോ സത്യനിഷേധം കൊണ്ടോ ഒരിക്കലുമല്ല. മറിച്ച്, ഖുർആനിൽ പരിപൂർണ്ണമായി വിശ്വസിക്കുകയും ഖുർആൻ കഴിയുന്നത്ര പഠിക്കുകയും ചെയ്തത് മൂലം ഖുർആനിൽനിന്ന് തെളിയുന്ന പ്രബലവും ശക്തവുമായ ദൃഷ്ടാന്തങ്ങളുടെ വെളിച്ചത്തിൽ 5 നേര നമസ്ക്കാരത്തിന്നും ബാങ്കിന്നും ഇസ്ലാമിൽ യാതൊരടിസ്ഥാനവുമില്ലെന്നും കേവലം മൂന്ന് നേര നമസ്ക്കാരത്തിന്നും വെള്ളിയാഴ്ച നമസ്ക്കാരത്തിലേക്കുള്ള വിളിക്കും മാത്രമേ ഇസ്ലാമിൽ തെളിവുള്ളുവെന്നും കണിശമായി ഉറപ്പായതുകൊണ്ട് മാത്രമാണത്. അതിനെപറ്റിയൊക്കെ മേൽപറഞ്ഞ പണ്ഡിതസമൂഹത്തിലെ പ്രധാനികളോടെല്ലാം, - എന്നല്ല, ഈജിപ്തിലേയും സുഊദിഅറേബ്യയിലേയും മറ്റും പണ്ഡിതകേസരികളോട് പോലും - 1960 മുതൽ - ഈയുള്ളവൻ ദീർഘിച്ച ചർച്ചകൾ നടത്തിയിട്ടുണ്ട്. എന്നിട്ടവർക്കാർക്കും തന്നെ ഈ 5 നേര നമസ്ക്കാരത്തിന്റെയോ ബാങ്കിന്റെയോ തെളിവുകൾ ഖുർആനിൽനിന്നോ സ്ഥിരപ്പെട്ട സുന്നത്തിൽനിന്നോ കണ്ട് പിടിക്കാൻ ഇന്നേവരെ കഴിഞ്ഞിട്ടില്ലെന്നും കേവലം അബൂഹുറയ്റാകമ്പനിക്കാരുടെ കള്ളഹദീസുകളും മുആവിയയുടെ കാലം മുതൽക്കുള്ള ജൂതപാരമ്പര്യങ്ങളും മാത്രമേ അവരുടെ കൈവശമുള്ളൂവെന്നും പൂർണ്ണമായി ബോധ്യപ്പെട്ടപ്പോഴാണ് ഇത്തരം വിഷയങ്ങളിൽ ഒരുഗ്രമായ വൈജ്ഞാനികപോരാട്ടം അത്യാവശ്യമാണെന്ന നിർബന്ധമുണ്ടായത്. അതനുസരിച്ച് കേരളത്തിലെ സകല പണ്ഡിതന്മാരേയും ഈയുള്ളവൻ വിവാദത്തിന്ന് വെല്ലുവിളിക്കുകയും ചെയ്തു. അതിപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. സമുദായത്തിലെ പല ഉന്നതനേതാക്കളുടെയും സഹകരണത്തോടെ കേരളത്തിലെ പല കേന്ദ്രങ്ങളിലും അവർക്ക് വേണ്ടി അനേകം ചർച്ചാ വേദികളും നാം ഒരുക്കികൊടുക്കുകയുണ്ടായി. പക്ഷേ,ഖുർആനിന്റെ അടിസ്ഥാനത്തിലുള്ള വ്യവസ്ഥാപിതമായ വിവാദവും ഖുർആൻ കൽപിച്ച പ്രകാരമുള്ള ശരിയായ മുബാഹലയും ചെയ്തിട്ടല്ലാതെ ഇരുകക്ഷികൾക്കും പിരിഞ്ഞുപോകാൻ പാടില്ലെന്ന ഒരു കരാറിൽ ആദ്യമേ ഒപ്പ് വെക്കണമെന്ന ഒരു നിബന്ധനമാത്രം ഈയുള്ളവൻ അവരുടെ മുമ്പിൽവെച്ചതിനാൽ ഒറ്റ പണ്ഡിതനും ഇന്നേവരെ അതിന്ന് തയ്യാറായിട്ടില്ല. കേരളത്തിന്റെ പലഭാഗങ്ങളിലും വെച്ച് മുൻകാലങ്ങളിൽ എന്നെ നേരിട്ടിരുന്ന പുരോഹിത നേതാക്കൾക്കെല്ലാം ഞാൻ പഠിച്ച ഖുർആനികതെളിവുകളൊക്കെ അച്ചടിച്ചുകൊടുക്കാനും



പകരം രേഖാമൂലം മറുപടി ആവശ്യപ്പെടാനും തുടങ്ങിയതോടെ ഇവിടത്തെ പുരോഹിതപരിഷകളെല്ലാം ഇപ്പോൾ പറയുന്നതെന്തെന്നല്ലേ: "ചേകനൂർ മൗവലിയെ ഞങ്ങളെല്ലാവരും അവഗണിച്ചിരിക്കുന്നു" എന്ന്. എങ്കിൽ നിങ്ങളെല്ലാം മുമ്പ് ചേകനൂർ മൗലവിക്കെതിരെ സ്റ്റേജ്കെട്ടി പ്രസംഗിക്കാനും തുടർന്ന് മുബാഹലയില്ലാത്ത വിവാദത്തിലേർപ്പെടാനും പിന്നീട് വിവാദത്തിൽനിന്ന് പറ്റെ പിൻമാറാനും ശേഷം നിങ്ങളുടെ മൂന്ന് സംഘടനകളും ചേകനൂർമൗലവിക്കെതിരിൽ "അബൂഹുറയ്റ" എന്നപേരിൽ ഓരോ മറുപടിഗ്രന്ഥം പ്രസിദ്ധീകരിക്കാനും അതിനെല്ലാം ചേകനൂർമൗലവി ചുട്ടമറുപടിയും ('അബൂഹുറയ്റയുടെ തനിനിറം' എന്നഗ്രന്ഥം) പ്രസിദ്ധീകരിച്ചപ്പോൾ പിന്നെ നിങ്ങളുടെയെല്ലാം വായ മൂടിക്കെട്ടാനും അവസാനം സി.എൻ.മൗലവി രംഗത്തിറങ്ങാനും അങ്ങിനെ ചേകനൂരിന്റെ "കൊട്ടും കുരവയും" അവസാനിപ്പിക്കണമെന്ന് പറഞ്ഞുകൊണ്ട് "ഒരുഗ്രൻ മറുപടി" എഴുതാനും അതിൽ അഞ്ച് ആയത്ത് കട്ടതടക്കം 25ക പടത്തരങ്ങൾ സി.എൻ. ചെയ്തിട്ടുണ്ടെന്ന് അക്കമിട്ടു വിവരിച്ചുകൊണ്ട് രണ്ട് ഗ്രന്ഥം ചേകനൂർ മൗലവി പ്രസിദ്ധീകരിച്ചപ്പോൾ സി.എൻ. മൗലവി തന്റെ കൊട്ടും കുരവയും അവസാനിപ്പിക്കാനുമൊക്കെ കാരണമെന്തെന്നാണ് കേരളത്തിലെ സത്യാന്വേഷികളായ ബുദ്ധിജീവികൾ ചോദിക്കുന്നത്. അതിനെല്ലാം ഞഞ്ഞമിഞ്ഞം പറഞ്ഞുകൊണ്ട് കൊഞ്ഞനം കാട്ടി തടിതപ്പുകയല്ലാതെ മാന്യമായ ഒരു മറുപടിയോ, ന്യായമായ ഒരു മറുപടിയോ, ന്യായമായ ഒരു വിശദീകരണമോ നൽകാൻ "ബഢാആലിമാ"യ സി.എൻ. മൗലവിക്കുപോലും ഇപ്പോൾ കഴിയുന്നില്ല. ഈ സാഹചര്യത്തിലാണ് ഖുർആൻ വിശ്വാസികളും സമുദായസ്നേഹികളുമായ ചില മഹൽവ്യക്തികളുടെ സഹകരണത്തോടെ ഖുർആൻകൊണ്ടുള്ള ഈ ഉഗ്രപോരാട്ടവുമായി മുന്നോട്ടു പോവാൻ ഈയുള്ളവൻ തീരുമാനിച്ചത്. അതനുസരിച്ചു 5 നേരബാങ്കിനേയും ജമാഅത്തിനേയും പറ്റി ഖുർആൻ എന്ത് പറയുന്നു എന്നാണീ ഗ്രന്ഥത്തിൽ പ്രധാനമായും പ്രതിപാദിക്കുന്നത്. കൂട്ടത്തിൽ മുആവിയയുടെ കാലഘട്ടത്തോടെ മുസ്ലീംസമൂഹത്തിലേക്ക് നുഴഞ്ഞുകയറിയ ജൂതമുനാഫിഖുകൾ, ഖുർആൻവിരോധിയായിരുന്ന മുആവിയയുടെയും ഖുർആൻ പഠിക്കാത്ത തന്റെ അനുയായികളുടേയും ആശിർവാദത്തോടുംകൂടി തറാവീഹ് 23 ഉം 5 നേര നമസ്ക്കാരവും മറ്റനേകം ജൂതായിസങ്ങളും നടപ്പിലാക്കിയതിന്റെ കൂടുതൽ തെളിവുകളും ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. "നമസ്ക്കാരം" "നമസ്ക്കാരം മൂന്ന് മാത്രം സി.എൻ. മൗലവിക്ക് ചുട്ടമറുപടി" എന്നീ ഗ്രന്ഥങ്ങളിൽ മുമ്പ് ഞാൻ വിവരിച്ചുപോയ ഖുർആനികതെളിവുകളോടൊപ്പം ഈ ഗ്രന്ഥവുംകൂടി ശ്രദ്ധചെയ്ത്, വായിച്ചുകൊണ്ട്, ഇന്ന് നിലവിലുള്ള 30 ജൂതായിസങ്ങളടങ്ങിയ നമസ്ക്കാരരൂപം 5 നേരം നിലനിർത്തുകയാണോ

അതോ ഖുർആൻ പഠിപ്പിച്ചുതന്ന യാതൊരു ജൂതായിസവുമില്ലാത്ത ഉത്തമനമസ്ക്കാരക്രമം 3 നേരം പുനസ്ഥാപിക്കുകയാണൊ വേണ്ടതെന്ന് അല്ലാഹുവിനെയും റസൂലിനേയും മനസ്സിൽ വിചാരിച്ചുകൊണ്ട് ഓരോ ഖുർആൻവിശ്വാസിയും തീരുമാനമെടുക്കട്ടെ. ഇസ്ലാമിലെ ഏറ്റവും ഗുരുതരവും അടിസ്ഥാനപരവുമായ ഈ പ്രശ്നത്തെപ്പറ്റിയുള്ള ഖുർആനികസത്യങ്ങൾ പഠിക്കാനും ചിന്തിക്കാനും സർവ്വജ്ഞനായ അല്ലാഹു നമുക്ക് നല്ലബുദ്ധി തോന്നിക്കട്ടെ എന്ന ആത്മാർത്ഥമായ പ്രാർത്ഥനയോടെ ഈ അമൂല്യഗ്രന്ഥവും ഈയുള്ളവൻ സമുദായസമക്ഷം സമർപ്പിക്കുന്നു.

സകല സ്തുതിയും അല്ലാഹുവിന്ന്.



# വിഷയവിവരം


1. ബാങ്കിന്റെ തുടക്കമെങ്ങിനെ ?.......................................11
2. “നമസ്ക്കാരത്തിലേക്കുള്ള വിളി”.
   “ബാങ്ക് വിളി”: “ഇഖാമത്ത്.”.........................................11
3 ബാങ്കിലെ ഖുർആൻ വിരുദ്ധമുദ്രാവാക്യവും ഭാഷാപരമായ
   തെറ്റുകളും..............................................................12
4. ബാങ്കിൽ ഖുർആനിക ശൈലിക്ക് വിരുദ്ധമായ
   അബൂഹുറയ്റയുടെ യമനീശൈലി.....................................14
5. ബാങ്കിൽ വീണ്ടും ഖുർആൻ വിരുദ്ധപ്രയോഗം!....................15
6. ദഹിക്കാത്ത വിഷയം.....................................................16
7. ‘ഹയ്യഅലൽ.ഫലാഹി’ ലും ജൂത പരിഹാസമുണ്ട് ................20
8. “ശഹാദത്ത് പകുതി കക്കൽ പരിപാടി”
   അബുഹുറയ്റ: ബാങ്കിലും നടപ്പിലാക്കി!
   അബൂഹുറയ്റയുടെ മുരടുറച്ച ജൂതായിസം !......................21
9. അവസാനം വിട്ടതിലെന്നപോലെ ആദ്യം കൂട്ടിയതിലും
   കടുത്തജൂതായിസമുണ്ട്.................................................23
10. വെള്ളിയാഴ്ച ഖുത്തുബക്ക് വേണ്ടി ബാങ്ക്
   വിളിക്കുന്നതെന്തിന്ന്?.....................................................26
11. ബാങ്കിലെ ശഹാദത്തിൽ മറ്റൊരു ജൂതത്തരവും കൂടി............28
12. ഇഖാമയിൽ അബൂഹുറയ്റയുടെ മറ്റൊരു കാട്ടറബി പ്രയോഗം.30
13. ബാങ്കിൽ ഖുർആൻ വിരുദ്ധമായ തെറ്റുകൾ ആകെ 7.
   ഭാഷാപരമായ തെറ്റുകൾ 3............................................31
14. ആശയപരമായ തെറ്റുകൾ 4............................................31
15. മഹാൽഭുതം !............................................................32
16 ബാങ്കിന്റെ കാര്യത്തിൽ ഇനി നാമെന്ത് ചെയ്യണം ?.................36
17. “മുക്രി” മാരെ നിയമിച്ച സമുദായം മുക്രിമാർക്ക് ശമ്പളവും
   കൊടുക്കണം..............................................................36

18. സ്ഥാനത്തും അസ്ഥാനത്തും വിളിച്ചുപറയൽ
അബൂഹുറയ്റയുടെ "പെരുംബിദ്അത്തി"ന്റെ പ്രത്യേകത!.............38

19. ബാങ്ക് നിർത്തലാക്കാൻ സാധ്യമാണോ ?.......................................39

20. ബാങ്ക് വിളികേട്ടാൽ പ്രസംഗംനിർത്തണമോ ?...............................40

21. ദോഷം പൊറുക്കാൻ പ്രയശ്ചിത്തം..............................................41

22. **അദ് ധ്യായം 2** : ജമാഅത്ത് നമസ്കാരം....................................42

23. ദിവസത്തിലൊരിക്കലെങ്കിലും ജമാഅത്തിന്ന് പള്ളിയിൽപോകൽ
സുന്നത്ത് പോലുമല്ലെന്ന് വി: ഖുർആൻ 9:122 കൊണ്ട് തെളിഞ്ഞു...42

24. ജൂതന്മാരെ കടത്തിവെട്ടിയ ഖുർആൻ ദുർവ്യാഖ്യാനം !..................45

25. ദുർവ്യാഖ്യാനംകൊണ്ടും ഫലമില്ല................................................46

26. നബിയുടെ വൈകുന്നേരത്തെ ഒറ്റക്കമുള്ള നമസ്കാരം
സകല പുരോഹിതൻമാരെയും കുഴപ്പത്തിലാക്കി !.......................47

27. യുദ്ധവേളയിൽ നമസ്ക്കരിക്കാൻ ഖുർആൻ കൽപിച്ചു എന്ന്
പറയുന്നത് ശുദ്ധനുണ! അത് ജമാഅത്താക്കിചെയ്യാൻ കൽപിച്ചു
എന്നത് അതിലും വലിയനുണ !..............................................49

28. ഖന്തക്ക് യുദ്ധക്കള്ള ഹദീസുകളുടെ പിന്നിലെ ജൂതലക്ഷ്യങ്ങൾ !....51

29. ബാങ്കിനെപറ്റി അൽപവും കൂടി...............................................52

30. അബൂഹുറയ്റ:യുടെ ബാങ്കിനോട് മുആവിയ പുലർത്തിയിരുന്ന
പ്രത്യേക കൂറ് നോക്കുക.........................................................53

31. ബാങ്കിന്റെ നിവേദനത്തിലെ മറ്റു ചില കള്ളങ്ങൾ കൂടി..................54

32. ഈസാനബിയും മുഹമ്മദ് നബിയും മൂന്ന് നേര നമസ്ക്കാരം
നടപ്പിലാക്കിയെങ്കിലും ഈസാനബി നടപ്പിലാക്കിയതേ
ലോകത്ത് നിലനിന്നുള്ളൂ.........................................................56

33. മൂന്ന് നേരത്തിന്റെ കുറെ തെളിവുകൾകൂടി................................57

34. 5 നേരം ഫർസില്ലെന്ന് തന്നെയാണ് ശീആക്കളുടെയും
ഹമ്പലികളുടെയും മദ്ഹബ്....................................................59

35. മൂന്ന് നേരക്കാരായ ശീആക്കൾക്ക് അഞ്ച് നമസ്ക്കാരമുണ്ടായ
തെങ്ങിനെ?............................................................................62





36. അഞ്ച് നേരത്തിന്റെ ഹദീസിൽ അഞ്ച്നേരമെന്ന് പറയാൻ
സകലരും വിട്ടുപോയി ! അഹ്ലുൽഹദീസുകാരുടെ
ബുദ്ധിശൂന്യത !..................................................................66

37. മുസ്ലിംകളുടെ യൂനിഫോമിറ്റി നഷ്ടപ്പെടുകയില്ലേ ?.......................68

38. ഇന്ന് നിലവിലുള്ള അഞ്ച്നമസ്ക്കാരം ക്രമപ്പെടുത്തിയതിന്റെ
പിന്നിലുള്ള ജൂതലക്ഷ്യങ്ങൾ !...............................................70

39. ഖുർആനിലെ മൂന്ന്നേരം അഞ്ച് നേരമാക്കിയവരോട് ചില
ചോദ്യങ്ങൾ..........................................................................74

40. നമസ്ക്കാരം 'ഖളാവീട്ടുകയെന്ന അനാചാരം കുഴിച്ചുമൂടുക...........78

41. നവമുസ്ലിംകൾ നമസ്ക്കാരം ഖളാവീട്ടേണ്ടതില്ലെങ്കിലും മുസ്ലിംകൾ
ഖളാവീട്ടണമത്രെ ! ദുഷ്ടത്തരത്തിന്റെ ആഴം നോക്കുക...............80

42. നോമ്പ് ഖളാവീട്ടുന്നുണ്ടെന്നോ ?...............................................84

43. ഖുർആൻവിരുദ്ധമായ 5 നേരനമസ്ക്കാരം നിലനിർത്താൻവേണ്ടി
വർഷംതോറും 2000 കോടി രൂപ സമുദായം ചിലവഴിക്കുന്നു !.......86

44. പള്ളിജീവനക്കാർക്ക് മേലിൽ വേറെ തൊഴിലൊന്നുമില്ലെങ്കിൽ
ശമ്പളംവാങ്ങി അഞ്ച്നേരം നമസ്ക്കരിക്കുന്നതിലോ
ബാങ്ക് വിളിക്കുന്നതിലോ വലിയ കുറ്റമൊന്നുമില്ല........................88

45. നമസ്ക്കാരത്തിന്റെ രൂപം പഠിപ്പിച്ചത് അല്ലാഹുവാണെന്ന്
വി: ഖുർആൻ ; അല്ല, നബിയാണെന്ന് അബൂഹുറയ്റ :.................90

46. അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കണമെന്ന്
സാധാരണകൂട്ടി പറയാറുള്ള ഖുർആൻ, നമസ്ക്കാരവിഷയത്തിൽ
റസൂലിനെ കൂടാതെ അല്ലാഹു പഠിപ്പിച്ചത്പോലെ നമസ്ക്കരിക്ക
ണമെന്ന് മാത്രം പറയാൻ കാരണമെന്ത്......................................92

47. ഖുർആനിന്റെ സൂക്ഷ്മപ്രയോഗം...............................................92

48. നമസ്ക്കാരം പരസ്യമാക്കുന്നതിൽ യാതൊരു പുണ്യവുമില്ല.............94

49. നമസ്ക്കാരം രഹസ്യമാക്കി ചെയ്യുന്നതിലാണ് പുണ്യമെന്ന്
വി: ഖുർആൻ.........................................................................95

50. നിത്യനമസ്ക്കാരം പരസ്യമാക്കിച്ചെയ്യൽ മുനാഫിഖുകളുടെയും
ഖുർആൻ നിഷേധികളുടെയും സ്വഭാവമാണെന്ന് വി: ഖുർആൻ........96

51. അപ്പോൾ നമ്മുടെ സമുദായം പൊതുവെ സമ്പ്രദായമാക്കിയതല്ലേ ശരി ?....97
52. തബ് ലീഗ്ജമാഅത്ത്കാർ നിങ്ങളെ സമീപിക്കുമ്പോൾ !....98
53. മഗ്‌രിബുണ്ടാക്കാൻവേണ്ടികെട്ടിവിട്ട ബുഖാരിയുടെ ഹദീസിൽ അറുവഷളായ അബദ്ധംപറ്റി....102
54. ളുഹ്റും മഗ്‌രിബും നബി തീരെ നമസ്ക്കരിച്ചിട്ടില്ലെന്നിരിക്കെ, നബിയുടെ അവസാനത്തെ നമസ്ക്കാരം ളുഹ്റോ മഗ്‌രിബോ എന്ന് തർക്കം....104
55. പണ്ഡിതനാവാം : അൽപജ്ഞനുമാകാം : പടുജാഹിലാകരുത് !....106
56. രസകരമായ ചരിത്രം....107
57. ശീആക്കളുടെ ബാങ്ക് 3 നേരം മാത്രം....109
58. സുന്നത്ത് ജമാഅത്തിന്ന്പകരം ഖുർആൻസുന്നത്തിവിടെ വിജയിക്കുന്ന ലക്ഷണമുണ്ട്....109




# ബാങ്കിന്റെ തുടക്കമെങ്ങിനെ ?

ജുമുഅ:, ജമാഅത്ത്, ബാങ്ക് വിളി എന്നീ വിഷയങ്ങളെപ്പറ്റിയാണീ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നതെന്ന് ആമുഖത്തിൽ പറഞ്ഞുവല്ലോ. എന്നാൽ അവയിലാദ്യമായി പ്രതിപാദിക്കുന്നത് ബാങ്കിനെപറ്റിയാണ്.

"ബാങ്ക് വിളി" എന്ന് മുതലാരംഭിച്ചു? അതിന്റെ വചനങ്ങൾ ക്രോഡീകരിച്ചതാരാണ്; ആശയപരമായും പ്രായോഗസംബന്ധമായും അതിൽ കാണപ്പെടുന്ന തെറ്റുകൾക്കുത്തരവാദി ആര്? ; നബിയുടെ കാലത്ത് ഈ ബാങ്ക് വിളിയുണ്ടായിരുന്നോ; ഈ ബാങ്ക് വിളിക്ക് ഖുർആനിലോ സുന്നത്തിലോ വല്ല അടിസ്ഥാനവുമുണ്ടോ? ബാങ്കിന്റെ വചനങ്ങളെപ്പറ്റി മുസ്ലിംപണ്ഡിതന്മാർക്കിടയിൽ വല്ല അഭിപ്രായഭിന്നതകളുമുണ്ടായിരുന്നോ?: ഇസ്ലാമിൽ ബാങ്ക്വിളിയുടെ വിധി എന്ത് ? എന്നിത്യാദി പ്രശ്നങ്ങളെപ്പറ്റിയാണീ അദ്ധ്യായത്തിൽ വിവരിക്കാൻ പോകുന്നത്. അതെല്ലാം ശ്രദ്ധാപൂർവ്വം വായിക്കുക.

## 'നമസ്ക്കാരത്തിലേക്കുള്ള വിളി', 'ബാങ്ക് വിളി', 'ഇഖാമത്ത് '.

മേൽപറഞ്ഞ മൂന്ന് തരം വിളി ഇന്ന് മുസ്ലിം ലോകത്ത് പ്രചാരത്തിലുള്ളതാണ്. ബുഖാരി മുസ്ലിം മുതലായ ധാരാളം ഹദീസ്ഗ്രന്ഥങ്ങളിൽ അങ്ങിനെ മൂന്നെണ്ണമുണ്ടെന്ന് രേഖപ്പെടുത്തീട്ടുമുണ്ട്. ഉദാഹരണമായി : - ഗ്രഹണനമസ്ക്കാരത്തെപറ്റി ബുഖാരി മുസ്ലിമും മറ്റും എഴുതിവെച്ച ഹദീസുകളിൽ ഇപ്രകാരം കാണാം:

ഗ്രഹണനമസ്ക്കാരത്തിന്ന് വേണ്ടി നബിയുടെ കാലത്ത് ‘നിദാഒ’ ‘അദാനോ: ഇഖാമത്തോ’ (നമസ്ക്കാരത്തിലേക്കുള്ള വിളിയോ; ബാങ്കോ; ഇഖാമത്തോ) യാതൊന്നും ഉണ്ടായിരുന്നില്ല.

നമസ്ക്കാരത്തിലേക്ക് ക്ഷണിക്കാനായി മൂന്ന് തരം അറിയിപ്പുണ്ടെന്നാണല്ലോ മേലുദ്ധരിച്ചത് പോലുള്ള ഹദീസുകളും ചരിത്രറിപ്പോർട്ടുകളും തെളിയിക്കുന്നത്.

എന്നാൽ മേൽപ്പറഞ്ഞ മൂന്നെണ്ണത്തിൽ ആദ്യത്തേത് മാത്രമേ നബിയുടെ കാലത്തുണ്ടായിരുന്നുള്ളൂവെന്നും മറ്റേത് രണ്ടും (ബാങ്കും ഇഖാമത്തും) നബിയുടെ കാലത്തൊരിക്കലുമുണ്ടായിരുന്നില്ലെന്നും അതുണ്ടാവാൻ പാടില്ലെന്നുമാണ് ഖുർആനിന്റെ അടിസ്ഥാനത്തിൽ ഇവിടെ കണിശമായും തെളിയിക്കാൻ പോകുന്നത്. അത് ശ്രദ്ധയോടെ വായിക്കുക.

നമസ്ക്കാരത്തിലേക്കുള്ള വിളി (അസ്സ്വലാഹ് ; അസ്സവലാഹ് എന്ന വിളി) നബിയുടെ കാലത്തുണ്ടായിരുന്നുവെന്നതിന്ന് ഖു 5:58ഉം, 62 : 9ഉം വ്യക്തമായ തെളിവുകളാണ്. സുഊദി അറേബ്യ മുതൽക്കുള്ള പല അറബീനാടുകളിലും ഇന്നേവരെ ആ വിളി നിലനിന്ന് പോന്നിട്ടുമുണ്ട്. അതല്ലാതെ, നമസ്ക്കാരത്തിന്നുവേണ്ടി ‘‘അദാൻ’’ വിളിക്കണമെന്നോ ഇഖാമത്ത് പറയണമെന്നോ ഖുർആനിലൊരിടത്തുമില്ല. അദാനിന്റെ (ബാങ്കിന്റെ)യും ഇഖാമത്തിന്റെയും വചനങ്ങൾ ഇന്ന് ലോകത്ത് പ്രചാരത്തിലുള്ള ഘടനയനുസരിച്ച് വിളിച്ചുപറയാൻ ഖുർആനൊരിക്കലും അനുവദിക്കുകയുമില്ല. അത് കൊണ്ട് തന്നെ ഇന്ന് നാം നിലനിർത്തിപ്പോരുന്ന ബാങ്കും ഇഖാമത്തും നബിയുടെ കാലത്തുണ്ടായിരുന്നുവെന്ന് വിശ്വസിക്കാൻ പാടുള്ളതുമല്ല. തൽസംബന്ധമായ ഖുർആനികതെളിവുകളൊക്കെ വേണ്ടത്ര നിരത്തിവെക്കുന്നുണ്ട്.

# ബാങ്കിലെ ഖുർആൻ വിരുദ്ധമുദ്രാവാക്യവും ഭാഷാപരമായ തെറ്റുകളും ?

ബാങ്കിലെ വാക്യങ്ങളെല്ലാം മഹത്തായ മുദ്രാവാക്യങ്ങളാണെന്നും അതിനാൽ ബാങ്ക് വിളി കേൾക്കുമ്പോഴൊക്കെ ശൈത്താൻ ഓടിയൊളിക്കുമെന്നും ബാങ്ക്



വിളിക്കപ്പെടാത്ത പ്രദേശങ്ങളെല്ലാം പിശാചുക്കളുടെ സങ്കേതങ്ങളായി മാറുമെന്നും മറ്റുമാണല്ലോ അബൂഹുറയ്റാ താവഴിക്കാരായ സകല പുരോഹിതൻമാരും നമ്മുടെ സമുദായത്തെ ഇന്നേവരെ പഠിപ്പിച്ചു പോന്നിട്ടുള്ളത്. എന്നാൽ വാസ്തവം പറയുകയാണെങ്കിൽ ബാങ്ക് വിളി കേൾക്കുന്നിടത്തേക്ക് മുസ്ലിംകളേക്കാളേറെ വേഗത്തിൽ ഓടി എത്തുന്നത് പിശാചുക്കളും മുനാഫിഖുകളുമാണെന്നതാണ് രസകരമായ സത്യം. കാരണമെന്തന്നല്ലേ? ‘‘സത്യത്തിൽ പൊതിഞ്ഞ ഒരു കപട മുദ്രാവാക്യ’’മാണ് ബാങ്കിലുള്ളത്. അതെന്തെന്നാൽ : ബാങ്കിലെ വാക്യങ്ങൾ വെറും തക്ബീറും ശഹാദത്തും മദ്ധ്യത്തിലൊരാഹ്വാനവുമാണല്ലോ. പ്രസ്തുത ആഹ്വാനത്തിലൂടെ മുസ്ലിം ലോകത്തെ മുഴുവൻ അവർ നിരന്തരം അറിയിച്ചുകൊണ്ടിരിക്കുന്നത്: നമസ്ക്കാരത്തിന്ന് പള്ളിയിലെത്തിച്ചേരുന്നവർക്കെല്ലാം വിജയം സുനിശ്ചിതമാണെന്ന സന്തോഷവാർത്തയാണ്. എന്നാൽ 160ഓളം ആയത്തുകൾക്ക് കടകവിരുദ്ധമായ ഒരു ജൂതമുദ്രാവാക്യമാണതെന്നതിൽ സംശയമില്ല. എന്ത് കൊണ്ടെന്നാൽ വിജയത്തിന്നും മോക്ഷത്തിന്നും കാരണമായേക്കാവുന്ന പുണ്യകർമ്മങ്ങളെന്തൊക്കെയാണെന്ന് 160ഓളം സ്ഥലങ്ങളിൽ ഖുർആൻ ആവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ട്. അവയിലൊരിടത്തെങ്കിലും കേവലനമസ്ക്കാരം കൊണ്ട് വിജയം കൈവരിക്കാമെന്ന് സൂചിപ്പിക്കുകപോലും ചെയ്തിട്ടില്ല . എന്ന് മാത്രമല്ല, ‘‘ഖുർആനിൽ നമസ്ക്കാരത്തിന്നുള്ള സ്ഥാനം’’എന്ന എന്റെ മുൻഗ്രന്ഥത്തിൽ കേവലനമസ്ക്കാരം ഒരു പുണ്യകർമ്മമേ അല്ലെന്ന് ഖു: 48:29ന്റെയും മറ്റും അടിസ്ഥാനത്തിൽ വളരെ ശക്തിയായി സ്ഥാപിച്ചുപോയതുമാണ്. അത്രയുമല്ല ദിനംപ്രതി ഒരിക്കലെങ്കിലും ജമാഅത്തിന്ന് പള്ളിയിലെത്തിച്ചേരുക എന്നത് നടക്കാത്ത കാര്യമാണെന്നും അത് സത്യവിശ്വാസികളുടെ സമ്പ്രദായമല്ലെന്നുമൊക്കെ ഖുർആൻതന്നെ വ്യക്തമാക്കിയിരിക്കുന്നു. (അടുത്ത അദ്ധ്യായം നോക്കുക) എന്നിരിക്കുമ്പോൾ ഖുർആൻ ശരിക്ക് പഠിച്ച ഒറ്റ മുസ്ലിമിന്നും പള്ളിയിൽപോയി നമസ്ക്കരിച്ചാൽ വിജയമുണ്ടെന്ന് വിശ്വസിക്കാൻ പാടുള്ളതല്ല. 150ൽപരം ഖുർആൻ സൂക്തങ്ങൾക്ക് കടകവിരുദ്ധമായ ആ കപടമുദ്രാവാക്യം അറിവും തന്റേടവുമുള്ള ഒറ്റ മുസ്ലിമിന്നും ഒരിക്കലും വിളിച്ചുപറയാവുന്നതുമല്ല. ആ സ്ഥിതിക്ക് അബൂഹുറയ്റയുടെ കാലം തൊട്ടിന്നേവരെ മുസ്ലിം ലോകത്തൊട്ടാകെ ദിനംപ്രതി 5 നേരം - സുഊദിഅറേബ്യയിലും മറ്റും തഹജ്ജുതിന്റേതടക്കം 6 നേരം - മേൽപറഞ്ഞ ഖുർആൻ വിരുദ്ധമുദ്രാവാക്യം സ്പീക്കറിലൂടെ വിളിച്ചുകൂവുന്നതിലുള്ള ഖുർആൻ ധിക്കാരവും സമുദായവഞ്ചനയും എത്ര വലുതാണെന്ന് നാം ശരിക്കും ചിന്തിക്കേണ്ടതില്ലേ? ഇത്രയും വലിയ കപടമുദ്രാവാക്യമടങ്ങിയ ഒരു ബാങ്ക് വിളി നബിയുടെ കാലത്തുണ്ടായിരുന്നുവെന്ന് വിശ്വസിക്കുന്നത് കേവലം വിവരക്കേടും

ബുദ്ധിശൂന്യതയുമാണ്. 'അസ്സലാഹ്' 'അസ്സ്വലാഹ്' എന്നിങ്ങനെ വെള്ളിയാഴ്ച കളിൽ അങ്ങാടിയിലും മറ്റും (സുഊദി അറോബ്യപോലുള്ള നാടുകളിൽ ഇപ്പോഴും നിലനിന്നുപോരുന്നത് പ്രകാരം) ബിലാലിനെപോലുള്ളവർ വിളിച്ചുപറഞ്ഞിരുന്നു വെന്നല്ലാതെ അതിലപ്പുറമുള്ള ഒരു ബാങ്കോ ഇഖാമത്തോ നബിയുടെയോ നാല് ഖലീഫമാരുടേയോ കാലത്ത് മക്കാമദീനയിൽ നടത്തിയിരുന്നുവെന്നതിന്ന് യാതൊരു തെളിവുമില്ലെന്നതൊരു പരമസത്യമാണ്. റെഡിമെയ്ഡ് പരമ്പരകളിലൂടെ പോലും അത് തെളിയിക്കാനാർക്കും സാധ്യവുമല്ല. അത്കൊണ്ടാണ് സകല ജൂതായിസ ങ്ങളും കുത്തിക്കുറിക്കാൻവേണ്ടി കച്ചകെട്ടിയിറങ്ങിയ ബുഖാരിക്കും മുസ്ലിമിന്നും ബാങ്കിന്റെ വാക്യങ്ങളെക്കുറിച്ചുള്ള പൂർണ്ണമായ ഒറ്റ ഹദീസും രേഖപ്പെടുത്തിവെ ക്കാൻ കഴിയാതെവന്നത്.

ചുരുക്കത്തിൽ സുഹ്റും മഗ്രിബും തറാവീഹും തഹ്ജ്ജുദും ആമീനും അത്തഹിയ്യാത്തുമൊക്കെ അബൂഹുറയ്റയുണ്ടാക്കിയ അനാചാരങ്ങളാണെന്ന് എന്റെ മുൻഗ്രന്ഥങ്ങളിൽ കണിശമായി തെളിയിച്ചത്പോലെ ബാങ്കും ഇഖാമത്തുമെല്ലാം അതേ അബൂഹുറയ്റ: തന്നെ ഇറക്കുമതിചെയ്ത ജൂതസിദ്ധാന്തമടങ്ങിയ തനി അനാചാര ങ്ങളാണെന്നാണ് ഇവിടെ ശക്തിയായി സ്ഥാപിക്കാൻ പോകുന്നത്. ആയതിന്ന് ബാങ്കിന്റെ പദ പ്രയോഗങ്ങളിൽ തന്നെ കാണപ്പെടുന്ന വ്യക്തമായ തളിവുകളാദ്യം ശ്രദ്ധിക്കുക.

## ബാങ്കിൽ ഖുർആനിക ശൈലിക്ക് വിരുദ്ധമായ അബൂഹുറയ്റയുടെ യമനീശൈലി.

ബാങ്കിലെ ശഹാദത്തു കലിമ : യിൽപോലും ഖുർആനികശൈലിയെ ധിക്ക രിച്ചുകൊണ്ടും തന്റെ യമനിലെ കാട്ടറബിപ്രയോഗം തെരഞ്ഞെടുത്തുകൊണ്ടുമാണ് അബൂഹുറയ്റ: ബാങ്കിന്ന് രൂപം നൽകിയിരിക്കുന്നത്. അതെങ്ങിനെ എന്നാൽ ഖുർആൻശൈലിയനുസരിച്ച് ''അശ്ഹദുഅന്നഹൂ - ലാഇലാഹി ഇല്ലല്ലാഹു'' എന്നി ങ്ങനെയാണ് ശഹാദത്തിൽ പറയേണ്ടത് കാരണം: ഖുർആനിൽ 15ഓളം സ്ഥലത്ത് ശഹാദത്തിന്റെ മാതൃക ചൂണ്ടിക്കാണിച്ചേടത്തൊന്നും തന്നെ ''അന്ന'' അല്ലെങ്കിൽ ''ഇന്ന'' എന്ന ഉപസർഗ്ഗമല്ലാതെ ''അൻ'' എന്ന ഉപസർഗ്ഗം ഒരിക്കലും പ്രയോഗിച്ചി



ട്ടേയില്ല. നബിയുടെ ഭാഷപ്രകാരം ആ പ്രയോഗം പാടുള്ളതുമല്ല. ''അന്ന'' എന്ന ശബ്ദത്തിലുള്ള അർത്ഥപുഷ്ടി ''അൻ'' എന്ന ശബ്ദത്തിന്നില്ലാത്തതിനാലും ശഹാ ദത്തിൽ ആ ''അർത്ഥപുഷ്ടി'' ഒഴിവാക്കാൻ പാടില്ലാത്തതിനാലുമാണ് ഖുർആനിലും നബിയുടെ ഭാഷയിലും അത് തീരെ കാണപ്പെടാതിരിക്കാൻ കാരണമായത്. ജൂത നായ അബൂഹുറയ്റയുടെ ലക്ഷ്യം മറിച്ചാണല്ലോ. അതുകൊണ്ടാണ് ഖുർആനിന്നെ തിരായി അർത്ഥപുഷ്ടിയില്ലാത്ത ''അൻ'' എന്ന ശബ്ദത്തോടുകൂടിയ ശഹാദത്ത് കലിമ: അബൂഹുറയ്റ:ലോകമുസ്ലിംകളെ മുഴുവൻ പഠിപ്പിച്ചത്.

## ബാങ്കിൽ വീണ്ടും ഖുർആൻ വിരുദ്ധപ്രയോഗം

മേൽ വിവരിച്ചത്പോലെ മറ്റൊരു ഖുർആൻ വിരുദ്ധ പ്രയോഗവുംകൂടി ബാങ്കിലുണ്ട്. അതേതെന്ന് ശ്രദ്ധിക്കുക. ''ഹയ്യ'' എന്നപദം ദിനംപ്രതി 20 തവണ ബാങ്കിൽ നാം പ്രയോഗിക്കാറുണ്ടല്ലോ. ഇഖാമത്തിലൂടെ 10 തവണവേറെയും മല യാളത്തിലെ കാടൻശൈലിയിൽ ''ഓടിവാടാ'' എന്ന് പറയുന്നത്പോലെയാണ് അറ ബിയിൽ ''ഹയ്യ '' എന്ന് പറയുന്നതും. അതൊരു കാട്ടറബി പ്രയോഗമാണെന്ന് താൽപര്യം. ഖുർആനിലൊരിടത്തും ''ഹയ്യ '' എന്ന പദംതന്നെ പ്രയോഗിക്കാതിരി ക്കാൻ കാരണമതാണ്. ആരാധനയിലേക്കോ മറ്റോ ക്ഷണിക്കുമ്പോൾ ''ത ആല'' എന്നപദമാണ് ഖുർആനിലും ശുദ്ധ അറബീഭാഷയിലും സാധാരണ പ്രയോഗിക്കാ റുള്ളത്. ''വരൂ'' ''വരുവീൻ'' എന്നൊക്കെയാണതിന്നർത്ഥം. ''ഓടിവാ'' ''ചാടിവാ'' എന്നൊന്നുമല്ല. ഇനി 'ഹയ്യ' എന്ന പദമാണ് പ്രയോഗിക്കുന്നതെങ്കിൽതന്നെ 'ഹയ്യ അലാ' എന്നല്ല 'ഹയ്യഇലാ' എന്നാണ് ശരിക്കും പറയേണ്ടത്. ഹയ്യഅലാ എന്നത് നായാട്ടുകാരുടെയും മറ്റും പ്രയോഗമാണ്. അതായത്: വേട്ടമൃഗത്തേയോ ശത്രുവി നേയോ മറ്റോ കീഴ്പ്പെടുത്താൻവേണ്ടി വിളിക്കുമ്പോഴാണ് സാധാരണ അങ്ങിനെ പ്രയോഗിക്കാറ് പതിവ്. അതിനാൽ വ്യംഗമായി നമസ്ക്കാരത്തെ ഒന്ന് തരംതാഴ്ത്ത ലുംകൂടി ആ പ്രയോഗത്തിലുണ്ടെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒരുപക്ഷേ മറ്റു പലതിലുമെന്നപോലെ മുസ്ലിംകളെ കഴുതകളാക്കലായിരിക്കാം അബൂഹുറ യ്റയുടെ ലക്ഷ്യമെന്ന് പറയുന്നതിൽ തെറ്റില്ല. എന്നല്ല, ജൂതന്മാരുടെ അക്കാലത്തെ സ്വഭാവം പരിഗണിക്കുമ്പോൾ ആ പ്രയോഗത്തിലൂടെ നമ്മെകളിയാക്കണമെന്ന ഹീന ലക്ഷ്യവും കൂടി അബൂഹുറയ്റക്കുണ്ടെന്ന് നാം ശരിക്കും അനുമാനിക്കേണ്ടിയിരി ക്കുന്നു. കാരണം: ''അത്യുന്നതമായ ഒരാരാധന'' യിലേക്ക് ക്ഷണിക്കുമ്പോൾ അവിടെ

“ഇലാ” എന്ന ഉപസർഗ്ഗമാണ് ശരിക്കും പ്രയോഗിക്കേണ്ടതെന്നിരിക്കെ, “അലാ” എന്ന് പ്രയോഗിച്ചത് തികച്ചും ദുരുദ്ദേശപരമാണെന്ന് പറയാൻ ന്യായമുണ്ട്. അതെന്ത്കൊണ്ടെന്നാൽ : ‘ഇലസ്സലാഹ് ’ എന്നതിന്ന് പകരം ‘അലസ്സലാഹ് ’ എന്ന് പറയുമ്പോൾ അവിടെ അപകടകരമായ ഒരർത്ഥം ഉദ്ദേശിക്കൽ വളരെ എളുപ്പമാണ്. അതായത്: ‘അലസ്സലാഹ് ’ എന്ന വാക്കിലെ അവസാനത്തെ അക്ഷരമായ ‘ഹ’ എന്ന മന്ദസ്വരത്തിലുള്ള അക്ഷരം ലോപിച്ചുകൊണ്ട് “അലസ്സലാ” എന്ന് പറഞ്ഞാൽ തീയിൽ ചാടാൻ വരിനെടാ എന്നാണർത്ഥം വരിക. കാരണം: ‘അസ്സലാഹ് ’ എന്നാൽ നമസ്ക്കാരമെന്നും “അസ്സലാ” എന്നാൽ കഠിന തീ എന്നുമാണ് ഭാഷയിലർത്ഥം. അപ്പോൾ നമസ്ക്കാരമാണുദ്ദേശമെങ്കിൽ ‘ഇലാ’ അല്ലെങ്കിൽ ‘ഹലാ’ എന്നും തീയാണുദ്ദേശമെങ്കിൽ ‘അലാ’ എന്നു മാത്രവുമാണ്. പ്രയോഗിക്കേണ്ടത്. അത് അബൂഹുറയ്റക്കും നന്നായറിയാവുന്ന കാര്യമാണ്. അത്കൊണ്ട് തന്നെയായിരിക്കണം മേൽപറഞ്ഞ ദ്വയാർത്ഥത്തിന്ന് പറ്റിയ “അലാ” എന്ന പ്രയോഗം തന്നെ താൻ പ്രചാരപ്പെടുത്താൻ കാരണമായതും.

# ദഹിക്കാത്ത വിഷയം

1350 വർഷങ്ങളായി അറേബ്യയിൽ ജനിച്ചു വളർന്ന അറബീപണ്ഡിതൻമാരുടെ ശ്രദ്ധയിൽപോലും ഇക്കാലംവരെ പെട്ടിട്ടില്ലാത്ത ഭാഷാവൈകല്യങ്ങളും ന്യൂനതകളുമൊക്കെ കേവലം ഒരു മലയാളിയായ ചേകനൂർ മൗലവിയുടെ ശ്രദ്ധയിൽപെട്ടു എന്ന് വന്നാൽ അതെങ്ങിനെ വിശ്വസിക്കാനാകുമെന്നതാണ് പൊതുവെ എല്ലാവരേയും അലട്ടിക്കൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. അതൊരു പ്രശ്നമാണെന്നകാര്യം ഈയുള്ളവനും അംഗീകരിക്കുന്നു. പക്ഷെ, 1350 വർഷം മുമ്പ് മുതൽ ഇന്നേവരെയുള്ള അബുഹുറയ്റാതാവഴിക്കാരായ അറബീപണ്ഡിതൻമാരുടെ ശരിയായ ചരിത്രം പഠിച്ചാൽ മേൽപറഞ്ഞ പ്രശ്നം ഒരു പ്രശ്നമല്ലാതായിത്തീരുമെന്നാണ് എനിക്ക് പറയാനുള്ള മറുപടി. കാരണം : അബൂഹുറയ്റാതാവഴിക്കാരായ അറബീപണ്ഡിതന്മാർ ഏകകണ്ഠമായി നിലനിർത്തിപ്പോന്ന ബുദ്ധിശൂന്യതകളും വിവരക്കേടുകളും പഠിച്ചറിഞ്ഞ ആർക്കുംതന്നെ മേൽവിവരിച്ചതരം വിവരക്കേടുകളെപറ്റി അവർ ശ്രദ്ധിക്കാതിരുന്നതിൽ ഒട്ടും അൽഭുതപ്പെടേണ്ടതില്ല. ആയതിന്ന് ധാരാളം തെളിവുകൾ മുമ്പ് നാം സ്ഥാപിച്ചുപോയിട്ടുണ്ട്. വേണമെങ്കിൽ ഉദാഹരണത്തിന്ന് ചിലതിവിടെ ഉദ്ധരിക്കുകയും ചെയ്യാം.

1. അഭിവാദ്യം ചെയ്യുമ്പോൾ അസ്സലാമുഅലൈക്കും എന്നല്ല “സലാം അലൈക്കും”



എന്നാണ് പറയേണ്ടതെന്ന് ഖുർആൻ 35 തവണ നമ്മെ പഠിപ്പിച്ചു. പക്ഷേ “അസ്സലാമു അലൈക്കും” എന്ന ജൂതശൈലിമാത്രം അബൂഹുറയ്റ പ്രചാരപ്പെടുത്തിയപ്പോൾ തന്റെ താവഴിക്കാരായ സകല അറബീപണ്ഡിതന്മാരും അബൂഹുറയ്റയുടെ ആ ശൈലിമാത്രം സ്വീകരിക്കുകയാണ് ചെയ്തത്. ഖുർആൻ 35 തവണ പറഞ്ഞ ശൈലി ഇക്കാലംവരെ അവർ ശ്രദ്ധിക്കുകയോ സമുദായത്തെ അത് പഠിപ്പിക്കുകയോ ചെയ്തില്ല. അബൂഹുറയ്റയുടെ ജൂതഭാഷയും ഖുർആനിന്റെ ശുദ്ധശൈലിയും തമ്മിൽ വേർതിരിക്കാൻ അവർ ഇക്കാലംവരെ ശ്രമിച്ചില്ലെന്നല്ലേ അത് തെളിയിക്കുന്നത്.

2. നമസ്ക്കാരത്തിൽ “ബിസ്മി” ഉറക്കെ ചൊല്ലാൻ പാടില്ലെന്നും ജൂതപ്രാർത്ഥനയായ ‘ആമീനാ’ണ് ഉറക്കെ ചൊല്ലേണ്ടതെന്നും അബൂഹുറയ്റ ശക്തിയായി പ്രചരിപ്പിച്ചു. അതിന്റെ പിന്നിലുള്ള ജൂതലക്ഷ്യം ഒറ്റ അറബിപണ്ഡിതനും ഇക്കാലംവരെ കണ്ട് പിടിക്കുകയുണ്ടായില്ല. ആമീൻ എന്നപദം അറബി ഭാഷയിലേപെട്ടതല്ലെന്നും അത് ജൂതന്മാരുടെ പ്രാർത്ഥനാപദമാണെന്നും പ്രാർത്ഥനക്ക് പറ്റിയ നല്ല പദമല്ല അതെന്നും അതുകൊണ്ടാണ് ഖുർആനത് പറ്റെ ബഹിഷ്ക്കരിച്ചതെന്നുമൊക്കെ മനസ്സിലാക്കാൻ അബൂഹുറയ്റാകമ്പനിയിൽപ്പെട്ട ഒറ്റ അറബീ പണ്ഡിതന്നും ഇക്കാലം വരെ കഴിഞ്ഞിട്ടില്ലെന്ന് താൽപര്യം. ഇതും അവരെല്ലാം തനി അനുകരണമൂർത്തികളായിരുന്നുവെന്നതിന്റെ ഏറ്റവും വലിയ തെളിവല്ലേ?, എന്നാണ് നമുക്ക് ചോദിക്കുവാനുള്ളത്.

3. “അൽമസീഹ്” എന്നുപറഞ്ഞാൽ ഈസാനബി എന്നുമാത്രമാണ് ഖുർആനിന്റെ ഭാഷയിൽ അർത്ഥമെന്നും അപ്പോൾ “അൽമസീഹുദ്ദജ്ജാൽ” എന്നതിന്ന് ‘പെരുങ്കള്ളനായ ഈസാനബി’ എന്നാണർത്ഥം വരിക എന്നും അതിനാൽ സകല മുസ്ലിംകളെക്കൊണ്ടും നമസ്ക്കാരത്തിൽ അങ്ങിനെ ചൊല്ലിക്കണമെന്ന് അബൂഹുറയ്റ: പഠിപ്പിച്ചത് തന്റെ ജൂതത്തരംകൊണ്ടു മാത്രമാണെന്നും മനസ്സിലാക്കാൻ അറേബ്യയിൽ ജനിച്ചുവളർന്ന ഏതെങ്കിലും അറബീപണ്ഡിതൻമാർക്ക് കഴിയുകയുണ്ടായോ? അതില്ലെന്നതിന്ന് അവരുടെ എല്ലാ മഹാഭാരതങ്ങളും സാക്ഷിയല്ലേ? ഒരു മകൾക്കും ഒരു മകന്റെ മകൾക്കും നബി അവകാശം കൊടുത്തപ്പോൾ രണ്ട് മകളും രണ്ട് മകന്റെ മകളുമായാൽ അവകാശമില്ലെന്നും 40 ആടിന്ന് ഒരാടാണ് സകാത്തെങ്കിൽ 80 ആടിന്നും 120 ആടിന്നും ഒരാട് തന്നെമതി എന്നും മലവിസർജ്ജനം ചെയ്താൽ ആസനം കഴുകൽ തീരെ നിർബ്ബന്ധമില്ലെന്നും കയ്യും കാലും കഴുകലാണ് വലിയ നിർബ്ബന്ധമെന്നുമൊക്കെ ഏകകണ്ഠമായി തീരുമാനിച്ച ബുദ്ധിഹീനരും – ചിന്താശൂന്യരും അറേബ്യയിൽ ജനിച്ചുവളർന്നവരുമായ അറബീപണ്ഡിത

ന്മാർക്ക്- “ആമീനി” ലും “അസ്സലാമി ” ലുമെല്ലാമുള്ള ജൂതായിസങ്ങളിൽ ഒന്നെങ്കിലും കണ്ട് പിടിക്കാൻ ഇക്കാലംവരെ കഴിഞ്ഞിട്ടില്ലാത്ത അബൂഹുറയ്റ:യുടെ “റാൻമൂളി” കൾക്ക് - ബാങ്കിന്റെ വചനങ്ങളിൽ അബൂഹുറയ്റ കുത്തിച്ചെലുത്തിയ ജൂതായിസങ്ങളൊന്നും കണ്ടുപിടിക്കാൻ കഴിയാതെ പോയെങ്കിൽ അതിലെന്താണൽഭുതപ്പെടാനുള്ളത്. ഒന്നുമില്ല. അത് കേവലം സ്വഭാവികം മാത്രമാണെന്ന്മനസ്സിലാക്കിയാൽ മതി. ഖുർആനിന്റെ അവതരണകാലത്തെ ശുദ്ധ അറബീസാഹിത്യത്തെപറ്റി ആഴത്തിൽ പഠിപ്പിച്ചവർക്കൊക്കെ ശരിക്കും ബോധ്യപ്പെടുന്ന കാര്യങ്ങളാണ് മേൽവിവരിച്ചതെല്ലാമെന്ന് മാന്യവായനക്കാരെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. “ഹയ്യഅലാ” യെന്ന പദപ്രയോഗത്തിൽ മേൽപറഞ്ഞ ന്യൂനതകളുണ്ടായത്കൊണ്ടും അതൊരു കാട്ടറബിപ്രയോഗമായതുകൊണ്ടുമായിരിക്കണം ഖുർആനിൽ ആ പദം ഒരിക്കലും പ്രയോഗിക്കാതിരുന്നത്. എട്ട് സ്ഥലങ്ങളിൽ ക്ഷണിക്കേണ്ട സന്ദർഭം വന്നപ്പോൾ “ഹയ്യ” എന്നതിന്ന് പകരം ‘തആല’ എന്ന പദം മാത്രമാണ് ഖുർആൻ തെരഞ്ഞടുത്തത്. അതെല്ലാം ശരിക്കറിയാവുന്ന അബൂഹുറയ്റ ‘തആല’ എന്ന ഖുർആനികപദം പറ്റെ ബഹിഷ്ക്കരിച്ചുകൊണ്ട് തന്റെ യമൻഭാഷയിലെ “ഹയ്യ” എന്ന കാട്ടറബീപദം മാത്രം തെരഞ്ഞെടുത്തതും തന്റെ ഖുർആൻ വിരോധത്തിന്ന് വ്യക്മായ തെളിവാണെന്നതിൽ സംശയമില്ല.

160 ഓളം ആയത്തുകൾക്ക് കടകവിരുദ്ധമായ ഒരു കള്ള മുദ്രാവാക്യം - മുസ്ലിം സമുദായത്തെ കാലാകാലം വഞ്ചിക്കാനുതകുന്ന ഒരു കപടമുദ്രാവാക്യം - കുത്തിത്തിരുകികൊണ്ടുമാണ്, നബിയുടെയും നാലു ഖലീഫമാരുടെയും കാലശേഷം- മുആവിയയുടെ ഖുർആൻവിരുദ്ധ ഭരണകാലത്ത് അബൂഹുറയ്റ: തന്റെ ജൂതബുദ്ധി ഉപയോഗിച്ച്കൊണ്ട് അത്തഹിയ്യാത്തുണ്ടാക്കിയതുപോലെ ബാങ്കും ഇഖാമത്തും നെയ്തുണ്ടാക്കിയതും താൻതന്നെ മദീനത്തെ പള്ളിയിൽവെച്ചാദ്യമായത് നടപ്പിലാക്കിയതുമൊക്കെ, എന്ന് മുസ്ലിംകളാകുന്ന നാം ഇനിയെങ്കിലും മനസ്സിലാക്കേണ്ടിയിരിക്കുന്നു. വിജയത്തിന്ന് കാരണമായി ഖുർആൻ എടുത്തുപറഞ്ഞ സകാത്ത്പോലുള്ള സാമൂഹ്യസേവനത്തേക്കാൾ 70 ഡിഗ്രി താഴെയാണ് നമസ്ക്കാരമെന്ന് ഖുർആൻതന്നെ വ്യക്തമായി പഠിപ്പിച്ചിട്ടും നമസ്ക്കാരം കൊണ്ടു മാത്രം വിജയമില്ലെന്ന് ഖുർആൻ ആവർത്തിച്ച് തെളിവ് നൽകിയിട്ടും **നമസ്ക്കാരംകൊണ്ടുതന്നെ വിജയമുണ്ടെന്ന ഖുർആൻ വിരുദ്ധ മുദ്രാവാക്യം** ലോകജനകോടികളെ മുഴുൻ വിശ്വസിപ്പിക്കത്തക്കവണ്ണം ബാങ്കിലും ഇഖാമത്തിലുമായി 15 തവണ, ഒറ്റക്ക് നമസ്ക്കരിക്കുകയാണെങ്കിൽപോലും എല്ലാവരും ഉരുവിട്ടുകൊണ്ടിരിക്കണമെന്നും, മരുഭൂമിയിൽവെച്ചായാലും ഉറക്കെ ബാങ്ക് വിളിക്കണമെന്നും (ബുഖാരി, മുസ്ലിം) എന്നല്ല



ഓരോ കുട്ടിയും ജനിച്ചുവീഴുമ്പോഴേക്കും ആ കുട്ടികളുടെയെല്ലാം ചെവികളിൽ ആദ്യമായി ആ കപട മുദ്രാവാക്യം ഉറക്കെ ചൊല്ലികേൾപ്പിക്കണമെന്നും മറ്റും നിയമാക്കിയ അബൂഹുറയ്റാ കമ്പനിക്കാർ ചില്ലറക്കാരല്ലെന്ന് നാം സമ്മതിക്കുകതന്നെ വേണം. നബിയുടെ കാലത്തൊന്നും ബാങ്കുവിളിയുണ്ടായിരുന്നില്ലെന്നതിന്ന് വ്യക്തമായ തെളിവുകൾ വേറെയുമുണ്ട്.

1. മക്കക്കാരുടെയും, മദീനക്കാരുടെയും ബാങ്ക് പൂർവ്വകാലങ്ങളിൽ രണ്ട് രൂപത്തിലായിരുന്നു.
2. ശീആക്കളുടെ ബാങ്ക് മറ്റൊരു രൂപത്തിലുമായിരുന്നു. “ഹയ്യ അലാഖൈരിൽ അമൽ” (ഏറ്റവും മുന്തിയ പുണ്യകർമ്മത്തിലേക്ക് ഓടിവാ) എന്ന മറ്റൊരു കള്ളത്തരവും കൂടി ആദ്യകാലത്തവർ ബാങ്കിൽ വിളിച്ചുപറയാറുണ്ടായിരുന്നുവെന്ന് പ്രബലമായ ചരിത്രരേഖകളിൽ കാണുന്നുണ്ട്.
3. സുബ്ഹി നമസ്ക്കാരത്തിലെ ബാങ്കിൽ “അസ്സ്വലാത്തുഖൈറും മിനന്നൗം” എന്ന ഒരു കള്ളവും കൂടി പ്രഭാതത്തിന് മുമ്പ് വിളിച്ചുപറയണമെന്ന് മാലികികളും ഹമ്പലികളും ശാഫിയുടെ അനുയായികളും പറയുമ്പോൾ ശാഫിയും ഹനഫീമദ്ഹബുകാരും മറ്റും പറയുന്നത് ആ നുണ തീരെ വിളിച്ചുപറയാൻപാടില്ലെന്നാണ്.
4. ഒരു വസ്തുവിന്റെ നിഴൽ അതിന്റെത്രയാകുമ്പോഴായിരുന്നു ആദ്യകാലം മുതൽ അസറ്ബാങ്കെന്ന് ശാഫികളും മാലിക്കികളും ഹമ്പലികളുമൊക്കെ പറയുമ്പോൾ അല്ല, നിഴൽ രണ്ടത്രയാകുമ്പോഴായിരുന്നു അസറ്ബാങ്കെന്നാണ് ഹനഫികളുടെയും ശീആക്കളുടെയും ഏകകണ്ഠമായ മദഹബ്.
5. വെള്ളിയാഴ്ച രണ്ട് ബാങ്കുണ്ടെന്ന് ബഹുഭൂരിപക്ഷവും പറയുമ്പോൾ അതില്ല ഒരു ബാങ്ക് മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നാണ് ഹമ്പലികളുടെയും ചില ശാഫികളുടെയും വാദം. തഹ്ജ്ജുദിന്നുവേണ്ടി പാതിരിക്കൊരു ബാങ്കുണ്ടെന്ന് മൂന്ന് മദഹബുകാരും പറയുമ്പോൾ അങ്ങിനെയൊരു ബാങ്ക് നബിയുടെ കാലത്തൊരിക്കലുമുണ്ടായിരുന്നില്ലെന്നാണ് ഹനഫികളും മറ്റും ഉറച്ചു വാദിക്കുന്നത്.

ആകെയാൽ: നബിയുടെ കാലത്ത് മദീനത്തെപള്ളിയിൽ നിന്ന് ദിനംപ്രതി അഞ്ച്നേരം - തഹജ്ജുദിന്റേതടക്കം 6നേരം - ബിലാലിനെപ്പോലുള്ളവർ ബാങ്ക് വിളിച്ചിരുന്നു എന്ന് പറയുന്നത് ശുദ്ധനുണയും മന:പൂർവ്വം കെട്ടിപ്രചരിപ്പിച്ച വെറും കള്ളക്കഥയുമാണെന്നതിന്റെ ഏറ്റവും മുന്തിയ തെളിവുകളാണ് മേൽവിവരിച്ചതൊക്കെയും. ദിനംപ്രതി അഞ്ച്നേരവും സ്വഹാബികളെല്ലാം കേട്ടുകൊണ്ടിരുന്ന ബാങ്കിന്റെ വചനങ്ങൾപോലും വ്യത്യാസത്തോടും വൈരുദ്ധ്യത്തോടും കൂടിയല്ലാതെ

- സമയംപോലും അട്ടിമറിച്ചിട്ടല്ലാതെ - ഒരേകീകൃതരൂപത്തിൽ ഒന്നാം നൂറ്റാണ്ടിലെ
ങ്കിലും നിലനിന്നിരുന്നതായി ഇന്നേവരെ തെളിയിക്കപ്പെട്ടിട്ടില്ലെന്ന് വരുമ്പോൾ നബി
യുടെ കാലം മുതൽ നിലനിന്നുപോന്നിരുന്ന മുതവാത്തിറായ മാതൃകയാണിന്നത്തെ
ബാങ്കെന്ന് തലക്ക് വെളിവുള്ളവരാരെങ്കിലും പറയുമോ? എന്നാണ് നമുക്ക് ചോദി
ക്കാനുള്ളത്. അതല്ലെങ്കിൽ ഏറ്റവുമധികം പരസ്യമാക്കി ചെയ്യപ്പെട്ടിരുന്ന നബിച
ര്യപോലും അലങ്കോലപ്പെടുത്താനും അട്ടിമറിക്കാനും യാതൊരു മടിയും ഭയവുമി
ല്ലാത്തവരായിരുന്നു സഹാബികളും താബിളകളുമൊക്കെ എന്ന് അബൂഹുറയ്റാ
കമ്പനിക്കാരെല്ലാം തുറന്ന് സമ്മതിക്കേണ്ടിവരും. അതിന്നവർ തയ്യാറാകുമോ? ആകു
മെങ്കിൽ അവരുടെ കള്ളഹദീസുകളുടെ 'മഹാഭാരത'ങ്ങളിൽ നിന്നെല്ലാം സമുദാ
യത്തിന് ഒറ്റയടിക്ക് മോചനം ലഭിക്കുകയും അത് സമുദായത്തിന്ന് വലിയൊരാഗ്രഹ
മായിത്തീരുകയും ചെയ്യുമായിരുന്നു.

## 'ഹയ്യഅലൽ ഫലാഹി'ലും ജൂതപരിഹാസമുണ്ട്

നമസ്ക്കരിക്കുന്നവർക്കെല്ലാം മോക്ഷമുണ്ടെന്ന ഖുർആൻ വിരുദ്ധസി
ദ്ധാന്തം പ്രചരിപ്പിക്കാൻ വേണ്ടിയാണല്ലോ "ഹയ്യഅല്ലസ്സ്വലാത്തി" നോടൊപ്പം "ഹയ്യ്
അൽഫലാഹും" കൂടി വിളിച്ചുപറയാൻ അബൂഹുറയ്റ തീരുമാനിച്ചത്. എന്നാൽ
പ്രസ്തുത സിദ്ധാന്തം പ്രചരിപ്പിക്കാൻ പറ്റിയ ശരിയായപദം "നജാത്ത്" എന്നപദ
മായിരുന്നു. മോക്ഷമെന്ന അർത്ഥത്തിൽ ഖുർആൻ പ്രയോഗിച്ച പദവുമതാണ്.
"ഫലാഹ്" എന്നപദം ഖുർആനൊരിക്കലും പ്രയോഗിച്ചിട്ടേയില്ല. ആ ധാതുവിൽ
നിന്നുള്ള മറ്റുപല രൂപഭേദങ്ങളും പ്രയോഗിക്കാറുണ്ടെന്ന്മാത്രം. എന്നിരിക്കുമ്പോൾ
ഖുർആനിന്റെ അടിസ്ഥാനത്തിൽ ബാങ്കിന്റെ വചനങ്ങൾ ക്രമപ്പെടുത്തുകയാണെ
ങ്കിൽ "ഹയ്യഅലൽഫലാഹി" ന്ന് പകരം "ഹയ്യഇലന്നജാഹ്" എന്നാണ് പറയേണ്ടി
യിരുന്നത്. അതല്ലെങ്കിൽ "ഹയ്യഹലൽ ഫലാഹ്" എന്നോ "ഹയ്യ ഇലൽഫലാഹ്"
എന്നോ പറഞ്ഞിരുന്നാലും വലിയ തെറ്റുണ്ടായിരുന്നില്ല. അപ്പോൾ അങ്ങിനെ
യൊന്നും പറയാതെ "ഹയ്യഅലൽഫലാഹ് " എന്ന്തന്നെ പറയണമെന്ന് അബൂ
ഹുറയ്റ: തീരുമാനിച്ചതിൽ മറ്റൊരു ജൂതത്തരവും കൂടി താൻ ലക്ഷ്യം വെച്ചിട്ടു
ണ്ടെന്ന് വ്യക്തമാണ്. അതെന്തെന്നല്ലേ "ഫലാഹ് " എന്നപദം ജൂതന്മാർക്ക് നമ്മളെ
പരിഹസിക്കാൻ പറ്റിയ ദ്വയാർത്ഥമുള്ള ഒരു പദമാണ്. അതായത്: ഫലാഹ് എന്ന



തിന്ന് വിജയം എന്നർത്ഥമുള്ളത്പോലെത്തന്നെ "അത്താഴം "എന്നർത്ഥവും
അതിന്റെ സർവ്വസാധാരണമായ മറ്റൊരർത്ഥമാണ്. ആ അർത്ഥത്തിൽ ആ പദം
പ്രയോഗിച്ച ഹദീസുകൾ ബുഖാരിയിലും മുസ്ലിമിലും മറ്റും ധാരാളമുണ്ട് അപ്പോൾ
അബൂഹുറയ്റയെപ്പോലുള്ള ജൂതമുനാഫിഖുകൾ നമ്മളോടായി "ഹയ്യഅലൽഫ
ലാഹ്" എന്ന് വിളിച്ചുപറഞ്ഞാൽ "അത്താഴമുണ്ണാൻ ഓടിവരിനെടാ "എന്ന പരിഹാ
സാർത്ഥമാണുദ്ദേശിക്കുക. ദ്വയാർത്ഥപ്രകാരമാണെങ്കിലും ബാങ്കിലൂടെയും ഇഖാമ
ത്തിലൂടെയുമെല്ലാം "തീയിൽചാടാൻ ഓടിവരിനെടാ "എന്നും "അത്താഴമുണ്ണാൻ
ഓടിവരിനെടാ "എന്നുമൊക്കെ വിളിച്ചുപറയുന്നത് നമ്മെ പരിഹസിക്കലല്ലാതെ
മറ്റെന്താണ്. ഇത്തരത്തിൽ നബിയേയും മുസ്ലിംകളേയും പരിഹസിക്കാൻവേണ്ടി
അതിന്ന് പറ്റിയ ദ്വയാർത്ഥ പദങ്ങളുപയോഗിക്കൽ ജുതൻമാരുടെ സ്ഥിരം തൊഴി
ലായിരുന്നുവെന്ന് അബൂഹുറയ്റാ താവഴിക്കാർതന്നെ ധാരാളം രേഖപ്പെടുത്തീട്ടു
മുണ്ട്. എന്നല്ല ഖുർആൻതന്നെ അതുണർത്തിയിട്ടുമുണ്ട്. അബൂഹുറയ്റയുടെ
പ്രയോഗങ്ങളിൽ അതെപ്പോഴും പ്രകടമായി കാണുന്നുമുണ്ടല്ലോ. അതായത്: തെറ്റായ
യാതൊരർത്ഥത്തിന്നും പരിഹാസത്തിന്നും പഴുതില്ലാത്തവിധത്തിലുള്ള ഖുർആ
നിന്റെ ഉത്തമമായ പ്രയോഗങ്ങളോരോന്നും മനഃപൂർവ്വം ബഹിഷ്ക്കരിച്ചുകൊണ്ട്
തെറ്റായഅർത്ഥം ധ്വനിപ്പിക്കാവുന്ന ദ്വയാർത്ഥമുള്ള പ്രയോഗങ്ങൾമാത്രം ബാങ്കിലും
ഇഖാമത്തിലും അത്തഹിയ്യാത്തിലുമൊക്കെ തെരഞ്ഞെടുക്കുകയാണ് അബൂഹു
റയ്റ: ചെയ്തിരിക്കുന്നത്. എന്ന് വരുമ്പോൾ താനൊരു ജൂതമുനാഫിഖാണെന്ന
കാര്യത്തിൽ എന്താണ് സംശയിക്കാനുള്ളത്. ഒന്നുമില്ല, ഖുർആനികപ്രയോഗങ്ങ
ളോട് വെറുപ്പും ജൂതപ്രയോഗങ്ങളോടിഷ്ടവും കാണിക്കുന്നവൻ മുനാഫിഖല്ലാതെ
മറ്റാരാണാവുക.

## ശഹാദത്ത് പകുതി കക്കൽ പരിപാടി അബൂഹുറയ്റ ബാങ്കിലും നടപ്പിലാക്കി!

### അബൂഹുറയ്റ:യുടെ മുരടുറച്ച ജൂതായിസം !

ഇസ്ലാമിന്റെ അടിസ്ഥാനാദർശങ്ങളും വിലപ്പെട്ട മുദ്രാവാക്യങ്ങളും സ്ഥിര

മായി വിളംബരം ചെയ്യലാണ് ബാങ്കിലുള്ളതെന്നാണല്ലോ നമ്മുടെയെല്ലാം വിശ്വാസം. എന്നാൽ 160ഓളം ആയത്തുകളിലൂടെ ആവർത്തിച്ചുറപ്പിക്കപ്പെട്ട ഇസ്ലാമിന്റെ ഏറ്റവും മുന്തിയ ഒരടിസ്ഥാനസിദ്ധാന്തത്തെ പറ്റെ തരിപ്പണമാക്കിയ ഒരു കപടമുദ്രാവാക്യമാണ് ദിനംപ്രതിയുള്ള അഞ്ച്നേരത്തെ ബാങ്കിലൂടെ മുസ്ലിംജനകോടികളെ സ്ഥിരം കേൾപ്പിച്ചുകൊണ്ടിരിക്കുന്നതെന്നാണ് ഈ ഗ്രന്ഥത്തിൽ മുമ്പ് നാം സമർത്ഥിച്ചുപോയത്. അതിലൊട്ടും മോശമല്ലാത്ത മറ്റൊരു ജൂതായിസവും കൂടി ബാങ്കിന്റെയും ഇഖാമത്തിന്റെയും അവസാനത്തിലുണ്ടെന്ന് താഴെവിവരിക്കാം. അതെന്തെന്ന് ശ്രദ്ധിക്കുക.

നബിയെക്കൊണ്ടുള്ള ശഹാദത്ത് തഞ്ചം കിട്ടുമ്പോഴെല്ലാം കക്കൽ അബൂഹുറയ്റയുടെ ജൂതസ്വഭാവത്തിൽപെട്ടതാണെന്നും ബുഖാരിമുസ്ലിമിന്റെ "മുത്തഫഖ് അലൈഹി "യായ ധാരാളം ഹദീസുകൾ അതിന്ന് വ്യക്തമായ ദൃഷ്ടാന്തങ്ങളാണെന്നുമൊക്കെ "ഖുർആനിൽ നമസ്ക്കാരത്തിന്നുള്ള സ്ഥാനം "എന്ന എന്റെ മുൻഗ്രന്ഥത്തിൽ - 69-ാം പേജിൽ - വേണ്ടത്ര സ്ഥാപിച്ചുപോയതാണ്. അതേ പരിപാടി തന്നെയാണ് ബാങ്കിലും ഇഖാമത്തിലും അബൂഹുറയ്റ ഒപ്പിച്ചിരിക്കുന്നതും. അതെങ്ങിനെ എന്നാൽ-

മുസ്ലിംകളോട് ജൂതന്മാർക്ക് യോജിപ്പുള്ള ഏക ശഹാദത്ത് "ലാഇലാഹഇല്ലല്ലാഹു"എന്നത് മാത്രമായിരുന്നു. "മുഹമ്മദുർറസൂലുല്ലാഹി "എന്നത് അവർക്കൊരിക്കലും സ്വീകാര്യമായിരുന്നില്ലെന്ന് സാരം. അതിനാൽ മുസ്ലിംകളുടെ മരണസമയത്തുപോലും "ലാഇലാഹഇല്ലാഹു "എന്നല്ലാതെ "മുഹമ്മദുർറസൂലുല്ലാഹി "എന്നൊരിക്കലും ചൊല്ലിക്കൊടുക്കേണ്ടതില്ലെന്നാണല്ലോ അബൂഹുറയ്റാ കമ്പനിക്കാർ ഇക്കാലം വരെ മുസ്ലിംകളെ പഠിപ്പിച്ചിരിക്കുന്നത്. അതേ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽതന്നെയാണ് ബാങ്കിന്റെയും ഇഖാമത്തിന്റെയും അവസാനത്തിൽനിന്ന് "മുഹമ്മദുർറസൂലുല്ലാഹി "എന്ന ശഹാദത്ത് താൻ മനഃപൂർവ്വം വിട്ടുകളഞ്ഞിരിക്കുന്നതും. അത് രണ്ടിന്റേയും ആദ്യത്തിൽ നബിയെക്കൊണ്ടുള്ള ശഹാദത്ത് പറഞ്ഞുപോയതിനാലാണ് അവസാനം അത് വേണ്ടെന്ന് വെച്ചതെന്ന് പറയുന്നത് കേവലം കാപട്യമാണ്. പാവപ്പെട്ട മുസ്ലിം സാധാരണക്കാരുടെ കണ്ണിൽ പൊടിയിടുവാനാണത്. കാരണം ആദ്യം പറഞ്ഞത് അവസാനം ആവർത്തിക്കേണ്ടതില്ലെന്നാണ് വാദമെങ്കിൽ, ജൂതൻമാർക്ക് തീരെ തർക്കമില്ലാത്ത തക്ബീറും "ലാഇലാഹ ഇല്ലല്ലാഹു "എന്ന 'തഹ് ലീലും' പിന്നീടാവർത്തിക്കേണ്ട ആവശ്യമെന്തെന്നാണ് നമ്മുടെചോദ്യം. ഇനി "അടിസ്ഥാന ശഹാദത്താ "വർത്തിച്ചാൽ മതി എന്നും "അനുബന്ധ ശഹാദത്താ "വർത്തിക്കേണ്ടതില്ലെന്നുമാണ് വാദമെങ്കിൽ ബാങ്കിന്റെ ആദ്യ



ത്തിൽ അത് രണ്ടും ഒരുപോലെ ആവർത്തിക്കാൻ കാരണമെന്തെന്നാണ് രണ്ടാമത്തെ ചോദ്യം. അപ്പോൾ ആദ്യത്തിലൊക്കെ ഒപ്പത്തിനൊപ്പം ആവർത്തിക്കാമെന്നും പക്ഷേ, അവസാനം വരുമ്പോൾ അത് പറ്റെ തൂത്തെറിയണമെന്നും തീരുമാനിച്ചത് തനി ജൂതരല്ലാതെ മറ്റെന്താണ് ? ഒറ്റ പുരോഹിതനും അതിനെ ന്യായീകരിക്കുകയില്ല തീർച്ച. കാരണം: ബാങ്കിന്റെ ആദ്യത്തിൽ തക്ബീർ 4 തവണ ആവർത്തിച്ച സ്ഥാനത്ത് അവസാനം അത് രണ്ട് തവണ ആവർത്തിക്കണമെന്ന് വെച്ചല്ലോ. അതനുസരിച്ച് രണ്ട് തവണ വീതം ആദ്യം ആവർത്തിച്ച ശഹാദത്ത്, അവസാനം ഓരോ തവണവീതം പറയണമെന്ന് വെക്കലല്ലേ നീതി? എന്നിരിക്കെ ബാങ്കിന്റെയും ഇഖാമത്തിന്റെയും അവസാനം ശഹാദത്തിന്റെ പകുതി പറഞ്ഞുകൊണ്ട് നബിയുടെ പേരിലുള്ള ശഹാദത്ത് മാത്രം പറ്റെ വിട്ടുകളയുകയാണ് അബൂഹുറയ്റഃ ചെയ്തത്. ഇത് ശഹാദത്തിൽ താൻ സ്ഥിരം ചെയ്യാറുള്ള തനിജൂതത്തരമാണെന്നതിൽ സംശയമില്ല.

## അവസാനം വിട്ടതിലെന്നപോലെ ആദ്യം കൂട്ടിയതിലും കടുത്ത ജൂതായിസമുണ്ട്

നബിയെക്കൊണ്ടുള്ള ശഹാദത്ത് പറയുന്നതിൽ അബൂഹുറയ്റക്ക് വിരോധമുണ്ടെങ്കിൽ പിന്നെ, ബാങ്കിന്റെ ആദ്യത്തിലും തനിക്കത് പറയേണ്ടതില്ലായിരുന്നല്ലോ. അപ്പോൾ മേൽ ആരോപണം ഒട്ടും ശരിയല്ലെന്നല്ലേ അത് തെളിയിക്കുന്നതെന്നായിരിക്കും പലരുടെയും ചോദ്യം. അതിനാൽ ബാങ്കിന്റെ ആദ്യത്തിൽ പതിവിന്ന് വിപരീതമായി നബിയുടെ പേരിലുള്ള ശഹാദത്ത് അബൂഹുറയ്റ ഭംഗിയായി ആവർത്തിച്ചതിന്റെ രഹസ്യമെന്തെന്നുകൂടി കണ്ടുപിടിക്കൽ വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതാണു താഴെ വിവരിക്കുന്നതും.

ഇസ്ലാംമതപ്രബോധനത്തിന്റെ കേന്ദ്രങ്ങളായ പള്ളികളിലേക്ക് ഖുർആൻപ്രഭാഷണം കേൾക്കാനോ നമസ്ക്കാരത്തിൽ പങ്ക് ചേരാനോ ആര് തന്നെ വരികയാണെങ്കിലും അവരെ തടയാനോ നിയന്ത്രിക്കാനോ ഒരിക്കലും പാടില്ലെന്നതാണ് ഖുർആനിന്റെ നിയമം. മക്കയും മദീനയുമൊക്കെ ഇസ്ലാം ജയിച്ചടക്കിയശേഷം നബിയുടെ ആസ്ഥാനമായിരുന്ന മദീനത്തെ പള്ളിയിലേക്ക് മതം പഠിക്കാനായി അറേബ്യ

യുടെ നാനാഭാഗത്ത് നിന്നും വമ്പിച്ച ജനപ്രവാഹമുണ്ടായിരുന്നതായി ഖു: 110ഉം മറ്റും സൂചിപ്പിക്കുന്നുണ്ടല്ലോ. അഹ്‌ലുൽഹദീസുകാരും മറ്റു ചരിത്രകാരന്മാരും അതെല്ലാം വേണ്ടത്ര രേഖപ്പെടുത്തിട്ടുമുണ്ട്. ആ വന്നിരുന്നവരേതാനും കൃസ്ത്യാനികളോ മുശ്‌രിക്കുകളോ ജൂതന്മാരോ അവരെപ്പോലുള്ളവരോ ആയിരുന്നെന്ന് എല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. എന്നാൽ അവരെല്ലാം നബിയുടെ ഖുർആൻ ക്ലാസുകളിലോ നമസ്ക്കാരത്തിലോ മറ്റോ പങ്കെടുക്കുവാനായി വരുമ്പോൾ അവരെക്കൊണ്ട് പള്ളിക്ക് പുറത്തുവെച്ച് ശഹാദത്ത് ചൊല്ലിച്ചശേഷമല്ലാതെ അവരെ പള്ളിയിൽ പ്രവേശിപ്പിക്കാൻ പാടില്ലെന്ന നിയമമൊന്നും അന്നുണ്ടായിരുന്നില്ല. അങ്ങിനെയൊരു നിബന്ധന വേണമെന്ന് ഖുർആനൊരിടത്തും സൂചിപ്പിച്ചിട്ടുമില്ല. ഇസ്ലാമിനോടനുഭാവം കാണിക്കാൻ വരുന്നവരെ അകറ്റിവടാനേ അത് വഴിവെക്കുകയുള്ളൂവെന്നത് കൊണ്ടായിരുന്നു അത്. നബിയുടെ പ്രവാചകത്വം അംഗീകരിച്ചിട്ടില്ലാത്ത ജൂത-കൃസ്ത്യരെപ്പോലുള്ള മതവിഭാഗക്കാരെ ഏകദൈവവിശ്വാസം മുതലായ പൊതു ആദർശങ്ങളുടെ അടിസ്ഥാനത്തിൽ ഇസ്ലാമിലേക്ക് ക്ഷണിക്കാനും ആ പൊതുസിദ്ധാന്തങ്ങളിൽ അവരുമായി ഒത്തൊരുമിച്ച് പ്രവർത്തിക്കാനുമാണ് 3:64 ലും മറ്റും ഖുർആൻ ശക്തിയായി ആജ്ഞാപിച്ചിരിക്കുന്നത്. എന്ന് വരുമ്പോൾ മുസ്ലിംകളുടെ ഏതൊരു പള്ളിയിലേക്കും തൗഹീദംഗീകരിച്ചുകൊണ്ട് ഇസ്ലാമികവിഷയങ്ങൾ ശ്രദ്ധിക്കാനായി ആര് തന്നെ കടന്ന് വന്നിരുന്നാലും അവരെ ഒരിക്കലും തടയാൻപാടില്ലെന്നും, മാന്യമായ നിലയിൽ അവരെ സ്വീകരിക്കുകയും അവരാഗ്രഹിക്കുന്നപക്ഷം മുസ്ലിംകളുടെ ഏതൊരാരാധനകളിലും അവരെ പങ്കെടുപ്പിക്കുകയുമാണ് വേണ്ടതെന്നും മാത്രമേ ഖുർആനിന്റെ അടിസ്ഥാനത്തിൽ ആർക്കും പറയാനാവുകയുള്ളൂ. ഇസ്ലാമിലെ പ്രധാനാരാധനയായ നമസ്ക്കാരത്തിലെ സകല മൊഴികളും പ്രാർത്ഥനകളും മേൽപറഞ്ഞ അടിസ്ഥാനത്തിൽ ക്രോഡീകരിക്കപ്പെട്ടതിന്റെ ഒരു രഹസ്യവുമതാണ്. അതായത്: നബിയുടെ പ്രവാചകത്വം തൽക്കാലം അംഗീകരിച്ചിട്ടില്ലാത്ത ഒരു ജൂതനോ കൃസ്ത്യനോ മറ്റോ ആണ് നമ്മുടെ നമസ്ക്കാരത്തിൽ പങ്കെടുക്കാൻ വരുന്നതെങ്കിൽ അത്തരക്കാർക്കുപോലും ഒരു മനഃപ്രയാസവുമില്ലാതിരിക്കാനും അതുവഴി അവരെ ഇസ്ലാമിലേക്കാകർഷിക്കുവാനും വേണ്ടിയാണ് നമ്മുടെ നമസ്ക്കാരത്തിൽ നബിയുടെ പേരിലുള്ള ശഹാദത്ത് പറ്റെ ഒഴിവാക്കാൻ കാരണമായതെന്ന് താൽപര്യം. ഫാത്തിഹായിലും മറ്റും നബിയെപറ്റി തീരെ പറയാതെ അല്ലാഹുവിന്റെ നാമം മാത്രം ആവർത്തിച്ചുകൊണ്ടിരിക്കാൻ കാരണവുമതാണ്. എന്നുവെച്ചാൽ തൗഹീദുള്ള ഏതൊരുമതസ്ഥനും അംഗീകരിക്കാൻപറ്റിയ ഒരുഉത്തമമാതൃകയായിട്ടാണ് നമ്മുടെ നമസ്ക്കാരത്തിന്ന് ഖുർആൻ രൂപം നൽകിയ



തെന്ന് ചുരുക്കം. ഈ യാഥാർത്ഥ്യങ്ങളെല്ലാം ശരിക്കും മനസ്സിലാക്കിയതിനാലും പക്ഷെ, ഇതരമതസ്ഥരെ നമ്മുടെ നമസ്ക്കാരത്തിലേക്കോ ഖുത്തുബയിലേക്കോ ഒരിക്കലും ആകർഷിക്കപ്പെടരുതെന്ന ദുഷ്ടബുദ്ധികൊണ്ടും മാത്രമാണ് സാധാരണ നബിയുടെപേരിൽ ശഹാദത്ത് ചൊല്ലാനിഷ്ടപ്പെടാത്ത ജൂതമുനാഫിഖായ അബൂഹുറയ്റ: ബാങ്കിലും ഇഖാമത്തിലും നമസ്ക്കാരത്തിലും (അത്തഹിയ്യാത്തിൽ) ഖുത്തബയിലുമൊക്കെ നബിയുടെ പേരിലുള്ള ശഹാദത്ത് നിർബ്ബന്ധപൂർവ്വം തുന്നിച്ചേർക്കാനിടയായത്. അല്ലാതെ ഇസ്ലാമിനോടും മുസ്ലിംകളോടും കൂടുതൽ അനുഭാവമുള്ളവർ കൃസ്ത്യാനികളാണെന്ന് ഖുർആൻതന്നെ സൂചിപ്പിച്ചപ്പോൾ ആ അനുഭാവത്തിന്ന് കോടാലിവെക്കാനും അവരെ ഇസ്ലാമിൽനിന്ന് - പ്രത്യേകിച്ച് മുസ്ലിംകളോടൊപ്പം നമസ്ക്കാരത്തിൽ പങ്കുചേരുന്നതിൽനിന്ന് - (പൂർവ്വകാലത്ത് ധാരാളമുണ്ടായിരുന്നു.) പറ്റെ അകറ്റിനിർത്താനും വേണ്ടിയാണ് ''പെരുങ്കള്ളനായ ഈസാനബി'' എന്നർത്ഥം വരുന്ന തരത്തിലുള്ള ഒരു ജൂതപ്രയോഗം - ''അൽമസീഹുദ്ദജ്ജാൽ'' എന്നത് - അബൂഹുറയ്റ: അത്തഹിയ്യാത്തിൽ തന്ത്രപൂർവ്വം ഫിററ് ചെയ്തതും. 'മുഹമ്മദ്നബി സത്യദൂത' നാണെന്നും 'ഈസാനബിപെരുങ്കള്ളനാണെ' ന്നുമൊക്കെ അർത്ഥം വരുന്ന വാക്കുകൾ ഉരുവിടുന്ന ഒരാരാധനയാണ് മുസ്ലിംകളുടെനമസ്ക്കാരമെന്നറിഞ്ഞാൽപിന്നെ ഏത് ക്രിസ്ത്യാനിക്കാണ് ഇസ്ലാമിനോടൊ ഇസ്ലാമിലെ നമസ്ക്കാരത്തോടോ, മുസ്ലിംകളോടൊ വല്ല അനുഭാവവുമുണ്ടാകുക? അതൊരിക്കലുമുണ്ടാവില്ലല്ലോ. നബിയുടെ കാലത്ത് ധാരാളം കൃസ്ത്യാനികൾ ഇസ്ലാമിലേക്കും ഇസ്ലാമികാചാരങ്ങളിലേക്കും ആകർഷിക്കപ്പെട്ടിരുന്ന സ്ഥാനത്ത്, അബൂഹുറയ്റയുടെ മേൽവിവരിച്ച ജൂതത്തരങ്ങളൊക്കെ പ്രചാരത്തിലായശേഷം പൊതുവെ ആകർഷിക്കപ്പെടാതിരിക്കാൻ കാരണമതാണ്. ഖുർആൻ വളരെ ബഹുമാനത്തോടുകൂടി മാത്രമേ ഈസാനബിയെ പരാമർശിച്ചിട്ടുള്ളൂ. എന്നാൽ ജുതനായ അബൂഹുറയ്റ: ഈസാനബിയെ പെരുങ്കള്ളനെന്നുവിളിച്ചു. അത്തഹിയ്യാത്തിൽ സകല മുസ്‌ലിംകളെക്കൊണ്ടും അങ്ങിനെ വിളിപ്പിക്കുകയും ചെയ്തു. ചുരുക്കത്തിൽ വെള്ളിയാഴ്ചകളിലും മറ്റും നമ്മുടെ ഖുർആൻ പ്രഭാഷണമോ നമസ്ക്കാരമോ ശ്രദ്ധിക്കാൻ അമുസ്ലിംകളിലെ അനുഭാവികൾക്കൊരിക്കലും ആഗ്രഹമുണ്ടാവരുതെന്നും ബാങ്കിലൂടെ നബിയുടെ പേര് വിളിച്ചു പറഞ്ഞാൽ പിന്നെ ഒരൊറ്റ അമുസ്ലീമും പിന്നെ ആ വഴിക്ക് തിരിഞ്ഞ്നോക്കുകയില്ലെന്നതിനാൽ ബാങ്കിന്റെ ആദ്യത്തിൽ നബിയുടെ പേരുകൂടി നിർബ്ബന്ധപൂർവ്വം ഉച്ചത്തിൽ വിളിച്ചു പറയണമെന്നും അബൂഹുറയ്റ: തീരുമാനിച്ചു. അതേസമയം അതിന്റെ ഒരു പ്രായശ്ചിത്തമെന്നോണവും ജൂതശഹാ

ദത്തിനോടൊപ്പിച്ചുകൊണ്ടും ബാങ്കിന്റെയും ഇഖാമത്തിന്റെയും അവസാനത്തിൽ നബിയുടെപേരിലുള്ള ശഹാദത്ത് തീരെ പാടില്ലെന്നും വെച്ചു. ഇതാണ് ജൂതമുനാഫിഖിന്റെ ബുദ്ധിപൂർവ്വകമായ ആസൂത്രണം.

ആകയാൽ അബൂഹുറയ്റ: നബിയുടെപേരിൽ ശഹാദത്ത് ചൊല്ലാതിരിക്കുന്നത് കേവലം ജൂതത്തരമാണെന്നത് പോലെത്തന്നെ എപ്പോഴെങ്കിലും താനത് ചൊല്ലുന്നതും കടുത്ത ജൂതത്തരമായിട്ടാണനുഭവപ്പെടുന്നത്. ഇതിനേക്കാൾ വലിയ അത്ഭുതം വേറെവല്ലതുമുണ്ടോ? ഇനി അബൂഹുറയ്റ:യുടെ മറ്റൊരു ജൂതതന്ത്രം ശ്രദ്ധിക്കുക.

# വെള്ളിയാഴ്ച ഖുത്തുബക്ക് വേണ്ടി ബാങ്ക് വിളിക്കുന്നതെന്തിന്ന് ?

വെള്ളിയാഴ്ച ജുമുഅക്ക് വേണ്ടി ഒരു ബാങ്ക് വിളി നടത്തുകയും അതനുസരിച്ചെല്ലാവരും പള്ളിയിൽ സമ്മേളിക്കുകയും ചെയ്തശേഷം പിന്നെയും ഒരു ബാങ്കുവിളി (ഖുത്തുബക്ക് തൊട്ടുമുമ്പ്) നടത്തുന്നതെന്തിനെന്നാണ് പലർക്കും മനസ്സിലാവാത്തത്. ബുദ്ധിയുള്ള ചില അഹ്‌ലുൽഹദീസുകാർപോലും അതിന്റെ ആവശ്യം മനസ്സിലാവുന്നില്ലെന്ന് വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ അബൂഹുറയ്റ: തനിജൂതമുനാഫിഖാണെന്ന് പഠിച്ചറിഞ്ഞ ആർക്കും അതിന്റെ ആവശ്യം മനസ്സിലാക്കാൻ യാതൊരു പ്രയാസവുമില്ല. അതെന്തെന്ന് ശ്രദ്ധിക്കുക.

വെള്ളിയാഴ്ച ജുമുഅ: ഖുത്തുബയിലാണല്ലോ ഖുർആനിന്റെ ആശയാദർശങ്ങളും ഇസ്ലാമിന്റെ അന്തസ്സത്തയുമൊക്കെ വിശദീകരിക്കപ്പെടുക. (അക്കാലങ്ങളിൽ ഖുർആൻ അച്ചടിയിൽ വന്നിട്ടില്ലായിരുന്നുവല്ലോ. അതുകൊണ്ട്, ഖുർആൻ മനഃപാഠമുള്ളവർ നമസ്ക്കാരത്തിലും മറ്റും അത് ചൊല്ലുന്നത് കേട്ടിട്ടുവേണം മറ്റുള്ളവർക്കത് മനസ്സിലാക്കാൻ.) അപ്പോൾ അതൊക്കെ കേൾക്കാനും ശ്രദ്ധിക്കാനും സഹോദരസമുദായത്തിലെ പല സത്യാന്വേഷികൾക്കും സ്വാഭാവികമായും ആഗ്രഹമുണ്ടായെന്നുവരാം. പക്ഷേ, വെള്ളിയാഴ്ച ഖുത്തബ: കേൾക്കാനായി പള്ളിയിലിരുന്ന ഉടനെ മുഹമ്മദ് നബിയെക്കൊണ്ടുള്ള ശഹാദത്ത് മാത്രം (മറ്റ് പ്രവാചകന്മാരെ മൊത്തത്തിലെങ്കിലും പറയാതെ) കേൾക്കാൻ നിർബന്ധിതരാകുമെന്നും മാത്രമല്ല, കേട്ടുകൊണ്ടിരിക്കുന്നവരെല്ലാം - ജൂതരും കൃസ്ത്യരുമൊക്കെ - അതേ ശഹാ



ദത്ത് ഏറ്റുപറയൽ നിർബന്ധമാണെന്നും (ബാങ്ക് കേട്ട്കൊണ്ടിരിക്കുന്നവരെല്ലാം അതേറ്റുപറയൽ നിർബ്ന്ധമാണെന്നാണല്ലോ അബൂഹുറയ്റയും കൂട്ടരും പഠിപ്പിച്ചിരിക്കുന്നത്) നിയമമാക്കിയാൽപിന്നെ ജൂത - കൃസ്ത്യാനികളെപ്പോലുള്ള മതസമുദായങ്ങളിലെ ഒറ്റ അനുഭാവിക്കും നമ്മുടെ ഖുത്തുബ കേൾക്കണമെന്ന ആഗ്രഹമുണ്ടാവില്ലെന്നത് തീർച്ചയാണല്ലോ. (ആദ്യം കാര്യങ്ങൾ മനസ്സിലാക്കിയതിന്ന് ശേഷം മാത്രമേ ഒരന്യമതസ്ഥന് നബിയോട് ബഹുമാനം തോന്നുകയുള്ളൂ എന്നത് ഒരു സത്യം മാത്രമാണല്ലോ. അങ്ങനെ ബഹുമാനം തോന്നിപ്പിക്കലാണ് ആദ്യം ചെയ്യേണ്ടതും.) എന്നാൽ, നമ്മുടെ നബിയെക്കൊണ്ടുള്ള ശഹാദത്ത് തുടക്കത്തിൽ തന്നെ ചൊല്ലാൻ നിർബ്ബന്ധിച്ചതിലൂടെ ഇസ്ലാമിനെപ്പറ്റിയും ഖുർആനിനെ സംബന്ധിച്ചും പഠിച്ചിട്ടില്ലാത്തവരും അതേസമയം ഖുർആനിക സത്യങ്ങൾ കേട്ടുപഠിക്കണമെന്ന് ആത്മാർത്ഥമായ ആഗ്രഹമുള്ളവരുമായ ആ യഥാർത്ഥ അനുഭാവികളെ മുഴുവൻ നമ്മുടെ വെള്ളിയാഴ്ചത്തെ ഖുർആൻ പ്രഭാഷണം കേൾക്കുന്നതിൽ നിന്നും പറ്റെ പിന്തിരിപ്പിക്കലായിരുന്നു അബൂഹുറയ്റയുടെ ജൂതലക്ഷ്യം. എന്ന് വെച്ചാൽ ആദർശക്കാർക്കല്ലാതെ അനുഭാവികൾക്കൊരു കാലത്തും കടന്നുചെല്ലാൻ പറ്റാത്ത - അവർക്ക് സ്വാഗതമില്ലാത്ത - ഒരു പ്രചരണവേദിയാക്കി മാറ്റി നമ്മുടെ പ്രബോധനരംഗമായ ജുമുഅ ഖുത്തുബ: എന്നർത്ഥം. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വളർച്ചക്ക് കാലാകാലം കത്തിവെച്ച ഇത്രയും കുടുത്തൊരു ദ്രോഹം ഇസ്ലാമിനോട് ചെയ്യാൻ ഈ ജൂതമുനാഫിഖായ അബൂഹുറയ്റക്കല്ലാതെ ധൈര്യം വന്നിട്ടില്ലെന്നത് ഒരു കടുത്ത യാഥാർത്ഥ്യം മാത്രമാണ്. ഇതുകൊണ്ടും പോരാഞ്ഞിട്ടാണ് വെള്ളിയാഴ്ച ഖുത്തുബ; തുടങ്ങിയ ശേഷമാണെങ്കിലും പള്ളിയിൽ പ്രവേശിക്കുന്നവരെല്ലാം ആദ്യംതന്നെ രണ്ട് റക്അത്ത് തഹിയ്യത്ത് നമസ്ക്കരിക്കണമെന്ന് അബൂഹുറയ്റാകമ്പനിക്കാർ ലോകത്തൊട്ടാകെ പ്രചരിപ്പിച്ചത്. വെറും അനുഭാവംമൂലം ഖുർആൻക്ലാസ് കേൾക്കാൻ വരുന്നവരെക്കൊണ്ട് ആദ്യംതന്നെ നമസ്ക്കരിപ്പിക്കുന്ന പണിയാണ് മുസ്ലിം പള്ളികളിലെന്നറിഞ്ഞാൽ പിന്നെ അവിടത്തെ ഖുർആൻക്ലാസോ മതപ്രഭാഷണമോ ഒന്നും കേൾക്കാനാവില്ലെന്ന തീരുമാനത്തിൽ സകല അനുഭാവികളും അവരുടെ പാട്ടിന്നു പോവുകയല്ലേ ചെയ്യുക? അപ്പോൾ അതിന്നു വേണ്ടിയും കൂടിയാണ് ഒരു "ഖുർആൻ വിരുദ്ധ തഹിയ്യത്ത് നമസ്ക്കാരം" അബൂഹുറയ്റാ കമ്പനിക്കാർ പ്രചാരത്തിലാക്കിയതെന്ന് നാം ശരിക്കും മനസ്സിലാക്കേണ്ടതുണ്ട്. ഇമാം അബൂഹനീഫയും ഇമാംമാലിക്കും പൂർവ്വികരായ ബഹുഭൂരിപക്ഷം പണ്ഡിതന്മാരും ആ 'നെറികെട്ട തഹിയ്യത്ത് നമസ്ക്കാര"ത്തെ പറ്റെ എതിർക്കാനും അത് തനിച്ച്ബിദ് അത്താണെന്നുറക്കെ പ്രഖ്യാപിക്കാനും കാരണമതാണ്. യാഥാർത്ഥ്യം മനസ്സിലാക്കിയ ഹനഫീ

- മാലിക്കീമദ്ഹബുകാർ ആ വഷളൻ തഹിയ്യത്തിനെ വെടിഞ്ഞു എന്ന് ചുരുക്കം. സമുദായത്തിന്ന് ഖുർആനിക വിഷയങ്ങൾ പഠിപ്പിക്കാൻവേണ്ടി നിശ്ചയിക്കപ്പെട്ട സമയത്ത് ആ പ്രധാന ഖുർആൻ പ്രഭാഷണം കേൾക്കാൻവേണ്ടി വരുന്നവരൊക്കെ അത് കേൾക്കാൻ തയ്യാറാവാതെ അവരെയും മറ്റുള്ളവരെയും മുഴുവൻ ഫിത്നിയാക്കുന്ന രീതിയിലുള്ള ഒരു ജൂതനമസ്ക്കാരമാണാദ്യം നടത്തേണ്ടതെന്നു പറഞ്ഞാൽ തലക്ക് വെളിവുള്ളവരാരെങ്കിലും അത് വിലവെക്കേണ്ട ആവശ്യമുണ്ടോ? പക്ഷേ, ജൂതഏജന്റുമാരുടെ 'മുത്തഫഖുൻ അലൈഹി' യായ ഹദീസുകളിൽ [പെരുങ്കള്ളങ്ങളിൽ] അതൊക്കെ ആവർത്തിച്ചെഴുതിവെച്ചാലെന്തുചെയ്യും. നബിയുടെ കാലംതൊട്ട് രണ്ട് നൂറ്റാണ്ട് കഴിയുംവരെ മദീനത്തെ പള്ളിയിൽപോലുമുണ്ടായിരുന്നില്ലെന്ന് അഹ്‌ലുൽ ഹദീസുകാർതന്നെ സമ്മതിച്ച ആ ജുതനമസ്ക്കാരം ലോകത്തൊട്ടാകെ പ്രചരിപ്പിച്ച അബൂഹുറയ്റാ പ്രഭൃതികൾ അതിഭയങ്കരന്മാർ തന്നെ!

ചുരുക്കത്തിൽ നബിയുടെ കാലത്ത് അനുഭാവികളായ അമുസ്ലിം സുഹൃത്തുക്കൾക്കു നൽകിയിരുന്ന പള്ളിപ്രവേശാനുവാദം അബൂഹുറയ്റാ പ്രഭൃതികൾ പറ്റെ മുടക്കിയതാണ് ഇസ്ലാമിന്റെ വളർച്ചക്കും വികാസത്തിനും നേരിട്ട ഏറ്റവും വലിയ തടസ്സം. അബൂഹുറയ്റയുടെ ബാങ്ക്വിളിയും അതേറ്റ് പാടിക്കലും തഹിയ്യത്ത് നമസ്ക്കരിപ്പിക്കലും ശഹാദത്ത് ചൊല്ലിക്കലുമൊക്കെ നിലനിൽക്കുന്ന കാലത്തോളം അന്ത്യനാൾവരെ ആ തടസ്സം നീങ്ങുകയുമില്ല തീർച്ച. ഈ വിഷയത്തിൽ ബുദ്ധിപൂർവ്വം പ്രവർത്തിക്കുകയും ലക്ഷ്യം നേടുകയും വിജയം കൈവരിക്കുകയും ചെയ്ത ഏകസമുദായം ക്രിസ്ത്യൻ സമുദായമാണെന്ന് നാം ആയിരം തവണ സമ്മതിക്കേണ്ടിയിരിക്കുന്നു. വെള്ളിയാഴ്ച ഖുത്തുബകളിലൂടെയല്ലാതെ മറ്റൊരു വിധത്തിലും ഖുർആനിക സത്യങ്ങൾ സാധാരണക്കാർക്ക് മനസ്സിലാക്കാൻ വഴിയില്ലാതിരുന്ന കാലത്ത് മുസ്ലിംകളും അവരുടെ സന്തതികളുമല്ലാതെ, മറ്റുള്ളവർ പള്ളികളിൽ വരാൻ തുടങ്ങിയാൽ മുസ്ലിംകൾ വർദ്ധിക്കാനതിടയാക്കുമെന്ന് കണ്ടറിഞ്ഞ അബൂഹുറയ്റ: ഇസ്ലാമിന്റെ വികസനം ബുദ്ധിപൂർവ്വം തടഞ്ഞുവെന്നതൊരു കടുത്ത യാഥാർത്ഥ്യമാണ്. ആത്മാർത്ഥതയോടെ ചിന്തിക്കുന്ന ഒറ്റ മുസ്ലിമിന്നും അത് നിഷേധിക്കാൻ സാധ്യമല്ല.



## ബാങ്കിലെ ശഹാദത്തിൽ മറ്റൊരു ജൂതത്തരവും കൂടി

ബാങ്ക് വിളി നിലനിർത്തുന്നതിലൂടെ ഇസ്ലാമിന്റെ അടിസ്ഥാനാദർശമായ ശഹാദത്ത് പരസ്യപ്പെടുത്തലാണ് മുഖ്യലക്ഷ്യമെന്നാണല്ലോ പൊതുവെയുള്ള വാദം. അങ്ങിനെയാണെങ്കിൽ മുഴുൻ മുസ്ലിംകളുടെയും ആദർശമായ ശഹാദത്ത് പരസ്യപ്പെടുത്തുമ്പോൾ മുഴുവൻ മുസ്ലികളുടെയും പ്രാതിനിധ്യം അതിൽ ധ്വനിപ്പക്കൽ അത്യാവശ്യമുള്ള കാര്യമല്ലേ? കാരണം: ഓരോ മുസ്ലിമും ഒറ്റക്ക് നമസ്ക്കരിക്കുകയാണെങ്കിൽപോലും "ഞാൻ നിന്നെമാത്രം ആരാധിക്കുന്നു" എന്നോ "ഞാൻ നിന്നോടുമാത്രം സഹായത്തിന്നപേക്ഷിക്കുന്നു": "ഞങ്ങളെ നീ നേർവഴിക്ക് നയിക്കേണമേ" എന്നിങ്ങനെ മുസ്ലിംകളെ മുഴുവൻ പ്രതിനിധീകരിച്ചുകൊണ്ട് ബഹുവചനമാക്കിയുള്ള പ്രർത്ഥനയടങ്ങിയ "ഫാത്തിഹാ:" യാണല്ലോ നമസ്ക്കാരത്തിൽ നാം സ്ഥിരം പാരായണം ചെയ്യുന്നത്. അബൂഹുറയ്റ അത് പ്രത്യേകം നിർബന്ധമാക്കിയതുമാണ്. എന്നിരിക്കെ, മുസ്ലിംകളുടെ കേന്ദ്രമായ പള്ളികളിൽ നിന്ന് പരസ്യപ്പെടുത്തിക്കൊണ്ടിരിക്കുന്ന മുസ്ലിംകളുടെ പ്രധാനമുദ്രാവാക്യമായ ശഹാദത്തിൽ മുസ്‌ലിംകളുടെ പ്രാതിനിധ്യം ഒരു കാലത്തും ധ്വനിപ്പിക്കേണ്ടതില്ലെന്നും വെറും 'മുക്രിയുടെ പ്രാതിനിധ്യം' മാത്രമെ ഏത്കാലത്തും ബാങ്കിലൂടെയും ഇഖാമത്തിലൂടെയും കേൾക്കാൻ പാടുള്ളൂവെന്നും അബൂഹുറയ്റ: തീരുമാനിച്ചപ്പോൾ അതിനെക്കാൾ വലിയ ധിക്കാരവും ജൂതത്തരവും വേറെ വല്ലതുമുണ്ടോ എന്നാണ് നമുക്കു ചോദിക്കുവാനുള്ളത്. ജുമുഅ: നമസ്ക്കാരത്തിന്ന് പള്ളിനിറയെ വന്നുകൂടിയ മുസ്ലിംകളെ മുഴുവൻ ഇഖാമത്തിലൂടെ നമസ്ക്കാരത്തിലേക്ക് ക്ഷണിക്കുന്ന സന്ദർഭത്തിൽ അവരെല്ലാവരും കേൾക്കെ "അല്ലാഹു ഏകനാണെന്നും മുഹമ്മദ് നബി അവന്റെ ദൂതനാണോന്നും" "ഞാൻ സാക്ഷി നിൽക്കുന്നു" എന്നിങ്ങനെ സങ്കുചിതമാക്കിക്കൊണ്ട് മുക്രി ഉറക്കെ വിളിച്ചുപറയുന്നതിലുള്ള അനാദരവും അസാംഗത്യവും ഏത് മൂഢനാണ് മനസ്സിലാവാത്തത്. സാധാരണക്കാർക്കറിയാത്ത ഭാഷയിൽ അതുരുവിടുന്നത്കൊണ്ടല്ലേ ശഹാദത്തിൽ പരിപൂർണ്ണ കൂറും പങ്കാളിത്തവുമുള്ള മുസ്ലിം സാധാരണക്കാർ ആ ജൂതത്തരത്തിന്നെതിരിൽ ബഹളവും പ്രക്ഷോഭവും കൂട്ടാതിരിക്കുന്നത്. ഖുർആൻ രഹസ്യമാക്കിചൊല്ലാൻ കൽപിച്ച പ്രാർത്ഥനയിൽപെട്ട ജൂതന്മാരുടെ 'ആമീൻ' പള്ളി

യിലുള്ളവരെല്ലാം ഉറക്കെ ചൊല്ലണമെന്ന് പഠിപ്പിച്ച അബൂഹുറയ്റ:, പരസ്യപ്പെടുത്തൽ ആവശ്യമായ ശഹാദത്തും എല്ലാവരും ഉറക്കെ ചൊല്ലണമെന്ന് പഠിപ്പിച്ചിരുന്നെങ്കിൽ മേൽ ആരോപണത്തിൽനിന്ന് കുറച്ചെങ്കിലും രക്ഷപ്പെടാമായിരുന്നു. പക്ഷേ, എന്ത് ചെയ്യാം? താൻ ശഹാദത്ത് വിളംബരം ചെയ്യുമ്പോഴെല്ലാം ഇത്തരത്തിലുള്ള എന്തെങ്കിലും ധിക്കാരമോ കളവോ വഞ്ചനയോ നടത്തിയിട്ടല്ലാതെ, കുറ്റമറ്റ നിലയിൽ യാതൊരു ജൂതത്തരവുമില്ലാത്ത ശഹാദത്തും പ്രചരിപ്പിച്ച ചരിത്രം അബൂഹുറയ്റയുടെ ജീവിത്തിലുണ്ടായിട്ടില്ലെന്ന് ഹദീസ്ഗ്രന്ഥങ്ങൾ ശരിക്ക് പരിശോധിച്ചവർക്കറിയാവുന്ന യാഥാർത്ഥ്യമാണ്. ''അത്തഹിയ്യാത്തിൽ'' ഒരു ശഹാദത്ത് താൻ നടപ്പിലാക്കിയെങ്കിലും അവിടെയും ഏറ്റവും കടുത്തൊരു ജൂതത്തരം ഉൾക്കൊള്ളിക്കലായിരുന്നു തനിക്കതിലുണ്ടായിരുന്ന ജൂതലക്ഷ്യമെന്ന് എന്റെ നമസ്ക്കാരമെന്ന ഗ്രന്ഥത്തിൽ കണിശമായി സ്ഥാപിച്ചത് വായനക്കാരുടെ ഓർമ്മയിലുണ്ടായിരിക്കുമല്ലോ.

# ഇഖാമ:മയിൽ അബൂഹുറയ്റയുടെ മറ്റൊരുകാട്ടറബി പ്രയോഗം

നമസ്ക്കാരത്തോടു ബന്ധപ്പെടുത്തി പറയുമ്പോൾ ഖുർആനിന്റെ ഭാഷപ്രകാരം ''ഇഖാം'' എന്നാണ് പറയേണ്ടത്. ഇഖാമത്ത് എന്നല്ല. ഖു:21:73ഉം 24:37ഉം അതിന്ന് തെളിവുമാണ്. അതിരിക്കട്ടെ. അബൂഹുറയ്റയുടെ 'ഇഖാമത്തിൽ ''ഖദ്ഖാമത്തിസ്വലാഹ്'' എന്ന ഒരു പ്രയോഗമുണ്ടല്ലോ, അതാരുടെ ഭാഷയാണെന്നാണ് നമുക്കറിയേണ്ടത്. ഖുർആനിന്റെയും നബിയുടെയും ഭാഷപ്രകാരം ''ഉഖീമത്തിസ്സ്വലാഹ്'' എന്നല്ലാതെ ''ഖദ്ഖാമത്തിസ്സ്വലാഹ് '' എന്നൊരിക്കലും പറയാൻ പാടുള്ളതല്ല. ഖുർആനിൽ ഒറ്റ സ്ഥലത്തും ഖാമത്തിന്റെ കർത്താവായി സ്വലാത്തിനെ പ്രയോഗിച്ചിട്ടുമില്ല. ''ഇഖാം'' എന്ന ധാതുവിൽനിന്നുള്ള ക്രിയകളുടെ കർമ്മമായിട്ട് മാത്രമേ സ്വലാത്തിനെ ഖുർആൻ പ്രയോഗിക്കാറുള്ളൂ. അതായത്: ഖുർആനിൽ 44 സ്ഥലത്ത് ഈ കർമ്മണിപ്രയോഗം ആവർത്തിച്ചതല്ലാതെ മേൽപറഞ്ഞ കർത്തരി പ്രയോഗം നടത്താൻപറ്റിയ പല സന്ദർഭങ്ങളുമുണ്ടായിട്ടും ഒറ്റ സ്ഥലത്തും ഖുർആനങ്ങിനെ പ്രയോഗിച്ചില്ലെന്ന് താൽപര്യം. അപ്പോൾ ''ഖദ്ഖാമത്തിസ്സ്വലാഹ് '' എന്ന പ്രയോഗവും ''ഹയ്യഅലാ'' എന്നത്പോലെതന്നെ അബൂഹുറയ്റ:യുടെ യമനിലെ കാടൻഭാഷയാണെന്നതിൽ സംശയമില്ല. ശുദ്ധ അറബീസാഹിത്യത്തിൽ ''ഖാമത്തിസ്സ്വലാത്തു''



എന്ന പ്രയോഗം കാണുപ്പെടുകയുമില്ല. അബൂഹുറയ്റാ പ്രഭൃതികളുടെ സാഹിത്യത്തിൽ അത് കാണപ്പെട്ടത്കൊണ്ടൊന്നും ഫലമില്ലെന്ന് പ്രത്യേകം ഓർക്കുക!

ആവശ്യമായതാണെങ്കിലും വിവരണം അൽപം ദീർഘിച്ചുപോയതിനാൽ സാധാരണക്കാർക്ക് വിഷയം എളുപ്പത്തിൽ മനസ്സിലാവാൻ വേണ്ടി ഇതേവരെ വിവരിച്ചതിന്റെ ആകെത്തുകയൊന്ന് ചുരുക്കിപ്പറയാം.

# ബാങ്കിൽ ഖുർആൻ വിരുദ്ധമായ തെറ്റുകൾ ആകെ ഏഴ്

## 3എണ്ണം ഭാഷാപരവും 4 എണ്ണം ആശയപരവും

## ഭാഷാപരമായ 3 തെറ്റുകൾ

1. ബാങ്കിലെ ''അശ്ഹദുഅൻ'' എന്ന പ്രയോഗം തെറ്റാണ്. മുമ്പ് വിവരിച്ച പോലെ ഖുർആനും നബിയുടെ ശുദ്ധഭാഷയുമനുസരിച്ചു ''അശ്ഹദു അന്നഹൂ.........'' എന്ന്തന്നെ പറയേണ്ടതാണ്.

2. 'ഓടിവാ: ചാടിവാ:' എന്ന അർത്ഥത്തിലുള്ള 'ഹയ്യ' എന്ന കാട്ടറബി പദത്തിന്ന് പകരം ''വരൂ'', 'വരുവിൻ' എന്നർത്ഥം വരുന്ന ''തആല'' എന്ന സംസ്ക്കാരമുള്ള ഖുർആനികപദമാണ് പ്രയോഗിക്കേണ്ടിയിരുന്നത്.
3. ''ഹയ്യ'' എന്ന പദമാണ് പ്രയോഗിക്കുന്നതെങ്കിൽ തന്നെ, തെറ്റായ സൂചന ഒഴിവാക്കാൻവേണ്ടി 'അലാ' എന്ന 'ദ്യോതക'ത്തിനുപകരം 'ഹലാ' എന്നോ 'ഇലാ' എന്നോ പ്രയോഗിക്കേണ്ടതായിരുന്നു. ഇസ്ലാമിലെ ഏറ്റവുംമുന്തിയ മുദ്രവാക്യങ്ങ

ളിൽ ഇത്തരം ന്യൂനതകൾ നിലനിർത്തിയ്ത് വലിയതെറ്റാണെന്നതിൽ സംശയമില്ല.

# ആശയപരമായ 4 തെറ്റുകൾ

1. "അശ്ഹദു" - [മുക്രിയാകുന്ന] 'ഞാൻ സാക്ഷ്യം വഹിക്കുന്നു' എന്നതിന് പകരം 'നശ്ഹദു' (കോടിക്കണക്കിലുള്ള മുസ്ലിംകളാകുന്ന) 'ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു' എന്നാണ് ബാങ്കിലും ഇഖാമത്തിലുമൊക്കെ നിർബന്ധമായും പറയേണ്ടിയിരുന്നത്. പക്ഷേ 'നശ്ഹദു' എന്ന അന്തസ്സുള്ള പ്രയോഗം അബൂഹുറയ്റ: ഒരിക്കലും നമ്മെ പഠിപ്പിക്കുകയുണ്ടായില്ല.
2. "ഹയ്യഅലൽഫലാഹ്" എന്നത് 160ഓളം ആയത്തുകൾക്ക് കടകവിരുദ്ധമായ ഒരു കപടമുദ്രാവാക്യമാണ്. ഖുർആനിന്റെ അനുയായികൾ അതുപേക്ഷിക്കുകതന്നെവേണം.
3. പ്രഭാതസമയത്ത് "അസ്സ്വലാത്തുഖൈറുമ്മിനന്നൗം" എന്ന് വിളിച്ചു കൂവുന്നത് ശുദ്ധ അസംബന്ധമാണ്. ഉറക്കം തീർന്നിട്ടില്ലാത്തവർ ആ സമയത്ത് കിടന്നുറങ്ങുകയാണ് വേണ്ടത്. സൂര്യോദയത്തിന്ന് മുമ്പ് നമസ്ക്കരിക്കണമെന്ന കൽപന ഖുർആനിൽ ഒരിടത്തുമില്ല, ഉറക്കം തീർന്നവർക്കെല്ലാം പ്രഭാതത്തിൽ എഴുന്നേറ്റ് നമസ്ക്കരിക്കാമെന്ന് മാത്രം.
4. അല്ലാഹുവോ റസൂലോ നമസ്ക്കാരരൂപത്തിൽപോലും ഒരിക്കലും ഉൾക്കൊള്ളിച്ചിട്ടില്ലാത്ത ശഹാദത്ത്, നമസ്ക്കാരത്തിലേക്കുള്ള വിളിയിലും ആവശ്യമില്ലാത്തതിനാൽ ഒന്നുകിൽ അത് തീരെ പറയാതിരിക്കുക. അഥവാ പറയുകയാണെങ്കിൽ അവസാനം വെച്ച് പകുതി കക്കാതെയുമിരിക്കുക.

# മഹാൽഭുതം

വിശുദ്ധഖുർആനും ശുദ്ധ അറബീസാഹിത്യവും ശരിക്ക് പഠിച്ചവർക്കെല്ലാം വ്യക്തമായി ബോദ്ധ്യപ്പെടുന്ന അനിഷേധ്യമായ വസ്തുതകളാണ് മേൽ വിവരിച്ചതൊക്കെയും. പക്ഷേ, അബൂഹുറയ്റ അതെല്ലാം നെയ്ത് വിട്ടിട്ട് വർഷം 1350 കഴിഞ്ഞുപോയെങ്കിലും ഇന്നേവരെയുള്ള ഒറ്റ മതപണ്ഢിതന്റെയും ഒറ്റ അറബീപണ്ഢിതന്റെയും ശ്രദ്ധയിൽ ഇക്കാലം വരെ അതൊന്നും പെട്ടില്ലെന്നുവരുമ്പോൾ അതിനേക്കാൾ വലിയ അൽഭുതം ഇസ്ലാമിക ചരിത്രത്തിൽ വേറെ വല്ലതുമുണ്ടോ എന്നാണ് നമുക്ക് ചോദിക്കുവാനുള്ളത്. ഖുർആനിന്റെയും നബിയുടെയും ശുദ്ധ



അറബീസാഹിത്യവും അബൂഹുറയ്റ:യുടെ യമനീഭാഷയിലെ കാട്ടറബിപ്രയോഗവും തമ്മിൽ വേർതിരിച്ചറിയാൻ ലോകത്തിലെ ഒറ്റ അറബീപണ്ഢിതനും ഒറ്റ മതപുരോഹിതനും ഇക്കാലംവരെ ശ്രമിച്ചില്ലെന്നത് നമ്മിൽ ആരെയാണൽഭുതപ്പെടുത്താതിരിക്കുക. പ്രയോഗസംബന്ധമായ തെറ്റുകളൊന്നും കണ്ടുപിടിക്കാനവർക്കവസരമില്ലെങ്കിൽ ആശയപരമായ തെറ്റുകളെങ്കിലും അവർക്ക് കണ്ടുപിടിക്കാമായിരുന്നില്ലേ? ഖുർആനിൽ 160 ഓളം സ്ഥലത്ത് വിജയത്തിന്റെ മാർഗ്ഗമിന്നതാണെന്ന് അല്ലാഹു ആവർത്തിച്ചു പറഞ്ഞു തന്നിട്ടും അവയിലൊരിടത്തെങ്കിലും കേവല നമസ്ക്കാരം വിജയത്തിന്റെ മാർഗ്ഗമാണെന്ന് അല്ലാഹു സൂചിപ്പിക്കുകപോലും ചെയ്യാതിരിക്കെ, എന്നല്ല, കേവലനമസ്ക്കാരം വിജയത്തിന്റെ മാർഗ്ഗമല്ലെന്ന് തന്നെ ഖു: (3:92), (48:29) മുതലായ സൂക്തങ്ങളിലൂടെ അല്ലാഹു ആവർത്തിച്ചു വ്യക്തമാക്കിയിരിക്കെ, 'നമസ്ക്കാരത്തിലാണ് മുസ്ലിംകളുടെ വിജയ' മെന്നും ശുദ്ധ അസംബന്ധം - ഖുർആനിന്ന് കടകവിരുദ്ധമായ ഏറ്റവും കടുത്ത കപടമുദ്രാവാക്യം - ദിനംപ്രതി പത്തു പ്രാവശ്യമെങ്കിലും മുസ്ലിംകളുടെ സകല പള്ളികളിൽനിന്നും വീടുകളിൽനിന്നും ഉറക്കെ ഉരുവിട്ടുകൊണ്ടിരിക്കണമെന്ന തനി ജൂതനിയമത്തെപ്പറ്റി പഠിക്കാനൊ ചിന്തിക്കാനോ ഒരു സംശയമെങ്കിലും രേഖപ്പെടുത്താനോ ഒറ്റ മതപണ്ഢിതനും ഒറ്റ ഖുർആൻപണ്ഢിതനും ഇക്കാലംവരെ തയ്യാറായില്ലെന്ന് വരുമ്പോൾ അതിനേക്കാൾ വലിയ അൽഭുതം ലോകത്ത് വേറെവല്ലതുമുണ്ടോ ? ഒന്നുമില്ല. അത്രവലിയ ബുദ്ധിശൂന്യതയാണ് പുരോഹിതവർഗ്ഗം ഏകകണ്ഠമായി ഇക്കാലം വരെ നിലനിർത്തിപ്പോന്നതെന്നതിൽ സംശയമില്ല. ഹൃദയം മുദ്രകുത്തപ്പെട്ടവരെന്നും "ഗ്രന്ഥം ചുമക്കുന്ന കഴുതകളെ"ന്നും അല്ലാഹു ഖുർആനിലൂടെ അധിക്ഷേപിച്ച ഒരു വിഭാഗത്തിന്റെ മുറിയാത്ത പരമ്പരയെ നമ്മുടെ സമുദായത്തിൽ കാണേണ്ടി വന്നതിൽ നാം ദു:ഖിക്കുകയും സങ്കടപ്പെടുകയുമല്ലാതെ മറ്റെന്താണ് ചെയ്യാൻ കഴിയുക? ഖുർആൻ പറ്റെ വലിച്ചെറിഞ്ഞുകൊണ്ട് "സുന്നത്ത് ജമാഅത്ത്" "സുന്നത്ത് ജമാഅത്ത്" എന്നിങ്ങനെ ആയിരത്തിലേറെ വർഷങ്ങളായി എല്ലാവരും ഏകസ്വരത്തിൽ പെരുമ്പറയടിച്ച് നടക്കുകയും അബൂഹുറയ്റയുടെ ജൂതഹദീസുകളാണ് തിരുനബിയുടെ "കറകളഞ്ഞ സുന്നത്തെന്ന് " കണ്ണടച്ച് വാദിക്കുകയും ചെയ്തതിന്റെ അനിവാര്യഫലം മാത്രമാണിതെല്ലാമെന്നല്ലാതെ മറ്റ് യാതൊരു ചരിത്ര വ്യാഖ്യാനവും ഈ വിഷയത്തിൽ ഒരാൾക്കും പറയാൻ സാധ്യമല്ലെന്നതാണ് പരമാർത്ഥം. ഏതായാലും നിലവിലുള്ള ബാങ്ക്വിളി നിലനിർത്തുന്ന കാലത്തോളം അവരാരും തന്നെ ഖുർആൻ സ്വീകരിക്കാൻ തയ്യാറുള്ളവരല്ലെന്ന കാര്യം തീർച്ചയാണ്. അഥവാ ഇസ്ലാമിന്റെ അടിസ്ഥാനപ്രമാണം ഖുർആനാണെന്ന് അവർ ഉറച്ചു വിശ്വസിക്കുന്നുവെങ്കിൽ ഖുർആൻ സമഗ്രമായി പരി

ശോധിച്ചുകൊണ്ട് പച്ചമലയാളത്തിൽ ബോധ്യപ്പെടുത്തികൊടുക്കുന്ന ഏറ്റവും ഗൗരവമുള്ള ആ ഖുർആനിക സത്യം - കേവലനമസ്ക്കാരം വിജയത്തിനടിസ്ഥാനമല്ലെന്ന സത്യം- മേലിലെങ്കിലും അംഗീകരിക്കുവാനും അതിന്നെതിരായി ബാങ്കിലൂടെ നിരന്തരം വിളിച്ചുപറയുന്ന ആ കപട മുദ്രാവാക്യത്തെ പരസ്യമായെതിർക്കുവാനും അവർ ഒറ്റക്കെട്ടായി അണിനിരക്കേണ്ടതാണ്. പക്ഷേ, അബൂഹുറയ്റ: തനി കപടനായിരുന്നെന്നും ഈ കാപട്യങ്ങളുടേയും ഖുർആൻ വിരുദ്ധ പ്രചരണങ്ങളുടെയുമെല്ലാം പിന്നിൽ താനും തന്റെ കമ്പനിയിൽപെട്ട മുനാഫിഖുകളുമായിരുന്നു പ്രവർത്തിച്ചിരുന്നതെന്നുമുള്ള ചരിത്ര യാഥാർത്ഥ്യങ്ങൾ - അനിഷേധ്യമായ തെളിവുകളിലൂടെ നാം സമർത്ഥിച്ചു കഴിഞ്ഞ അൽഭുത സത്യങ്ങൾ - പഠിക്കാനും പരിശോധിക്കാനും സമുദായത്തിലെ ഒരു വിഭാഗമെങ്കിലും തയ്യാറാവാത്ത കാലത്തോളം മേൽചൂണ്ടിക്കാട്ടിയ കപട മുദ്രാവാക്യവും മറ്റും നിർത്തലാക്കാൻ സമുദായം ഒരിക്കലും അനുവദിക്കുകയില്ലെന്ന കാര്യം തീർച്ചയാണ്. അതനുവദിക്കാത്ത കാലത്തോളം കേവലം ഖുർആൻ വിരുദ്ധവും ലോകത്തിലെ സകല സമുദായങ്ങളിൽ നിന്നും വ്യത്യസ്തവുമായ ഈ നമസ്ക്കാര ഭ്രാന്തിൽ നിന്ന് നമ്മുടെ സമുദായത്തിന്ന് മോചനം ലഭിക്കില്ലെന്ന കാര്യം ഉറപ്പുമാണ്. അതുകൊണ്ടെന്താണ് ദോഷമെന്നോ? ദോഷം മറ്റൊന്നുമല്ല: ഖുർആൻ വളരെ പ്രധാന്യത്തോടെ കൽപിച്ച - നമസ്ക്കാരത്തേക്കാൾ ചുരുങ്ങിയത് 70 ഡിഗ്രിയെങ്കിലും മേലെയാണെന്ന് ഖുർആൻ പഠിപ്പിച്ച- പരോപകാരപ്രദമായ ഒട്ടനവധി പുണ്യകർമ്മങ്ങളുണ്ടായിട്ടും അവയിലൊന്നും വേണ്ടത്ര ശ്രദ്ധപതിക്കാതെ, 70ഡിഗ്രി താഴെയുള്ള നമസ്ക്കാരത്തിന്ന് വേണ്ടി - ദിനംപ്രതി 6 റക്അത്ത് മാത്രം നമസ്ക്കരിക്കാൻ കൽപിച്ച സ്ഥാനത്ത് 60 റക്അത്ത് നമസ്ക്കരിക്കാൻവേണ്ടി- വിലപ്പെട്ടസമയവും ആരോഗ്യവുമൊക്കെ പാഴാക്കിക്കളയുന്ന- നമസ്ക്കാരഭ്രാന്ത് മൂലം പള്ളിപ്പണി ഭ്രാന്തിലകപ്പെട്ടുകൊണ്ട് സമ്പാദ്യങ്ങളെല്ലാം തുലച്ചുകളയുന്ന - ഇന്നത്തെ ദുരവസ്ഥ ഏറിഏറിവരുമെന്നത് തന്നെയാണ് ദോഷം. ഒരു പ്രദേശത്തൊരു ആസ്പത്രിയോ സാധുകുടുംബങ്ങൾക്ക് സൗജന്യമായി താമസിക്കാനുള്ളൊരു ഹൗസിംഗ്കോളനിയോ അതല്ലെങ്കിൽ സമൂഹത്തിന്നുപകാരമുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനമോ ലൈബ്രറിയോ (വായനശാലയോ) മറ്റോ ഉണ്ടാക്കുന്നത്. അത്രയും പണം ചിലവാക്കി നൂറോ ഇരുനൂറോ പള്ളികളുണ്ടാക്കുന്നതിനേക്കാൾ 70 ഇരട്ടിയിലധികം മഹത്വമുള്ള പുണ്യകർമ്മങ്ങളാണെന്നത് പോലുള്ള ഖുർആനിക സിദ്ധാന്തത്തിലേക്ക് നമ്മുടെ സമുദായത്തിന്റെ ശ്രദ്ധ തിരിയണമെന്ന നിർബന്ധംകൊണ്ട് മാത്രമാണ് ഈ നമസ്ക്കാരഭ്രാന്തിന്നും പള്ളിപ്പണി ഭ്രാന്തിന്നുമെതി



രിൽ ഇപ്രകാരം ശബ്ദമുയർത്തേണ്ട ആവശ്യം നേരിടുന്നത്. ഖുർആൻ 2: 261 പ്രകാരം 700 ഇരട്ടിയും 7000 ഇരട്ടിയുമൊക്കെ പുണ്യം കിട്ടാവുന്ന സൽക്കർമ്മങ്ങൾ ധാരാളമുണ്ടായിരിക്കെ അതൊന്നും ശ്രദ്ധിക്കാതെ, വെറും പത്തിരട്ടിമാത്രമേ പുണ്യമുള്ളുവെന്ന് ഖുർആൻ 6:161ലൂടെ വെട്ടിത്തുറന്ന് പറഞ്ഞ നമസ്ക്കാരത്തിന്നും പള്ളിപ്പണിക്കും വേണ്ടി സമയവും സമ്പാദ്യവുമെല്ലാം ധൂർത്തടിക്കുന്നതിനെപറ്റി മതഭ്രാന്തെന്നല്ലാതെ മറ്റെന്താണ് പറയാനാവുക.

ചുരുക്കത്തിൽ മുസ്ലിംജനകോടികളെ മുഴുവൻ ബാങ്കിലൂടെ സ്ഥിരമായി തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരിക്കുന്ന ആ ശുദ്ധനുണ - ഖുർആൻ വിരുദ്ധ കപട മുദ്രാവാക്യം ശമ്പളം കൊടുത്ത് വിളിച്ചുപറയിക്കുക എന്നത് എത്രത്തോളം അപമാനകരവും വിഡ്ഢിത്തവുമാണെന്ന് നമ്മുടെ സമുദായം ചിന്തിക്കേണ്ട കാലം വളരെ വൈകിയിരിക്കുന്നു. ലോകത്തിലെ സകല സമുദായങ്ങൾക്കും നമസ്ക്കാരവും കൂട്ട് പ്രാർത്ഥനയുമൊക്കെയുണ്ടെന്നിരിക്കെ, അവരുടെ ഒറ്റ പള്ളിയിലും - ജൂതപള്ളികളിൽപോലും - ഇല്ലാത്തൊരു ഖുർആൻ വിരുദ്ധ ജൂതമുദ്രാവാക്യം നമ്മുടെ പള്ളികളിൽ മാത്രം നടപ്പിലാക്കാൻ അബൂഹുറയ്റയെപ്പോലുള്ള ജൂതമുനാഫിഖുകൾക്ക് കഴിഞ്ഞുവെന്നത് അധികമാർക്കും ദഹിച്ചെന്നുവരില്ല. എന്നാൽ ഖുർആൻ ആവർത്തിച്ചുകൽപിച്ചതും മുസ്ലിംകളുടെ പ്രധാനപ്പെട്ട ആരാധനാമൊഴികളുമായ അഊദും ബിസ്മിയും തക്ബീറുമൊക്കെ നമസ്ക്കാരത്തിലൊരിക്കലും ഉറക്കെ പറയരുതെന്നും അതേ സമയം ഖുർആൻ പറ്റെ ബഹിഷ്ക്കരിച്ചതും ജൂതൻമാരുടെ പ്രധാന പ്രാർത്ഥനയുമായ "ആമീനും, സമി അല്ലാഹു ലിമൻ ഹമിദ"യുമൊക്കെ മുസ്ലിം പള്ളികളിലെല്ലാം ഉച്ചത്തിൽ പറയണമെന്നും ജൂതനായ അബൂഹുറയ്റ: പഠിപ്പിച്ചപ്പോൾ മുആവിയയുടെ കാലം മുതൽക്കിന്നേവരെയുള്ള സകല പുരോഹിതന്മാരും ഏതാണ്ടെല്ലാ മുസ്ലിംകളും അബൂഹുറയ്റയുടെ കൽപന സ്വീകരിക്കുകയും (തക്ബീറിലൊഴിച്ച്) ഖുർആൻ കൽപന പറ്റെ നിരസിക്കുകയുമല്ലേ ചെയ്തത് എങ്കിൽപിന്നെ ബാങ്കിന്റെ കാര്യത്തിലും അവർ അബൂഹുറയ്റ:യെ അനുസരിച്ചെങ്കിൽ അതിനെന്താണൽഭുതപ്പെടാനുള്ളത്. ഒന്നുമില്ല, ഖുർആനിനെ പറ്റെ പുറംതള്ളിക്കൊണ്ട് അബൂഹുറയ്റയുടെ ജൂതഹദീസുകളെമാത്രം അടിസ്ഥാനമാക്കിയാണ് സകല സുന്നത്ത് ജമാഅത്ത് കാരും അഹ്ലുൽ ഹദീസുകാരും നമസ്ക്കാരത്തിന്ന് രൂപവും സമയവും - നാമംപോലും ക്രമപ്പെടുത്തുകയും പ്രചാരപ്പെടുത്തുകയും ചെയ്തതെന്ന് "നമസ്ക്കാരം" "നമസ്ക്കാരം മൂന്ന്മാത്രം" എന്നീ ഗ്രന്ഥങ്ങളിൽ ഖുർആനിന്റെ വെളിച്ചത്തിൽ ഈയുള്ളവൻ ശക്തിയായി സ്ഥാപിച്ചതും ഇവിടത്തെ സി.

എൻ.മൗലവിയടക്കമുള്ള ഒറ്റ പുരോഹിതനേതാവും അതിനിന്നേവരെ ഒരു മറുപടിയും പറയാതെ ഒഴിഞ്ഞുമാറിയതുമൊക്കെ മാന്യവായനക്കാർക്കോർമ്മയുള്ളതാണല്ലോ. ബാങ്കിന്റെ കാര്യത്തിൽ ഞാനിതിൽ നിരത്തിവെച്ച തെളിവുകൾക്കെതിരിലും അത് തന്നെയാണവർ ചെയ്യാൻ പോകുന്നത്. അതല്ല പുതിയ വല്ല തെളിവുകളും പുതിയ എന്തെങ്കിലും പാണ്ഡിത്യവും അവർക്ക് രംഗത്തിറക്കാനുണ്ടെങ്കിൽ അവരതെല്ലാം രംഗത്തിറക്കിക്കൊള്ളട്ടെ. അതൊന്നും ചെയ്യാതെ ഇനിയും പൂച്ചശൈഖന്മാരായി അടങ്ങിയിരുന്നതുകൊണ്ടൊന്നും സമുദായത്തിന്ന് സത്യം മനസ്സിലാവാതെ പോവുകയില്ലെന്നവർ മനസ്സിലാക്കേണ്ടതാണ്.

# ബാങ്കിന്റെ കാര്യത്തിൽ ഇനി നാമെന്തുചെയ്യണം

ഒന്നും ചെയ്യാനില്ല. മേൽവിവരിച്ച യാഥാർത്ഥ്യങ്ങളെല്ലാം ആരുടെയെങ്കിലും തലയിൽ കയറുന്നുണ്ടെങ്കിൽ അവരാരും മേലിൽ ബാങ്ക് വിളിക്കുകയോ വിളിപ്പിക്കുകയോ ബാങ്ക് വിളി കേട്ടാൽ അതിനുത്തരം പറയുകയോ ചെയ്യാതിരുന്നാൽ മാത്രം മതി. നേരെമറിച്ച് പച്ചമലയാളത്തിൽ വിവരിച്ചുകൊടുക്കുന്ന ഈ ഖുർആനിക സത്യങ്ങളൊന്നും ആരുടെയും തലയിൽ കയറുന്നില്ലെങ്കിൽപിന്നെ അത്തരക്കാരെല്ലാവരും കൂടി ഓരോ 'വഖ്ത്തി'ലും ഒന്നിന്നുപകരം ഈരണ്ടോ മുമ്മൂന്നോ ബാങ്ക് വിളി നടപ്പിലാക്കിയാലും നമുക്കതിനെപ്പറ്റി യാതൊന്നും പറയാനില്ല. ഖുർആനിന്ന് കടകവിരുദ്ധമായി നമസ്ക്കാരത്തിൽപോലും ശിർക്കൻ വിളിയും ശിർക്കൻപ്രാർത്ഥനയുമൊക്കെ നൂറ്റാണ്ടുകളായി നിലനിർത്തിപ്പോരുന്ന ഒരു സമൂഹത്തിൽ ഖുർആൻ വിരുദ്ധമെങ്കിലും ശിർക്കൊന്നുമില്ലാത്ത ബാങ്ക് വിളി നിലനിർത്തിപ്പോരുന്നതിൽ എന്താണ് തെറ്റ് പറയാനുള്ളത് ?

# 'മുക്രി' മാരെ നിയോഗിച്ച സമുദായം മുക്രിമാർക്ക് ശമ്പളവും കൊടുക്കണം



ബാങ്ക് വിളി ഖുർആൻ വിരുദ്ധമാണെങ്കിലും മുസ്ലിംസമുദായത്തിലെ 15 ലക്ഷം വരുന്ന ജനസമൂഹത്തിന്റെ ഒരു സ്ഥിരം തൊഴിലാണതെന്ന കാര്യം നാം ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ടതുണ്ട്. അതിനാൽ ഇത്രയും വലിയൊരു സമൂഹത്തെ ബാങ്ക് വിളിക്കാനായി സമുദായം തെരഞ്ഞെടുത്ത സ്ഥിതിക്ക് മറ്റു ജോലിക്കൊന്നും പോവാൻ കഴിവില്ലെങ്കിൽ അവർക്ക് ജീവിക്കാനുള്ള വക ഓരോ മഹല്ല് കാരും ശമ്പളമായി കൊടുത്തുകൊണ്ടിരിക്കുകതന്നെവേണം. പക്ഷേ, അതിന്റെ പേരിൽ അവരെക്കൊണ്ട് നിർബന്ധിച്ച് ബാങ്ക് വിളിപ്പിക്കാൻ പാടില്ലതാനും. ഭാവിയിൽ ബാങ്ക് വിളിക്കാനായി പുതിയ തലമുറയെ നിയോഗിക്കാതിരിക്കാനും അങ്ങിനെയൊരു ശമ്പളബാധ്യത മേലിൽ ഏറ്റെടുക്കാതിരിക്കാനും ഓരോ മഹല്ലുകാർക്കും സ്വാതന്ത്ര്യമുണ്ടെന്ന് മാത്രം.

ഖുർആൻ വിരുദ്ധമായ ബാങ്ക് വിളിക്കുപകരം ഖുർആൻ വിരുദ്ധമല്ലാത്ത ബാങ്ക് വിളി നടത്തുന്നതിലോ, നടത്തിക്കുന്നതിലോ യാതൊരു തെറ്റുമില്ലെന്നും നാം മനസ്സിലാക്കേണ്ടതുണ്ട്. പക്ഷേ, ഖുർആൻ അനുവദിച്ചപ്രകാരം വെള്ളിയാഴ്ച ജുമുഅക്ക് മാത്രമേ അത് പാടുള്ളൂവെന്ന് മാത്രം. ഒരു പള്ളിയിൽ നിന്ന് അടുത്ത പള്ളിയിലേക്കും അതിന്നപ്പുറത്തേക്കുമെല്ലാം കേൾക്കുമാറ് ലൗഡ് സ്പീക്കറിലൂടെ അത്യുച്ചത്തിൽ ബാങ്ക് വിളിക്കുന്നത് തികച്ചും അനാവശ്യവും ധിക്കാരവുമാണെന്നതിൽ സംശയമില്ല. മറ്റ് പള്ളികളുടെ പരിധിയിൽപെട്ടവരെയും കൂടി തന്റെ പള്ളിയിലേക്ക് സ്ഥിരം വിളിച്ചുകൊണ്ടിരിക്കുന്നത് തനി ധിക്കാരമല്ലാതെ മറ്റെന്താണ്. അടുത്തടുത്ത് പള്ളികളുള്ള നഗരങ്ങളിലെ പ്രധാന ഓഫീസുകളിലേക്കും വിദ്യാലയങ്ങളിലേക്കും കോടതികളിലേക്കും ബിസിനസ്സ് കേന്ദ്രങ്ങളിലേക്കുമെല്ലാം മൂന്നും നാലും അതിലധികവുമുള്ള പള്ളികളിൽനിന്ന് സ്ഥിരമായി 5 നേരവും സ്പീക്കറിലൂടെ ഉച്ചത്തിൽ ബാങ്ക് കേൾപ്പിച്ചുകൊണ്ടിരിക്കുക എന്നത് കടുത്ത സാമൂഹ്യദ്രോഹമാണെന്നതിൽ സംശയമില്ല. ആ സത്യം ആരും മൂടിവെച്ചിട്ട് കാര്യവുമില്ല. തീരെ നമസ്ക്കരിക്കാത്തവർപോലും അതെല്ലാം സ്ഥിരമായി സഹിച്ചുകൊണ്ടിരിക്കുന്നത് ഖുർആനിലെ "മഹത്തായ കൽപന"യാണല്ലോ അതെല്ലാമെന്ന വിശ്വാസംകൊണ്ടു മാത്രമാണ്. അബൂഹുറയ്റയുടെ ജൂതകൽപനയാണതെന്ന സത്യം അറഞ്ഞിരുന്നുവെങ്കിൽ ഒറ്റ പള്ളിയിൽനിന്നും പിന്നെ ബാങ്ക് വിളിക്കാൻ സമുദായം അനുവദിക്കുമായിരുന്നില്ല. പക്ഷേ, ഖുർആനിലെ ഇത്തരം സത്യങ്ങളൊന്നും വെളിപ്പെടുത്താൻ ഒറ്റ ഖുർആൻ പണ്ഡിതനും ഒരു മതപണ്ഡിതനും ഇക്കാലംവരെ രംഗത്ത് വരികയുണ്ടായില്ലല്ലോ.

## സ്ഥാനത്തും അസ്ഥാനത്തും വിളിച്ചുപറയൽ അബൂഹുറയ്റ:യുടെ പെരും 'ബിദ്അത്തി'ന്റെ പ്രത്യേകത!

അബൂഹുറയ്റയുണ്ടാക്കിയ ഏറ്റവും പ്രചാരമുള്ള രണ്ട് ബിദ്അത്തുകളാണ് ബാങ്ക് വിളിയും നമസ്ക്കാരത്തിലെ സലാം ചൊല്ലലുമെന്നതിൽ സംശയമില്ലല്ലോ. അത് രണ്ടും കണക്കിലേറെ പ്രചാരത്തിലാവാൻ താൻചെയ്ത തന്ത്രമെന്തെന്നല്ലേ: അതാണ് രസാവഹമായിട്ടുള്ളത്. അത് ശ്രദ്ധിക്കുക. മറ്റുള്ളവരെ കേൾപ്പിക്കലും അവരുമായി സമ്പർക്കം പുലർത്തലുമാണല്ലോ ബാങ്കിന്റെയും സലാമിന്റെയും ഏക ലക്ഷ്യം. എന്നിരിക്കെ ഒറ്റ മനുഷ്യനുമില്ലാത്ത സ്ഥലത്ത് വെച്ച് ഒറ്റക്കൊരാൾ നമസ്ക്കരിക്കുകയാണെങ്കിൽ പോലും "നിങ്ങളെല്ലാവരും നമസ്ക്കരിക്കാൻ ഓടിവരൂ"എന്നും "നിങ്ങൾക്കെല്ലാം രക്ഷയുണ്ടാവട്ടെ"എന്നുമുള്ള വിഡ്ഢിത്തരങ്ങൾ ബാങ്കിലൂടെയും നമസ്ക്കാരത്തിലൂടെയും സ്ഥിരം വിളിച്ചുപറയണമെന്നാണ് ജൂതമുനാഫിഖായ അബൂഹുറയ്റയും തന്റെ കമ്പനിക്കാരും കൂടി മുസ്ലിംകളെമുഴുവൻ ഇക്കാലംവരെ പഠിപ്പിച്ചിരിക്കുന്നത്. ഇത്രയേറെ ലജ്ജാവഹലും അർത്ഥശൂന്യവുമായ രണ്ടനാചാരം മുസ്ലിംകളുടെ മേൽ അടിച്ചേൽപ്പിക്കാൻ വേണ്ടി എന്തെല്ലാം നുണകളാണ് നബിയുടെപേരിൽ അബൂഹുറയ്റാ കമ്പനിക്കാർ കെട്ടി പ്രചരിപ്പിച്ചതെന്നോ? തന്റെ പ്രധാന എജന്റുമാരായ ബുഖാരിയും മുസ്ലിമും അതൊക്കെ 'മുത്തഫഖുൻ അലൈഹി'യാക്കി എഴുതിവെക്കുകയും ചെയ്തിരിക്കുന്നു. അത്തരം വിഡ്ഢിത്തങ്ങളെല്ലാം വിഴുങ്ങാൻ പറ്റിയ കുറേ "അയ്യൂഹന്നാസുകൾ"ഇവിടെ എക്കാലത്തുമുണ്ടാകുമെന്നസത്യം അവർക്കറിയാമല്ലോ. ഏതൊരു മുസ്ലിം കുട്ടിയും പ്രസവിച്ചുവീണപാട് അതിന്റെ രണ്ട് ചെവിയിലും "ഹയ്യ അലസ്സ്വലാഹ്" "ഹയ്യഅലസ്സ്വലാഹ്"(നമസ്ക്കരിക്കാൻ ഓടിവാ: നമസ്ക്കരിക്കാൻ ഓടിവാ) എന്ന 'ഭ്രാന്തൻ വിളി' നടപ്പിലാക്കിയ അബൂഹുറയ്റാ താവഴിക്കാർക്കിനി അടിച്ചേൽപ്പി



ക്കാൻ പറ്റാത്ത എന്തെങ്കിലും കഴുതത്തരങ്ങൾ ലോകത്തുണ്ടാകുമോ എന്നാണ് നമുക്ക് ചോദിക്കുവാനുള്ളത്. തീവണ്ടിയോ വിമാനമോ പുറപ്പെട്ട ഉടനെ യാത്ര അയക്കാൻ ചെന്നവരെല്ലാവരും കൂടി അവിടെവെച്ച് ഒരു 'കൂട്ട ബാങ്ക് വിളി' നടത്തൽ സുന്നത്താണെന്നുവരെ സുന്നത്ത് ജമാഅത്ത്കാരുടെ പ്രധാന ഗ്രന്ഥങ്ങളായ തുഹ്ഫ, മുഗ് നീ, നിഹായ മുതലായ വാറോല പ്രമാണങ്ങളിൽ എഴുതിവെച്ചിരിക്കുന്നു. അബൂഹുറയ്റാ താവഴിക്കാർ ഈ സമുദായത്തെക്കൊണ്ട് കുരങ്ങ് കളിപ്പച്ചതിന്റെ കോലം നോക്കുക. മേൽപറഞ്ഞ ഗ്രന്ഥങ്ങളുടെ അനുയായികൾപോലും ഇപ്പോൾ അതൊന്നും നടപ്പിലാക്കാത്തത് അവരിൽ പലർക്കും അതറിയാത്തതുകൊണ്ടോ അതറിയുന്നവർക്കതിലുള്ള വഷളത്തരം സഹിക്കാൻ കഴിയാത്തത്കൊണ്ടോ മാത്രമാണ്. അപ്പോൾ അബൂഹുറയ്റ:യുണ്ടാക്കിയ ജൂതബാങ്കും ജൂതസലാമും മുസ്ലിംജനകോടികളെല്ലാം നിത്യേന അഞ്ച് നേരം നിർവ്വഹിക്കണമെന്ന് മാത്രമല്ല, തികച്ചും അസ്ഥാനത്താണെന്നുറപ്പുള്ള സന്ദർഭങ്ങളിൽപോലും ഭ്രാന്തന്മാരെപ്പോലെ അത് രണ്ടും ഉരുവിട്ടുകൊണ്ടിരിക്കണമെന്ന് കൂടി അബൂഹുറയ്റ ശാഠ്യം പിടിച്ചപ്പോൾ അത് അതേപടി നിയമമാക്കുകയും നമ്മുടെ സമുദായത്തിന്റെ മേൽ അതടിച്ചേൽപ്പിക്കുകയുമാണ് ബുദ്ധിശൂന്യരായ പുരോഹിതവർഗ്ഗം ഇക്കാലംവരെ ചെയ്തത്. അങ്ങിനെയുള്ള അവർ ബാങ്കിലും സലാമിലുമുള്ള ജൂതത്തരങ്ങളും ഖുർആൻവിരോധവുമൊന്നും കണ്ട് പിടിച്ചില്ലെങ്കിൽ അതിലൊന്നും അൽഭുതപ്പെടാനില്ല. ആ ജുതത്തരങ്ങളെല്ലാം നടപ്പിലാക്കാൻവേണ്ടി മാത്രമാണല്ലോ അവരുടെ ആ ജുതഗ്രന്ഥങ്ങളെല്ലാം അവരെഴുതിയുണ്ടാക്കിയതും. അബൂഹുറയ്റ ഒരു കടുത്ത മുനാഫിഖായിരുന്നെന്ന് അണുവോളം മനസ്സിലാക്കിയിട്ടില്ലാത്ത ശുദ്ധഗതിക്കാരായ ധാരാളം മതപണ്ഡിതന്മാർ അബൂഹുറയ്റയെ ഏറ്റവും മുന്തിയ സത്യസന്ധനായി വിശ്വസിച്ചതിന്റെ പേരിൽ തന്റെ ബാങ്കിലും നമസ്ക്കാരത്തിലുമുള്ള ഒറ്റ ജൂതായിസവും ശ്രദ്ധിക്കാതെപോയെങ്കിൽ അതൊക്കെ സ്വാഭാവികം മാത്രമാണ്. ആയതിന്ന് നൂറുകണക്കിൽ തെളിവുകൾ ഇതേപോലെ എന്റെ മുൻഗ്രന്ഥങ്ങളിലും ഈയുള്ളവൻ നിരത്തിവെച്ചിട്ടുണ്ട്.

## ബാങ്ക് നിർത്തലാക്കാൻ സാധ്യമാണോ

ഇത്രയും കടുത്ത ജൂതായിസങ്ങളുൾക്കൊള്ളുന്ന ഈ ഖുർആൻ വിരുദ്ധ ബാങ്ക്വിളി പറ്റെ നിർത്തലാക്കുകയല്ലേ നല്ലത് ; പക്ഷേ 1350 വർഷമായി ലോക

ത്തൊട്ടാകെ നിലനിന്ന് പോന്ന ആ പാരമ്പര്യം പറ്റെ നിർത്തലാക്കാൻ സാധ്യമാണോ? എന്നൊക്കെയായിരിക്കും പലർക്കും ചോദിക്കാനുണ്ടാവുക. അതിന്റെ മറുപടിയും പറയാം: ഖുർആൻ വിരുദ്ധാശയവും കപടത്തരവുമുൾക്കൊള്ളുന്ന ഇന്നത്തെ ബാങ്ക് വിളി മുസ്ലിംകൾ എത്രയും വേഗം നിർത്തലാക്കേണ്ടതാണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, അബൂഹുറയ്റയുടെ ഒറ്റ അനുയായിയും അന്ത്യനാൾവരെ അതൊഴിവാക്കുമെന്നാരും പ്രതീക്ഷിക്കേണ്ടതുമില്ല. എങ്കിലും പള്ളികളിൽ നിന്നത് പറ്റെ ഉപേക്ഷിക്കാൻ ഒരെളുപ്പമാർഗ്ഗമുണ്ട്. അത് മറ്റൊന്നുമല്ല.: ഏതൊരു ബാങ്ക് മുക്രിക്കും മേലിൽ ശമ്പളമില്ലെന്ന് സമുദായം തീരുമാനിച്ചാൽ മതി. അന്ന് മുതൽ ഒറ്റ പള്ളിയിൽനിന്നും ബാങ്ക് വിളി കേൾക്കാനിടവരികയില്ല, തീർച്ച. ചില ദുശ്ശാഠ്യക്കാർ പിന്നെയും അത് തുടരാൻ തയ്യാറായാൽ തന്നെ ഒന്നോരണ്ടോ മാസത്തിലധികം അത് നീണ്ടുപോവുകയുമില്ല. അതിനാൽ ബാങ്ക് വിളി നിർത്തലാക്കൽ ഒരു പ്രയാസമുള്ള കാര്യമല്ലെന്നാണ് നമുക്ക് പറയാനുള്ളത്. ഇനി ബാങ്ക് വിളിക്കാത്ത മുക്രിമാർക്കേ മേലിൽ ശമ്പളമുള്ളൂവെന്ന ഒരു തീരുമാനം സമുദായമെടുത്താൽപിന്നെ ഒറ്റയടിക്ക് തന്നെ ബാങ്ക് നിർത്തലാക്കുകയും ചെയ്യാം.

## ബാങ്ക് വിളി കേട്ടാൽ പ്രസംഗം നിർത്തണമോ?

ഇപ്പോൾ പ്രധാനമായും ഉത്ഭവിക്കുന്ന മറ്റൊരു ചോദ്യമാണിത്. അതിന്റെ മറുപടിയും പറയാം.

മേൽവിവരിച്ച രൂപത്തിലുള്ള കളവും കാപട്യവുമുൾക്കൊള്ളുന്ന ഖുർആൻ വിരുദ്ധമായ 7 തെറ്റുകളോടുകൂടിയ ഒരു കടുത്ത അനാചാരമാണ് ബാങ്കെന്ന് തീർച്ചപ്പെട്ടുകഴിഞ്ഞാൽ പിന്നെ, ആ ബാങ്ക് വിളി കേൾക്കുമ്പോഴേക്കും ഖുർആൻക്ലാസ്പോലും നിർത്തിവെക്കുന്നതും സംസാരമെല്ലാം നിർത്തി വായ് മൂടിക്കെട്ടുന്നതും ആ ബാങ്ക് വിളിയോട് ഭക്തിയും ബഹുമാനവും കാണിക്കുന്നതുമെല്ലാം തികച്ചും നിയമവിരുദ്ധവും അനിസ്ലാമികവുമാണെന്നതിൽ സംശയമില്ല. കാരണം: തെറ്റായ ഒരാചാരത്തോട് കൂറ് പുലർത്തുന്നതൊരിക്കലും ഇസ്ലാമികമാവുകയില്ലല്ലോ. അതിനാൽ ജുതനായ അബൂഹുറയ്റയുണ്ടാക്കിയ ബാങ്ക് കേൾക്കുമ്പോഴുള്ള ആ ഭക്തിയും അച്ചടക്കവുമൊക്കെ മേലിൽ ഉപേക്ഷിക്കുകയാണ് ഖുർആൻ ഭക്ത



ന്മാർ ചെയ്യേണ്ടത്. എന്ന് മാത്രമല്ല, ബാങ്ക് വിളി കേൾക്കുമ്പോൾ അതു ഖുർആനിലെ 160ഓളം ആയത്തുകൾക്ക് കടകവിരുദ്ധമായ ഒരു പച്ചക്കള്ളമാണല്ലോ ഇപ്പോൾ പറയാൻ പോകുന്നതെന്ന യാഥാർത്ഥ്യം മനസ്സിൽ ഓർത്തുകൊണ്ട് സൗകര്യമെങ്കിൽ എന്തെങ്കിലും സംസാരിക്കുകവഴി ആ കള്ളം കേൾക്കാതിരിക്കാൻ ശ്രമിക്കുന്നതും നല്ലതാണ്. എന്നിരിക്കുമ്പോൾ 'ബാങ്കിന്നുത്തരം പറയുക' എന്ന സമ്പ്രദായം എത്രത്തോളം വിഡ്ഢിത്തരമാണെന്ന് പറയേണ്ടതുണ്ടോ?

വസ്തുതകൾ ഇതൊക്കെയാണെങ്കിലും പള്ളിപ്പരിസരത്ത് വെച്ച് പ്രസംഗം നടത്തിക്കൊണ്ടിരിക്കുമ്പോൾ ബാങ്ക് വിളികേട്ടാൽ കാര്യഗൗരവമുള്ള വിഷയങ്ങളെപ്പറ്റിയാണ് സംസാരിക്കുന്നതെങ്കിൽ തൽക്കാലം പ്രസംഗം നിർത്തിവെക്കലാണ് നല്ലത്. കാരണം: ബാങ്കിന്റെയിടയിൽ പ്രസംഗിച്ചാൽ സദസ്യർക്ക് ചിലപ്പോൾ വിഷയം മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നും വരും. കൂടാതെ ചില അബൂഹുറയ്റാ പ്രഭൃതികൾ എന്തെങ്കിലും കുഴപ്പമുണ്ടാക്കി എന്നും വരും. അപ്പോൾ അത് രണ്ടും ഒഴിവാക്കാൻവേണ്ടി അത്തരം സന്ദർഭങ്ങളിൽ പ്രസംഗം നിർത്തലാണ് നല്ലതെന്നാണ് നമുക്ക് പറയാനുള്ളത്. ഇനി മേൽപറഞ്ഞ ഭവിഷ്യത്തുകളൊന്നുമില്ലാത്ത അവസ്ഥയാണെങ്കിലോ? അപ്പോൾ പ്രസംഗം നിർത്തിവെക്കേണ്ട ആവശ്യമില്ലതാനും.

## ദോഷം പൊറുക്കാൻ പ്രായശ്ചിത്തം ചെയ്തേപറ്റൂ!

160ഓളം ആയത്തുകൾക്ക് കടക വിരുദ്ധവും കടുത്ത സമുദായ വഞ്ചനയുൾക്കൊള്ളുന്നതുമായ ബാങ്കിലെ കപടമുദ്രാവാക്യം ദിനംപ്രതി അഞ്ച് നേരം 10 തവണ വിളിച്ചുപറയുന്നതിനാൽ അവർ പേറിക്കൊണ്ടിരിക്കുന്ന കുറ്റം ചില്ലറയൊന്നുമല്ല. ആ കുറ്റം അല്ലാഹു പൊറുത്ത്കൊടുക്കണമെങ്കിൽ ബാങ്കിൽനിന്നാ മുദ്രാവാക്യം ഒഴിവാക്കിയേതീരൂ! തൽസ്ഥാനം പൂരിപ്പിക്കാൻ മറ്റെന്തെങ്കിലുമൊന്ന് പറയണമെന്ന് നിർബന്ധമുണ്ടെങ്കിൽ ''ഹയ്യഅലസ്സ്വലാഹ്'' എന്ന വാക്യം തന്നെ വീണ്ടും ആവർത്തിക്കുക. പക്ഷേ, ''ഹയ്യഅൽഫലാഹ്'' എന്ന് വിളിച്ചുപറയാതെ അബൂഹുറയ്റാ താവഴിക്കാരാരും ഒരു കാലത്തും സമ്മതിക്കുകയില്ലെന്ന് മാത്രം. അതിനാൽ അത്തരക്കാരുടെ കട്ടപിടിച്ച 'ജാഹിലിയ്യ' ത്തിൽ നിന്ന് രക്ഷപ്പെടാൻ മാർഗ്ഗമില്ലാത്ത മുക്രിമാർ ഏറ്റവും ചുരുങ്ങിയ ഒരു പ്രായശ്ചിത്തമെങ്കിലും ചെയ്യേണ്ടതുണ്ട്. അത് മറ്റൊന്നുമല്ല: ബാങ്ക് വിളിക്കുന്ന എല്ലാ പള്ളികളിലും ''നമസ്ക്കരിച്ചതു

കൊണ്ട് വിജയമില്ല; സകാത്തും കൂടി നൽകിയെങ്കിലേ വിജയമുള്ളൂ; സകാത്ത് നൽകാത്ത നമസ്ക്കാരക്കാർക്കെല്ലാം കഠിനനാശമാണ്. എന്ന് വിശുദ്ധ ഖുർആൻ 107''എന്നീപ്രകാരം പള്ളിയുടെമുൻഭാഗത്തെ ചുമരിൽ എഴുതിയിടുകയെങ്കിലും ചെയ്യുക. ഇതാണാ പ്രായശ്ചിത്തം. ഖുർആനിലെ ആ കടുത്തസത്യം പള്ളിയുടെ ചുമരിൽ എഴുതിയിടാൻപോലും സമ്മതിക്കാത്തവരാണ് പള്ളിഭാരവാഹികളെങ്കിൽ അവരെല്ലാം തനി ഖുർആൻ നിഷേധികളും ധിക്കാരികളുമാണെന്നതിലും അവരുടെ ബാങ്കും നമസ്ക്കാരവുമൊക്കെ സമുദായത്തെ വഞ്ചിക്കാൻവേണ്ടി മാത്രമുള്ളതാണെന്നതിലും ആരും സംശയിക്കേണ്ടതില്ല. ഇതുപോലുള്ള ഖുർആനിക സത്യങ്ങളൊന്നും തന്നെ ഇക്കാലംവരെ പുറത്ത് വരാതിരിക്കാൻ കാരണവുമതാണ്.

## അദ്ധ്യായം 2

# ജമാഅത്ത് നമസ്ക്കാരം

### ദിവസത്തിലൊരിക്കലെങ്കിലും ജമാഅത്തിന്ന് പള്ളിയിൽ പോകൽ സുന്നത്ത്പോലുമില്ലെന്ന് വി:ഖുർആൻ (9:122) കൊണ്ട് തെളിഞ്ഞു.

ലോകത്തിലെ സകല സമുദായങ്ങൾക്കും അല്ലാഹു നമസ്ക്കാരം ഫർസാക്കിയിട്ടുണ്ട്. അതോരോന്നും വ്യത്യസ്ത രൂപത്തിലാണെന്നുമാത്രം. എന്നാൽ ഓരോ ദിവസവും ഒരു നേരമെങ്കിലും ദേവാലയത്തിൽ ചെന്ന് കൂട്ടപ്രാർത്ഥന നടത്തണമെന്ന് ശാഠ്യം പിടിച്ച ഒറ്റ മതക്കാരേയും ലോകത്തിന്നേവരെ അറിയപ്പെട്ടിട്ടില്ല. അങ്ങിനെ ചെയ്യാൻ കൽപിച്ച ഒറ്റ മതവും ഒരു പ്രവാചകനും കൊണ്ടുവന്നിട്ടുമില്ല. എന്നിരിക്കെ, മുസ്ലിംകളാകുന്ന നമ്മളെല്ലാവരും എല്ലാദിവസവും അഞ്ചേനരം നമ്മുടെ ദേവാലയമായ പള്ളിയിൽപോയി കൂട്ടപ്രാർത്ഥന നടത്തൽ നിർബ്ബന്ധമാണെന്നും അതിന്ന്



വേണ്ടിയാണ് അഞ്ച്നേരത്തെ ബാങ്ക് ഏർപ്പെടുത്തിയതെന്നും ബാങ്ക് വിളി കേട്ടവരെല്ലാം - കുരുടനായാൽപോലും - കൃത്യസമയത്ത് ജമാഅത്തിന്ന് പള്ളിയിലെത്തിച്ചേരണമെന്നും അങ്ങിനെ എത്തിച്ചേരുന്നവരുടെ എല്ലാം ഒരു ഹാജർപട്ടിക തയ്യാറാക്കാനും അതുമായി ദിനംപ്രതി രണ്ടുനേരം അല്ലാഹുവിങ്കൽ ചെന്ന് സാക്ഷിപറയാനുംവേണ്ടി രണ്ട് സംഘം മലക്കുകളെ ഓരോ പള്ളിയിലേക്കും അല്ലാഹു കാലാകാലം അയച്ചുകൊണ്ടിരിക്കുന്നുണ്ടെന്നും മറ്റും മറ്റുമാണ് ജൂതനായ അബൂഹുറയ്റയിലൂടെ ബുഖാരിയും മുസ്ലിമുമൊക്കെ എഴുതിവെച്ച ഹദീസുകൾവഴി പുരോഹിതവർഗ്ഗം നൂറ്റാണ്ടുകളായി നമ്മുടെ സമുദായത്തെപഠിപ്പിച്ചുപോന്ന മതവിശ്വാസങ്ങൾ, ആ വിശ്വാസങ്ങളെല്ലാം ഇസ്ലാമികമാണോ അല്ലയോ എന്ന് ഖുർആനിന്റെ വെളിച്ചത്തിൽ തെളിയിക്കുകയാണിവിടെ. ഇത് സംബന്ധിച്ച് കണിശമായ തെളിവു നൽകുന്ന ഏറ്റവും മുന്തിയ ഒരു ഖുർആൻ സൂക്തമാണ് താഴെ വിവരിക്കുന്നത്. അത് ശ്രദ്ധാപൂർവ്വം വായിക്കുക.

9 : 122ൽ അല്ലാഹു പറയുന്നു: ''സത്യവിശ്വാസികളെല്ലാവരും കൂടി (നബിയുടെ അടുക്കലേക്ക് എല്ലാദിവസവും) പൊയ്ക്കൊണ്ടിരിക്കുക എന്നത് പ്രായോഗികമല്ല. (ശരിതന്നെ) എന്നാൽപിന്നെ ഓരോ വിഭാഗത്തിൽ നിന്നും ഓരോ ചെറു സംഘമെന്ന തോതിൽ (നബിയുടെ അടുത്തേക്ക്) പോകാതിരിക്കുന്നതെന്തുകൊണ്ട് ? (എന്തിനുവേണ്ടിയാണ് പോകുന്നതെന്നോ) അവർ നബിയിൽനിന്ന് മതവിജ്ഞാനം കരസ്ഥമാക്കാൻവേണ്ടിതന്നെ. മാത്രമല്ല, ആ ചെറുസംഘങ്ങൾ മടങ്ങിച്ചെന്നശേഷം അവരുടെ ജനതക്ക് ആ വിജ്ഞാനം പകർന്നുകൊടുക്കുകവഴി അവർക്ക് മുന്നറിയിപ്പ് നൽകലുമാണ് ലക്ഷ്യം. അവർക്ക് ശ്രദ്ധിച്ചുജീവിക്കാൻ വേണ്ടി''(സൂറത്തു ത്തൗബ 122-ാം സൂക്തം)

എല്ലാദിവസവും അഞ്ചു നേരം പള്ളിയിൽ ജമാഅത്തിനെത്തിച്ചേരണമെന്ന പുരോഹിതമതത്തെ തകർത്തു തരിപ്പണമാക്കുന്ന ഏറ്റവും പ്രധാനപ്പെട്ടആയത്താണ് മേലുദ്ധരിച്ചത്. അതെങ്ങിനെയെന്ന് വിവരിക്കാം. ഓരോ നേരവും ജമാഅത്തായി നമസ്ക്കരിക്കൽ ഇസ്ലാമികാചാരമാണെങ്കിൽ അതാദ്യമായി നിലനിർത്തേണ്ടത് നബിയുടെ മദീനത്തെ പള്ളിയിലായിരുന്നല്ലോ. നബി മതാദ്ധ്യാപനം നടത്തിയിരുന്നതും അതേപള്ളിയിൽ വെച്ചുതന്നെയായിരുന്നു. അങ്ങിനെയുള്ള ആ പള്ളിയിലേക്ക് ചുറ്റുഭാഗത്തുമുണ്ടായിരുന്ന മദീനാ നിവാസികളും ഗ്രാമീണരുമെല്ലാം എല്ലാ ഓരോ ദിവസവും എത്തിച്ചേരുക എന്നത് പ്രയാഗികമേ അല്ലെന്നാണ് ഖുർആൻ ആദ്യം തന്നെ തുറന്ന് പ്രഖ്യാപിച്ചത്. എന്നാൽ പള്ളിയുടെ നാനാഭാഗങ്ങളിലായി താമസി

ക്കുന്ന ഓരോ ഗ്രൂപ്പിൽ നിന്നും ഓരോ ചെറുസംഘം വീതം നബിയുടെ അടുത്തേക്ക് ചെല്ലൽ അത്യാവശ്യമാണെന്ന് ഖുർആൻ തുടർന്ന് നിർദ്ദേശിക്കുകയും ചെയ്തു. അത്രയും പറഞ്ഞുകൊണ്ട് ഖുർആൻ നിർത്തിയിരുന്നെങ്കിൽ നമസ്ക്കരിക്കാൻവേണ്ടി മാത്രമാണ് പള്ളിയിലിരുന്നിരുന്ന നബിയുടെ അടുത്തേക്ക് ചെല്ലാൻ അല്ലാഹു കൽപിച്ചതെന്ന് പുരോഹിതവർഗ്ഗം ഏകകണ്ഠമായി വാദിക്കുമായിരുന്നു. ലോകത്തൊരാൾക്കും അതിനെ ഖണ്ഡിക്കാൻ കഴിഞ്ഞിരുന്നുമില്ല. അതിനാൽ ആ കള്ളവാദത്തിന്ന് തീരെ പഴുതില്ലാതാക്കാനും പള്ളിയിൽ ജമാഅത്തിന്നെത്തിച്ചേരൽ നിർബ്ബന്ധമാണെന്ന പുരോഹിതമതം തകർത്ത് തരിപ്പണമാക്കാനും വേണ്ടിയാണ് പള്ളിയിൽ ക്യാമ്പ് ചെയ്യുന്ന നബിയുടെ അടുത്തേക്ക് കുറച്ചുപേരെങ്കിലും ദിവസേന ചെല്ലണമെന്ന് പറഞ്ഞതിന്റെ ലക്ഷ്യം നബിയുടെ മതപഠനക്ലാസ്സിൽ പങ്കെടുക്കൽ മാത്രമാണെന്ന് അല്ലാഹു പ്രത്യേകം നിർണ്ണയിച്ചു പറഞ്ഞത്. അവിടെന്നാ പഠിച്ചതെല്ലാം സ്വസമൂഹത്തിൽ പോയി പഠിപ്പിച്ചുകൊടുക്കലാണ് രണ്ടാമത്തെ ലക്ഷ്യമെന്നും അല്ലാഹു ചൂണ്ടിക്കാട്ടി. എന്നാൽ മൂന്നാമതായിട്ടെങ്കിലും ദിനംപ്രതി നബിയുടെ അടുത്തേക്ക് ചെല്ലുന്ന ആ ചെറു സംഘങ്ങൾ നബിയുടെ കൂടെ നമസ്ക്കാരത്തിൽ പങ്ക്ചേരലും ഒരു ചെറിയ ലക്ഷ്യമാണെന്ന് അല്ലാഹു സൂചിപ്പിച്ചതേയില്ല. നബിയുടെ നമസ്ക്കാരത്തിൽ പങ്ക്ചേരാൻ സാധിച്ചെങ്കിൽ അങ്ങിനെ, ഇല്ലെങ്കിൽ എങ്ങിനെയെങ്കിലും നമസ്ക്കരിച്ചാൽ മാത്രംമതി എന്ന് അല്ലാഹു തീരുമാനിച്ചതുകൊണ്ടാണ് ഖുർആനിലൊരിടത്തും നിത്യജമാഅത്തിനെപറ്റി ഒരു സൂചനപോലും നൽകാതിരുന്നതെന്ന് ഖുർആൻ വിശ്വാസികൾ നിർബ്ബന്ധമായും മനസ്സിലാക്കേണ്ടിയിരുന്നു.

ജമാഅത്ത് നമസ്ക്കാരം തീരെ നിർബ്ബന്ധമില്ലെന്നും അത് സുന്നത്ത്പോലുമല്ലെന്നുമൊക്കെ പൂർണ്ണമായി തെളിവ് നൽകുന്ന ഇങ്ങിനെയൊരു സൂക്തം ഖുർആനിലുണ്ടായിട്ടും ആ സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ സുന്നത്ത് ജമാഅത്തിലെ ഒറ്റ ഖുർആൻ വ്യാഖ്യാനക്കാരനും ആ സത്യം തുറന്നുപറയുകയോ അതല്ലെങ്കിൽ അതിന്നെന്തെങ്കിലും ഒരു മറുപടി രേഖപ്പെടുത്തുകയോ ചെയ്യാതിരുന്നത് അവരുടെ വിവരക്കേടു കൊണ്ടല്ലെങ്കിൽ തനി കപടത്തരം കൊണ്ടാണെന്നതിൽ ഖുർആൻ വിശ്വാസികൾക്കു സംശയിക്കാൻ പാടുള്ളതല്ല. അത്രക്കും വ്യക്തമായ ദൃഷ്ടാന്തത്തെയാണ് അവർ ഏകകണ്ഠമായി പൂഴ്ത്തിവെച്ചിരിക്കുന്നത്. അത്തരം ദൃഷ്ടാന്തങ്ങളൊക്കെ പൂഴ്ത്തിവെക്കാൻ വേണ്ടി തന്നെയാണ് ആ കള്ളത്തഫ് സീറുകളെല്ലാം അവരെഴുതിയുണ്ടാക്കിയിരിക്കുന്നതും. ഇവിടെ അവർ കാണിച്ച കള്ളത്തരവും കപടത്തരവുമെന്തൊക്കെ എന്ന് കാണുക. അതാണ് താഴെ വിവരിക്കുന്നത്.



# ജൂതൻമാരെ കടത്തിവെട്ടിയ ഖുർആൻ ദുർവ്യാഖ്യാനം

മേൽ വിവരിച്ചപ്രകാരം ദിനംപ്രതി ഒരു നമസ്ക്കാരമെങ്കിലും നബിയുടെ കൂടെ ജമാഅത്തായി നിർവ്വഹിക്കാൻ ഖുർആൻ സൂചിപ്പിക്കുകപോലും ചെയ്യുന്നില്ലെന്ന് മേൽസൂക്തംകൊണ്ട് സൂര്യപ്രകാശംപോലെ തെളിയുമെന്നുറപ്പായപ്പോൾ അബൂഹുറയ്റാ താവഴിക്കാരായ ഖുർആൻ വ്യാഖ്യാനക്കാർ ചെയ്തപണി എന്തെന്നല്ലേ? ഭാഷാനിയമം പറ്റെ അട്ടിമറിച്ചുകൊണ്ടും മനപൂർവ്വം കള്ളംപറഞ്ഞുകൊണ്ടും ഖുർആൻ ദുർവ്യാഖ്യാനം ചെയ്യുക തന്നെ. അതെങ്ങിനെ എന്നു കാണുക: മേൽ ഖുർആൻ സൂക്തത്തിന്നവർ അർത്ഥം നൽകുന്നതിപ്രകാരമാണ്: സത്യവിശ്വാസികളെല്ലാം കൂടി (യുദ്ധത്തിന്ന്) പോകൽ ശരിയല്ല. അതിനാൽ ഓരോ വിഭാഗത്തിൽനിന്നും ഓരോ ചെറുസംഘം വീതം യുദ്ധത്തിന്ന് പോകാത്തതെന്ത്കൊണ്ട്? (അതെന്തിന്നുവേണ്ടി എന്നോ) അവർ(യുദ്ധത്തിന്ന് പോകാത്തവർ) മതവിഷയങ്ങൾ പഠിക്കാൻവേണ്ടിയും അവർ (യുദ്ധത്തിന്ന് പോയവർ) മടങ്ങിവരുമ്പോൾ അവർക്ക് മുന്നറിയിപ്പ് നൽകാൻ വേണ്ടിയുമാണ് ചെറുസംഘങ്ങൾ വീതമേ യുദ്ധത്തിന്ന് പോകേണ്ടതുള്ളൂ എന്ന്, കൽപിച്ചത്.

നോക്കണം: എന്തൊക്കെ അട്ടിമറികളാണ് മേൽ വ്യാഖ്യാനക്കാർ ചെയ്തിരിക്കുന്നതെന്നോ?

1.മതവിഷയങ്ങൾ പഠിക്കാനും അത് സ്വസമൂഹത്തിന്ന് പഠിപ്പിച്ചുകൊടുക്കാനും വേണ്ടിയാണ് ഓരോ ചെറു സംഘത്തോടും നബിയുടെ അടുക്കലേക്ക് പോവാൻ കൽപിച്ചതെന്ന് ഖുർആൻ വ്യക്തമാക്കിപ്പറഞ്ഞിട്ടും യുദ്ധത്തിന് പോവാനാണ് ആ ചെറുസംഘങ്ങളോട് അല്ലാഹു കൽപിച്ചതെന്ന ശുദ്ധനുണയാണ് മേൽവ്യാഖ്യാനക്കാർ എഴുതിവെച്ചിരിക്കുന്നത്. യുദ്ധത്തിന്ന് പോകുമ്പോൾ ചെറുസംഘങ്ങൾ മാത്രമായാണ് പോകേണ്ടതെന്നാണ് ആ കപടപുരോഹിതൻമാർ അർത്ഥം നൽകുന്നത്. രോഗികളും കുരുടൻമാരും അംഗഭംഗമുള്ളവരുമൊഴിച്ചുള്ള സകലരും സന്ദർഭമനുസരിച്ചു യുദ്ധത്തിൽ പങ്കെടുക്കൽ നിർബ്ബന്ധമാണെന്ന് വളരെ കർശനമായി ഖുർ

ആൻ കൽപിക്കുമ്പോൾ ഓരോ വിഭാഗത്തിൽനിന്നും കേവലം ഓരോ ചെറുസംഘം വീതമേ പോകേണ്ടതുള്ളൂവെന്ന് വ്യാഖ്യാനിക്കുന്നവർ തനിജൂതാസുകളല്ലാതെ മറ്റാരാണാവുക. അതായത്: കഴിയുന്നതും വൻസംഘങ്ങളായി യുദ്ധത്തിന്ന് പോകാൻ ഖുർആൻ കൽപിക്കുമ്പോൾ അഥവാ സൗകര്യമുള്ളവരൊക്കെ യുദ്ധത്തിന്ന് പോകാതിരിക്കുന്നതിനെ ഖുർആൻ കഠിനമായാക്ഷേപിക്കുമ്പോൾ- കേവലം ചെറുസംഘങ്ങളെ യുദ്ധത്തിന്ന് പോകേണ്ടതുള്ളൂവെന്ന് അതേ അദ്ധ്യായത്തിൽതന്നെ വ്യാഖ്യാനമെഴുതിവെച്ച പുരോഹിതപ്പരിഷകൾക്ക് അൽപമെങ്കിലും ഈമാനോ ദൈവഭയമോ ഉണ്ടോ എന്നാണ് നമുക്ക് ചോദിക്കുവാനുള്ളത്.

2.ഒരു പൂർണ്ണവാക്യത്തിൽ ഒരു സർവ്വനാം വന്നാൽ അതിന്ന് തൊട്ടുമുമ്പുള്ള നാമത്തിന്റെ അർത്ഥം വെക്കുന്നതിന്ന് തടസ്സമില്ലെങ്കിൽ അത് തന്നെ ഉദ്ദേശമാക്കണമെന്ന കണിശമായ ഭാഷാനിയമം ലംഘിച്ചുകൊണ്ടാണ് മേൽ ഖുർആൻസൂക്തം അവർ വ്യാഖ്യാനിച്ചിരിക്കുന്നത്. അതായത്; ഒരേരൂപത്തിൽ കർത്താവായി ആവർത്തിക്കപ്പെട്ട സർവ്വനാമംകൊണ്ട് യാതൊരു തെളിവുമില്ലാതെ, തിരിച്ചും മറിച്ചും [ബ്രാക്കറ്റിൽ കൊടുത്തതുപോലെ] വിവക്ഷിക്കുകയാണ് അവർ ചെയ്തത്. അത് കടുത്ത ആഭാസവും നിയമവിരുദ്ധവുമാണെന്ന് ഭാഷാനിയമങ്ങൾ അൽപമെങ്കിലും പഠിച്ചവർക്കൊക്കെഅറിയാവുന്ന വസ്തുതയാണ്. മേൽപറഞ്ഞ വ്യാഖ്യാനത്തിലെ ആഭാസങ്ങൾ ഇനിയും വിവരിക്കാനുണ്ടെങ്കിലും അതിനേക്കാൾ ശ്രദ്ധേയമായ മറ്റൊരു കാര്യമാണ് താഴെ വിവരിക്കുന്നത്. അതെന്തെന്ന് കാണുക.

## ദുർവ്യാഖ്യാനം കൊണ്ടും ഫലമില്ല

മേൽവിവരിച്ച ആഭാസകരമായ ദുർവ്യാഖ്യാനങ്ങളെല്ലാം അവർ ചെയ്തത് യുദ്ധത്തിന്ന് പോകാത്തവരൊക്കെ നബിയുടെ പള്ളിയിൽ ദിവസേന എത്തിച്ചേരാൻ ഖുർആൻ കൽപിച്ചിട്ടുണ്ടെന്ന് വരുത്തിത്തീർക്കാൻവേണ്ടി മാത്രമായിരുന്നല്ലോ. പക്ഷേ, അത് കൊണ്ടും യാതൊരു ഫലവുമില്ല. കാരണം: അപ്പോൾ എല്ലാവരും നബിയുടെ ഖുർആൻക്ലാസിന് പള്ളിയിലെത്തിച്ചേരണമെന്നല്ലാതെ, രാവിലെയോ വൈകുന്നേരമോ ഉള്ള നമസ്ക്കാരത്തിൽ നബിയുടെ കൂടെ പങ്ക് ചേരണമെന്നൊരിക്കലും അത്കൊണ്ട് വരികയില്ല. അതായത് : സുബ്ഹി നമസ്ക്കാരം വീട്ടിൽ നിന്ന് നമസ്ക്കരിച്ചശേഷം നബിയുടെ ഖുർആൻ ക്ലാസിൽ പോയി പങ്കെടുക്കുകയും



അതേപോലെ ക്ലാസ്കഴിഞ്ഞ് വീട്ടിൽ തിരിച്ചെത്തിയശേഷം ഖുർആൻ പറയാറുള്ള തനുസരിച്ച് സന്ധ്യയോടെ അസറ് നമസ്ക്കരിക്കുകയും ചെയ്താൽതന്നെ ഖുർആൻ കൽപന ശരിക്കും അനുസരിച്ചു എന്ന് തീർത്തും പറയാവുന്നതാണ്. അവർ പൊതുവെ ചെയ്തിരുന്നതും അങ്ങിനെത്തന്നെയായിരുന്നെന്ന് ബുഖാരിമുസ്ലിം കൊണ്ടുപോലും തെളിയുന്നുമുണ്ട്. അതെങ്ങിനെ എന്നാൽ അധികദിവസവും ആയിഷ, ഉമ്മുസൽമ: മുതലായ ഭാര്യമാരുടെ വീട്ടിൽചെന്നശേഷമാണ് നബി വൈകുന്നേരത്തെ രണ്ട് റക്അത്ത് നമസ്ക്കരിക്കാറുള്ളതെന്ന് ബുഖാരിയും മുസ്ലിമും മറ്റും വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. രാവിലെ എന്നപോലെ വൈകുന്നരവും രണ്ട് റക്അത്ത് നമസ്ക്കരിക്കാൻ മാത്രമേ ഖുർആൻ കൽപിച്ചുട്ടുള്ളൂവല്ലോ. "നമസ്ക്കാരം" എന്ന ഗ്രന്ഥത്തിൽ ഞാനത് കണിശമായി തെളിയിച്ചതുമാണ്. അപ്പോൾ സന്ധ്യയോടടുത്ത് രണ്ട് റക്അത്ത് നമസ്ക്കരിക്കാൻ ഖുർആൻ പത്ത്തവണ ആവർത്തിച്ചു കൽപിക്കുകയും അതേസമയത്ത് തന്നെ നബി വീട്ടിൽവെച്ച് രണ്ട് റക്അത്ത് വീതം സാധാരണ നമസ്ക്കരിക്കാറുണ്ടെന്ന് സ്ഥിരപ്പെടുത്തപ്പെടുകയും ചെയ്താൽപിന്നെ ആ രണ്ട് റക്അത്ത് ഖുർആൻ കൽപിച്ച രണ്ട് റക്അത്തല്ലെന്നും മറ്റേതോ ഒരു നമസ്ക്കാരമായിരുന്നെന്നും സങ്കൽപിക്കുന്നത് കടുത്തകാപട്യവും ഖുർആൻ നിഷേധവും നബിയെ 'മുബ്തദി' ആക്കലുമൊക്കെയാണെന്നതിൽ സംശയമില്ല. അപ്പോൾ നബിയുടെ വീട്ടിൽവെച്ച് സന്ധ്യാസമയത്ത് നബി നമസ്ക്കരിക്കാറുള്ളത് അസറ് നമസ്ക്കാരം മാത്രമായിരുന്നെന്നും ദൂരെ സ്ഥലങ്ങളിൽ നിന്ന് പള്ളിയിൽ ഖുർആൻ ക്ലാസിനെത്തിയവരെ സന്ധ്യാനമസ്ക്കാരത്തിന്നുവേണ്ടി പള്ളിയിൽ നിർത്തിയാൽ അവർക്ക് ഇരുട്ടിന് മുമ്പ് വീടുകളിലെത്താൻ കഴിയില്ലെന്നതിനാൽ അവർക്കെല്ലാം സന്ധ്യാനമസ്ക്കാരം വീട്ടിലെത്തിയശേഷം നിർവ്വഹിക്കാൻ നബി അനുവാദം കൊടുത്തിരുന്നെന്നും സകല പുരോഹിതൻമാർക്കും വിശ്വസിക്കാൻപറ്റിയ തെളിവുകളാണ് മേൽപറഞ്ഞത്. എന്നല്ല ഖുർആനനുസരിച്ചുള്ള നബിചര്യ അങ്ങിനെയാവാനേ തരമുള്ളുതാനും. കാരണം: എല്ലാനേരവും സഹാബികളെക്കൂട്ടിജമാഅത്തായി നമസ്ക്കരിക്കണമെന്ന യാതൊരു സൂചനയും ഖുർആനിലില്ലാത്തത് കൊണ്ട് തന്നെ.

## നബിയുടെ വൈകുന്നേരത്തെ ഒറ്റക്കുള്ള നമസ്ക്കാരം സകല

# പുരോഹിതന്മാരെയും കുഴപ്പത്തിലാക്കി!

നബിയുടെകൂടെയോ ഒറ്റക്കായോ വൈകുന്നേരം രണ്ട് റക്അത്ത് നമസ്ക്കരിച്ചശേഷം (അസറ് നമസ്ക്കരിച്ചശേഷം) പുണ്യം കൂടുതലാക്കാൻവേണ്ടി സുന്നത്ത് നമസ്ക്കരിക്കുന്ന സമ്പ്രദായം സ്വഹാബിമാരിൽ ചിലർ നടപ്പിലാക്കാൻ തുടങ്ങിയിരുന്നു. നബി അതിനെ കർശനമായി വിലക്കുകയും ചെയ്തിരുന്നു. അഹ് ലുൽ ഹദീസുകാർതന്നെ അതെല്ലാം രേഖപ്പെടുത്തിവെച്ചിട്ടുമുണ്ട്. അതിനിടയിലാണ് അസ്റിന്ന് ശേഷം - സന്ധ്യയോടടുത്ത് - ഏതാണ്ടെല്ലാ ദിവസവും വീട്ടിൽവെച്ച് രണ്ട് റക്അത്ത് വീതം നബി സ്ഥിരം നമസ്ക്കരിക്കാറുണ്ടെന്ന ഹദീസ് ആയിശയിൽ നിന്നും ഉമ്മുസലമയിൽനിന്നും വേണ്ടത്ര പ്രചാരത്തിലായതും ബുഖാരിയും മുസ്ലിമുമെല്ലാം അവ രേഖപ്പെടുത്തിവെക്കാൻ നിർബന്ധിതരായതുമൊക്കെ. അത് അഹ്ലുൽ ഹദീസുകാരുടെയും സുന്നത്ത് ജമാഅത്ത്കാരുടെയും ഒരു കാലക്കേടായി എന്ന് പറയേണ്ടതില്ലല്ലോ. കാരണം : ആ ഹദീസിലൂടെ ആയിഷയും ഉമ്മുസലമ:യും വിലമതിക്കാനാവാത്ത രണ്ട് സുപ്രധാന സത്യങ്ങളാണ് വെളിക്ക് കൊണ്ടുവന്നത്.

1. നബിയുടെ വൈകുന്നേരത്തെ നമസ്ക്കാരവും രാവിലത്തേത്പോലെത്തന്നെ കേവലം രണ്ട് റക്അത്ത് മാത്രമായിരുന്നുവെന്നത്.
2. ഫർസ്നമസ്ക്കാരം ജമാഅത്തായി നിർവ്വഹിക്കണമെന്ന ഒരു നിയമമേ ഇസ്ലാമിലില്ലെന്നതും, അപ്പോൾ വൈകുന്നേരത്തെ നമസ്ക്കാരം ജൂതൻമാരുടെ അസറ് സമയത്ത് (ഒരു സാധനത്തിന്റെ നിഴൽ അതിന്റത്രയും രണ്ടത്രയുമാവുന്നതിനിടയിൽ ) അല്ല പതിവാക്കേണ്ടതെന്നും നേരെമറിച്ച് അസറ് സമയത്തിന്ന്ശേഷം - ഖുർആൻ ആവർത്തിച്ചു വ്യക്തമാക്കിയ ''അസ്വീലി''ൽ - അസ്തമയത്തോടടുത്ത സമയത്ത് - ആണ് അത് പതിവാക്കേണ്ടതെന്നുംകൂടി പ്രസ്തുത ഹദീസ് കൊണ്ടും വ്യക്തമായും തെളിഞ്ഞുകിട്ടി. ഇതെല്ലാം സകല അഹ്ലുൽ ഹദീസുകാർക്കും സുന്നത്ത് ജമാഅത്ത്കാർക്കും കടുത്ത തലവേദനയുണ്ടാക്കുന്ന പ്രശ്നങ്ങളാണെന്നതിൽ സംശയമില്ലല്ലോ. അത്കൊണ്ട് തന്നെയാണ് ആ സത്യമായ ഹദീസിന്നെതിരിൽ ബുഖാരി മുസ്ലിമടക്കമുള്ള സകല പുരോഹിതൻമാരും കൽപിച്ചുകൂട്ടി കള്ളംപറയാൻ തയ്യാറാവേണ്ടിവന്നതും. ആ കള്ളമെന്തന്നല്ലേ? ഹസ്രത്ത് ആയിഷയുടെയും ഉമ്മുസലമയുടെയും വീടുകളിൽവെച്ച് വൈകുന്നേരം നബി സാധാരണ നമസ്ക്കരിച്ചിരുന്നതായി അവർ രണ്ടുപേരും ഉറപ്പിച്ചുപറഞ്ഞ ആ നമസ്ക്കാരം ഏതോ ഒരു ദിവസത്തെ ളുഹ്റിന്റെ സുന്നത്ത് 'ഖസാ' വായിപ്പോയത് 'ഖസാ' വീട്ടിയതായിരുന്നെന്നും അങ്ങിനെ ഒരിക്കൽ ഖസാവായിപ്പോയ സുന്നത്ത് കാലാകാലം ഖസാവീട്ടുക എന്ന ചര്യയാണ്



നബിക്കുണ്ടായിരുന്നതെന്നുമുള്ള അർത്ഥശൂന്യവും അപഹാസ്യവുമായ പച്ചക്കള്ളമായിരുന്നു അത്. അതിന്നായി ചില വഷളൻ പൊള്ള ഹദീസുകൾ അവർ നെയ്തുണ്ടാക്കുകയും ചെയ്തു. ഈ പുരോഹിതപ്പരിഷകൾ എന്തിനിത്തരം വഷളത്തരങ്ങളൊക്കെ ചെയ്തു എന്നല്ലേ? അത് മറ്റൊന്നുമല്ല: വൈകുന്നേരത്തെ നമസ്ക്കാരവും രണ്ട് റക്അത്ത് മാത്രമേയുള്ളൂവെന്നും അത് നിർവ്വഹിക്കേണ്ടത് ജൂതൻമാരുടെ അസറ് നമസ്ക്കാരത്തിന്ന് ശേഷമാണെന്നും ജമാഅത്ത് എന്ന ഒരു സമ്പ്രദായമേ അതിന്നാവശ്യമില്ലെന്നുമൊക്കെയുള്ള കടുത്ത യാഥാർത്ഥ്യങ്ങൾ - ഖുർആൻകൊണ്ട് കണിശമായും തെളിഞ്ഞ സത്യങ്ങൾ - ഒരിക്കലും സമ്മതിച്ചു കൊടുക്കാതിരിക്കാൻ വേണ്ടിയും അത് സമ്മതിച്ചുകൊടുത്താൽ അവരുടെ പുരോഹിത മതം തകരുമെന്നുറപ്പായതുകൊണ്ടും തന്നെ.

ചുരുക്കത്തിൽ ഖുർആനിക സത്യങ്ങൾ 'മുത്തഫഖ് അലൈഹി' യായ ഹദീസുകളിലൂടെ തെളിഞ്ഞുകിട്ടിയാലും തങ്ങളുടെ പുരോഹിതമതത്തിന്നെതിരാണെന്ന് കണ്ടാൽ ഒറ്റ സുന്നത്ത് ജമാഅത്ത്കാരനും ഒറ്റ അഹ്ലുൽ ഹദീസുകാരനും ആ സത്യങ്ങളൊന്നും ഒരിക്കലും അംഗീകരിക്കുകയില്ലെന്നും അതിന്നുവേണ്ടി എത്ര വഷളായ കള്ളവും പറഞ്ഞുണ്ടാക്കാൻ അവർക്ക് യാതൊരു മടിയുമില്ലെന്നുമുള്ളതിന്റെ ഏറ്റവും മികച്ച ദൃഷ്ടാന്തമാണ് മേൽവിവരിച്ച ചരിത്രസത്യങ്ങളെന്ന് നാമെപ്പോഴും ഓർത്തിരിക്കേണ്ടതാണ്.

# യുദ്ധവേളയിൽ നമസ്ക്കരിക്കാൻ ഖുർആൻ കൽപിച്ചു എന്ന് പറയുന്നത് ശുദ്ധനുണ! അത് 'ജമാഅത്താക്കി' ചെയ്യാൻ കൽപിച്ചു എന്നത് അതിലും വലിയനുണ!!

ലോകപുരോഹിതന്മാർ നമ്മുടെ സമുദായത്തെ ഇന്നേവരെ പഠിപ്പിച്ചുപോന്ന രണ്ട് പച്ചക്കള്ളങ്ങളാണ് മേലുദ്ധരിച്ചത്. അത് തെളിയിച്ചുതരാം. യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ - മുസ്ലീംയോദ്ധാക്കൾ ഇടവും വലവും ശഹീദായി വീണു

കൊണ്ടിരിക്കുമ്പോൾ പോലും - നമസ്ക്കാരം സമയംതെറ്റിക്കാതെ നിർവ്വഹിക്കൽ നിർബന്ധമാണെന്ന് ഖുർആൻ കൽപിച്ചിരിക്കുന്നു വെന്നാണ് കേരളത്തിലെ പുരോഹിതനേതാവും ഖുർആൻ പണ്ഡിതനാണെന്ന അവകാശവാദക്കാരനുമായ സി.എൻ. അഹമദ്മൗലവിപോലും വാദിക്കുന്നത്. അത് ശുദ്ധനുണയാണെന്നും ഖുർആനിലെവിടെയും അങ്ങിനെയൊരു സൂചനപോലുമില്ലെന്നും ഞാൻ തറപ്പിച്ചുപറഞ്ഞപ്പോൾ പിന്നെ സി.എൻ. മൗലവിയുടെ നാക്കും പേനയും അനങ്ങുന്നില്ല. കാരണമെന്തന്നല്ലേ: ഞാനപ്പറഞ്ഞത് ശരിയാണെന്ന് മൂപ്പർക്കിപ്പോൾ ബോധ്യം വന്നത്കൊണ്ടുതന്നെ. ഇനി യുദ്ധവേളയിലെ ജമാഅത്ത് നമസ്ക്കാരത്തെപറ്റി പറയാം. അത് ശ്രദ്ധിക്കുക.

യുദ്ധം നടക്കുമ്പോഴെന്നല്ല യുദ്ധത്തിന്ന് വേണ്ടി താവളമടിച്ചിരിക്കുമ്പോൾപോലും ജമാഅത്തായി നമസ്ക്കരിക്കാൻ ഖുർആനൊരിക്കലും കൽപിച്ചിട്ടില്ലെന്നും എന്നല്ല, ആ ഘട്ടത്തിൽ ജമാഅത്തായി നമസ്ക്കരിക്കുകയാണെങ്കിൽ തന്നെ രണ്ട് പാർട്ടിയായിട്ടല്ലാതെ അത് പാടില്ലെന്ന് വിലക്കുകയാണ് 4:102 മുഖേന ഖുർആൻ ചെയ്തിട്ടുള്ളതെന്നുമാണ് നമുക്ക് പറയാനുള്ളത്. അതായത്: യുദ്ധവേളയിൽ ജമാഅത്തായി നമസ്ക്കരിക്കൽ സുന്നത്താണെന്ന സൂചനപോലും ഖുർആനിലില്ല. അത്കൊണ്ടാണ് ചരിത്രപ്രസിദ്ധമായ ‘ഖന്തക്ക് ’ യുദ്ധവേളയിൽ നബിയും സഹാബിമാരും പകൽ തീരെ ജമാഅത്തായി നമസ്ക്കരിക്കാതിരിക്കാൻ കാരണം. ജൂതന്മാരുടെ ളുഹ്റ് നമസ്ക്കാരം മാത്രമല്ല, ഖുർആൻ കൽപിച്ച വൈകുന്നേരത്തെ നമസ്ക്കാരം ‘ അസ്റ് ’ നമസ്ക്കാരം)പോലും നബിയന്ന് ജമാഅത്തായി നമസ്ക്കരിക്കുകയുണ്ടായില്ല. ബുഖാരിമുസ്ലിംപോലുള്ള സകല അഹ്ലുൽ ഹദീസുകാരും അത് രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. പക്ഷേ യൂദ്ധത്തിന്ന് താവളമടിച്ചിരിക്കുമ്പോൾപോലും ജമാഅത്തായി നമസ്ക്കരിക്കാനാണ് ഖുർആൻ കൽപിച്ചിരിക്കുന്നതെന്ന മതപുരോഹിതൻമാരുണ്ടാക്കിയ ശുദ്ധനുണക്ക് ആ നബിചര്യ എതിരാവുമെന്ന് കണ്ടപ്പോൾ അവർ ചെയ്തപണി എന്തെന്നല്ലേ: കിടങ്ങ് പണിയെല്ലാം കഴിഞ്ഞ് രാത്രിയായപ്പോൾ നബിയും സഹാബിമാരുമെല്ലാം കൂടി ബാങ്കും ഇഖാമത്തുമൊക്കെ വിളിച്ചുകൊണ്ട് ളുഹ് റും അസ് റുമെല്ലാം ജമാഅത്തായി ‘‘ഖളാവീട്ടി’’ എന്നു തന്നെ. തഹജ്ജുദും തറാവീഹുമൊക്കെ പറ്റെ നിർത്തലാക്കാൻവേണ്ടി റംസാനിലെ ഒരു രാത്രിയിൽ സഹാബിമാരെ മുഴുവൻ നേരംപുലരുംവരെ മദീനത്തെ പള്ളിയിൽ ബന്ത് ചെയ്തിരുത്തിയതും അങ്ങിനെ സുബ്ഹി നമസ്ക്കാരത്തിന്ന് ശേഷം മാത്രം അവരെ വിട്ടയച്ചതുമൊക്കെ വ്യക്തമായെഴുതി വെക്കാൻ നിർബ്ബന്ധിതരായ ബുഖാരിയും



മുസ്ലിമും മറ്റും പിന്നീടെഴുതിവെച്ചതെന്തെന്നല്ലേ: നേരം പുലർന്ന് വീട്ടിലേക്ക് മടങ്ങിപ്പോകുമ്പോൾ എല്ലാവരോടും വീട്ടിൽപോയി തറാവീഹും തഹജ്ജുദുമൊക്കെ നമസ്ക്കരിക്കാൻ നബി കൽപിച്ചുവെന്ന് . പോരെ പൂരം! എങ്കിൽ പിന്നെ അന്നത്തെ രാത്രിയിലെ തഹ്ജ്ജുദും തറാവീഹും പറ്റെ മുടക്കാൻ കാരണമെന്തെന്നും ഇഷാ നമസ്ക്കാരം കഴിഞ്ഞ ഉടനെത്തന്നെ എല്ലാവരോടും വീട്ടിൽപോയി നമസ്ക്കരിക്കാൻ പറയുകയല്ലേ ആദ്യം തന്നെ വേണ്ടിയിരുന്നതെന്നും അതൊന്നും ചെയ്യാതെ അന്നത്തെ രാത്രി നമസ്ക്കാരം പറ്റെ മുടക്കിയ്ത് ഇസ്ലാമികദൃഷ്ട്യാ ന്യായീകരിക്കാനൊക്കുമോ എന്നും മറ്റും ചോദിച്ചാൽ ആ ജൂതാസുകൾക്കതിനൊന്നും ഒരു മറുപടിയും പറയാൻ കഴിയുന്നില്ല. അതേപോലെ ഖന്തക്ക് യുദ്ധവേളയിൽ കിടങ്ങ് പണിക്കിടയിൽ നമസ്ക്കാരം ഖളാവാക്കാമെന്നും അത് രാത്രി ഖളാവീട്ടിയാൽ മതി എന്നുംപറഞ്ഞ ഖുർആനേതാണെന്നാണ് ഈ പുരോഹിതപ്പരിഷകളോട് നമുക്ക് ചോദിക്കുവാനുള്ളത്. യുദ്ധത്തെപ്പറ്റിയോ മറ്റോ ഭയമുള്ള ഘട്ടങ്ങളിൽ നടന്നുംകൊണ്ടോ വാഹനത്തിലിരുന്നും കൊണ്ടോ ഒക്കെ നമസ്ക്കാരം ഖളാവാക്കാനും അത് പിന്നെ ഖളാവീട്ടാനും കൽപിച്ച ഒറ്റ ആയത്തും ഖുർആനിലെവിടെയുമില്ല. എന്നല്ല, നമസ്ക്കാരം ഖളാവീട്ടുകയെന്നസമ്പ്രദായം തന്നെ ഖുർആനിന്നെതിരാണെന്ന് ഈ അദ്ധ്യായത്തിന്റെ അവസാനത്തിൽ ശക്തിയായി സ്ഥാപിക്കുന്നുമുണ്ട്.

ചുരുക്കത്തിൽ ഖന്തക്ക് യുദ്ധവേളയിൽ നബിയും സഹാബിമാരും കിടങ്ങുപണിക്കിടയിൽ പണിയോടൊപ്പം യഥാവിധി നമസ്ക്കരിക്കുകയാണുണ്ടായതെന്നല്ലാതെ നബിയും സഹാബിമാരും ആ ദിവസം കൂട്ടത്തോടെ നമസ്ക്കാരം ഖളാവാക്കി എന്ന് പറയുന്നത് ശുദ്ധ അസംബന്ധമാണെന്നും ജൂതമുനാഫിഖുകളായ അബൂഹുറയ്റാകമ്പനിക്കാർ പടച്ചുവിട്ടകള്ളക്കഥ മാത്രമാണതെന്നും ഖുർആൻ വിശ്വാസികളായ മുസ്ലിംകളെല്ലാം മേലിലെങ്കിലും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

# ഖന്തക്ക് യുദ്ധക്കള്ളഹദീസുകളുടെ പിന്നിലെ ജൂതലക്ഷ്യങ്ങൾ !

1. പൂർവ്വപ്രവാചകൻമാരാരും തന്നെ അവരോട് കൽപിക്കപ്പെട്ട ഒറ്റ നമസ്ക്കാരവും ഒരിക്കലും ഖളാവാക്കിയ ചരിത്രമല്ലെന്നും എന്നാൽ മുഹമ്മദ്നബിയാവട്ടെ തനിക്കൊരു യുദ്ധഭയം നേരിട്ടപ്പോഴേക്കും തന്റെ ഒരു ദിവസത്തെ നമസ്ക്കാരമാകെ ഖളാവാക്കി എന്നും അതിനാൽ നമ്മുടെ നബി ഒരു ‘‘രണ്ടാംതരം നബി’’

യാണെന്നും സ്ഥാപിക്കൽ.

2. നമസ്ക്കാരം ഖളാവായിപ്പോയാൽ പിന്നീടത് ഖളാവീട്ടണമെന്ന ഖുർആൻ വിരുദ്ധ ജൂതമതനിയമം സ്ഥിരപ്പെടുത്തൽ.

3. നമസ്ക്കാരം ഖളാവീട്ടുമ്പോൾപോലും ജമാഅത്തായി നമസ്ക്കരിക്കൽ നിർബന്ധമാണെന്ന് വരുത്തിത്തീർക്കൽ.

4. ഖളാവീട്ടുന്ന നമസ്ക്കാരത്തിന്നും ബാങ്കും ഇഖാമത്തും നബി ഒഴിവാക്കിയില്ലെന്നും അതിനാൽ അനാവശ്യവും അസ്ഥാനത്തുമാണെന്ന് തോന്നപ്പെട്ടാലും ബാങ്കും ഇഖാമത്തും ഒരിക്കലും ഒഴിവാക്കരുതെന്നും പഠിപ്പിക്കൽ.

5. യുദ്ധവേളയിൽ എങ്ങിനെയാണ് നമസ്ക്കരിക്കേണ്ടതെന്ന് അറിയിച്ചുകൊടുക്കാൻ ഖന്തക്ക് യുദ്ധത്തിന്റെ കാലഘട്ടം വരെ ഖുർആൻ തയ്യാറായില്ലെന്നും അതുകൊണ്ടാണ് ''ആഖളാആക്കൽ കുഴപ്പത്തിലൊക്കെ'' നബിയും സഹാബിമാരും പെടാൻ കാരണമെന്നും തെറ്റിദ്ധരിപ്പിക്കൽ.

6. വൈകുന്നേരത്തെ നമസ്ക്കാരം ജൂതൻമാരുടെ അസ്റ് സമയത്ത് തന്നെ വേണമെന്നും ആ സമയം കഴിഞ്ഞാൽ - അഥവാ ഖുർആൻ കൽപിച്ച അസ്വീൽ സമയമായാൽ - നമസ്ക്കാരം ഖളാവായെന്നും പ്രചരിപ്പിക്കൽ.

7. ''സ്വലാത്തുൽവുസ്ഥാ'' കൊണ്ടുദ്ദേശം അസ് റ് നമസ്ക്കാരമാണെന്ന് സ്ഥാപിക്കൽ.

8. ജൂതവിശ്വാസത്തിൽപെട്ട ഖബർ ശിക്ഷക്കടിസ്ഥാനമുണ്ടെന്ന് വരുത്തൽ.

ഇത്തരം ജൂതത്തരങ്ങളൊക്കെ ശക്തിയായി പ്രചരിപ്പിക്കലായിരുന്നു ഖന്തക്ക് യുദ്ധത്തോട് ബന്ധപ്പെടുത്തിക്കൊണ്ട് അബൂഹുറയ്റാ കമ്പനിക്കാർ നെയ്ത് വിട്ട കള്ളഹദീസുകളുടെ പിന്നിലുള്ള ജൂതലക്ഷ്യങ്ങൾ.

## ബാങ്കിനെപ്പറ്റി അൽപവും കൂടി

മുമ്പ് വിവരിച്ചുപോയ 7 തെറ്റുകളോട് കൂടിയ ബാങ്ക് വിളി മദീനത്തെ പള്ളിയിൽ ആദ്യമായാരംഭിച്ചത് അബൂഹുറയ്റ:യായിരുന്നുവെന്നതിന്ന് ബുഖാരിയിലും മറ്റും വ്യക്തമായ തെളിവുണ്ട്. ഒരു പക്ഷെ മറ്റാരും ആദ്യം അതിന്ന് തയ്യാറാവാത്തത്കൊണ്ടാവാം താൻ തന്നെ അതിന്ന് മുതിർന്നതെന്ന് തോന്നുന്നു. തന്റെ അപേക്ഷപ്രകാരമായിരിക്കണം, ബാങ്കിന്റെ പ്രാധാന്യം പൊക്കിക്കാണിക്കാൻ തന്റെ രാജാവായ മുആവിയ പോലും - വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിരുന്നതായും ബുഖാരി കൊണ്ടുതന്നെ തെളിയുന്നുണ്ട്. മുസ്ലിംകളിലെ വിശ്വാസികളേയും ഭക്തന്മാരേയും



മുഴുവൻ പള്ളിവാസികളും ആഖിറത്തൊഴിലാളികളുമാക്കി മാറ്റിയെങ്കിലല്ലേ കാര്യമായ എതിർപ്പൊന്നുമില്ലാതെ തന്റെ ഇഷ്ടത്തിനൊത്ത് ഭരിക്കാനും തന്റെ സഹായികളും ഉപദേഷ്ടാക്കളുമായിരുന്ന അബൂഹുറയ്റാ കമ്പനിക്കാർക്ക് ഖുർആൻവിരുദ്ധ ജൂതപ്രവർത്തനങ്ങൾ മുറപോലെ നടത്തുവാനും തന്റെ തെമ്മാടി മകനായ യസീദിനെപ്പോലുള്ളവരെ ഇസ്ലാമിക രാഷ്ട്രത്തിന്റെ സർവ്വാധിപതികളായി വാഴിക്കാനുമൊക്കെ സൗകര്യം ലഭിക്കുകയുള്ളൂ. അതെല്ലാം ഭംഗിയായി നടക്കുകയും ചെയ്തുവല്ലോ.

## അബൂഹുറയ്റയുടെ ബാങ്കിനോട് മുആവിയ പുലർത്തിയിരുന്ന പ്രത്യേക കൂറ് നോക്കുക.

ഒരു ദിവസം ബാങ്ക് വിളി കേട്ടുകൊണ്ട് മുആവിയ പള്ളിയിലിരിക്കുകയായിരുന്നു. അപ്പോൾ തന്റെ കൊട്ടാരപരോഹിതനായ അബൂഹുറയ്റയുടെ പുതിയ ബിദ്അത്തിന്നൊരടിസ്ഥാനവും ഗാംഭീര്യവുമുണ്ടാക്കണമെന്ന് തനിക്ക് തോന്നിയിരിക്കാം. ഉടനെ താൻ ചെയ്തപണി എന്തെന്നല്ലേ? ബാങ്ക് വിളിക്കുന്നതോടൊപ്പം താനും പതുക്കെ അതേറ്റുപാടാൻതുടങ്ങി. അങ്ങിനെ ബാങ്ക് വിളി കഴിഞ്ഞപ്പോൾ താൻ പറയുകയാണ് : ''നിങ്ങളുടെ നബി ഇപ്രകാരം ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്'' എന്ന്. (ബുഖാരി)

നോക്കണം! മുആവിയ ഒരു സാക്ഷാൽ മുനാഫിഖായിരുന്നുവെന്നതിന്റെ തെളിവ് കൂടി താനറിയാതെ തന്റെ വായിലൂടെ പുറത്തുചാടിയതാണിത്. ഒരു യഥാർത്ഥ മുസ്ലിമിന്റെ വായിൽ നിന്ന് , തന്നെ ഒഴിച്ചുനിർത്തിക്കൊണ്ടുള്ള ആ പ്രയോഗം ''നിങ്ങളുടെ നബി'' എന്ന പ്രയോഗം - എപ്പോഴെങ്കിലും വരാൻ സാദ്ധ്യതയുണ്ടോ ? അതൊരിക്കലുമില്ലല്ലോ. മാത്രമോ? നബിയുടെ മദീനാജീവിതത്തിൽ മുഴുക്കെ നിലനിന്ന് പോന്നിരുന്നതാണെന്ന് പറയപ്പെടുന്ന ബാങ്കിനെപറ്റി പഠിപ്പിക്കാൻ കേവലം രണ്ട് വർഷക്കാലം മാത്രം നബിയുടെകൂടെ നവമുസ്ലിമായി ജീവിച്ചിരുന്ന കപടനായ മുആവിയയുടെ വിവരണം സഹാബികൾക്കാവശ്യമായിരുന്നുവെന്നോ? ഏത് വിഢ്ഢികളാണിത്തരം കള്ളങ്ങളെല്ലാം വിഴുങ്ങുക. ബാങ്ക് വിളി ഖുർആൻ പാരായണത്തേക്കാൾ മുന്തിയ ഒരാരാധനയാണെന്നും അതിനാൽ ബാങ്ക്

കേൾക്കുന്നവരെല്ലാം ഭക്തിപുരസ്സരം അത് കേട്ട്കൊണ്ടിരിക്കണമെന്നും, എന്നല്ല ബാങ്ക് വിളി സമയത്ത് മറ്റെല്ലാ സംസാരവും - ഖുർആൻ പാരായണംപോലും - നിർത്തിവെച്ചുകൊണ്ട് അച്ചടക്കത്തോടെ അതേറ്റു പാടിക്കൊണ്ടിരിക്കണമെന്നും ബാങ്ക് സമയത്ത് സംസാരിച്ചാൽ മരണസമയത്ത് 'കലിമ':പോലും ചൊല്ലാനാവാതെ ആ സംസാരിച്ചവരുടെയെല്ലാം നാക്കുകൾ പിടപിടച്ചുപോകുമെന്നും മറ്റുമുള്ള അബൂഹുറയ്റാകമ്പനിക്കാരുടെ പെരുന്നുണകൾക്ക് ശക്തിയും ഗാംഭീര്യവും കൂട്ടികൊടുക്കാൻ വേണ്ടിയല്ലേ മുആവിയ തന്റെ തിരുവായിലൂടെ ആ കള്ളഹദീസ് തട്ടിവിട്ടത്. വീണ്ടും താൻ തട്ടിവിടുന്നത് കാണുക: ''ബാങ്ക് മുക്രിമാരെല്ലാം അന്ത്യനാളിൽ ഉന്നതൻമാരായിരിക്കും എന്ന് നബി പറഞ്ഞിരിക്കുന്നു''. മുആവിയ തന്നെ പ്രചരിപ്പിച്ചിരുന്നതായി ബുഖാരി വീണ്ടും രേഖപ്പെടുത്തിയ മറ്റൊരു കള്ളഹദീസാണിത്. എങ്കിലും ഏറ്റവും വലിയൊരനാചാരം നട്ടുവളർത്താൻവേണ്ടി മുആവിയ ഒരുങ്ങിയപ്പോൾ താനൊരു സാക്ഷാൽ മുനാഫിഖാണെന്നതിന്റെ തെളിവും കൂടി അതോടൊപ്പം വെളിക്ക് ചാടിയത് നമ്മുടെ ഒരു ഭാഗ്യമെന്നേ പറയേണ്ടൂ. മുആവിയ:യുടെ അനുയായിയായ ബുഖാരിതന്നെ അതെല്ലാം രേഖപ്പെടുത്തി എന്നത് അതിലും വലിയ ഭാഗ്യമെന്നും പറയേണ്ടിയിരിക്കുന്നു.

# ബാങ്കിന്റെ നിവേദനത്തിലെ മറ്റുചില കള്ളങ്ങൾകൂടി

ബാങ്കിന്റെ നിവേദനത്തിൽ കാണപ്പെടുന്ന മറ്റു ചില കള്ളങ്ങൾ കൂടി താഴെ വിവരിക്കാം. അത് ശ്രദ്ധിക്കുക

ബൂഖാരിയുടെയും മറ്റും റിപ്പോർട്ടുപ്രകാരം മുആവിയയുടെ കാലത്ത് മദീന പള്ളിയിലെ ബാങ്ക് മുക്രിയായിരുന്നു അബൂഹുറയ്റ. ബാങ്കിന്റെ പുണ്യം പ്രചരിപ്പിക്കുവാൻ മുആവിയയും അബൂഹുറയ്റയും വേണ്ടത്ര കള്ളഹദീസുകൾ കെട്ടിവിട്ടിട്ടുണ്ടെന്ന് മുകളിൽ സൂചിപ്പിച്ചുവല്ലോ. എന്നാൽ അബൂഹുറയ്റ: യുടെ ഹദീസുകളൊക്കെ ലോകത്ത് പ്രചരിപ്പിച്ചിരുന്ന തന്റെ ഒന്നാമത്തെ ശിഷ്യൻ തന്റെ മരുമകനും താബിഉകളിലെ ഏറ്റവും വലിയ വാറോലക്കാരനുമായ സഈദ്ബ്നുൽ



മുസയ്യബ് എന്ന വ്യക്തിയായിരുന്നു. പക്ഷേ ബാങ്കിന്റെ വചനങ്ങൾ നബിയിൽ നിന്ന് നേരിൽ കേട്ട് പഠിച്ച ഒരാളുടെപേരു പറഞ്ഞുകൊടുക്കാൻ സ ഈ ദു ബ്നുൽ മുസയ്യബിനോടാവശ്യപ്പെട്ടപ്പോൾ ഏതോ ഒരു അബ്ദുല്ലാഹിബ്നു സൈദിന്റെ പേരാണത്രെ താൻ പറഞ്ഞുകൊടുത്തത്. അതായത്: ഹദീസ് ലോകത്ത് അപ്രസക്തനും അജ്ഞാതനുമായ ഒരാളിൽകൂടി മാത്രമേ ബാങ്കിന്റെ മുഖ്യഹദീസ് റിപ്പോർട്ടു ചെയ്യാൻ വാറോല പ്രമാണിമാർക്ക് പോലും സാധിച്ചുള്ളൂവെന്ന് താൽപര്യം. അപ്പോൾ ബാങ്കിന്റെ നിർമ്മാതാവും പ്രചാരകനും അതിന്റെ മുക്രിതന്നെയുമായിരുന്ന അബൂഹുറയ്റയിൽ നിന്ന് മറ്റെല്ലാ ഹദീസുകളും നിവേദനം ചെയ്തിരുന്ന സ്വന്തം മരുമകനായ സഈദുബ്നുൽ മുസയ്യബിന്നുപോലും ബാങ്കിന്റെ ഹദീസ് പഠിക്കാൻ ഏതോ ഒരജ്ഞാതനെ തെരഞ്ഞുപോകേണ്ടിവന്നു എന്ന് പറയുമ്പോൾശുദ്ധനുണകൾ എഴുതിവെക്കുന്നതിലുള്ള വാറോല പ്രമാണിമാരുടെ നെഞ്ഞൂക്കും തൊലിക്കട്ടിയുമാണ് അൽഭുതകരമായിട്ടുള്ളത്. ഖുർആനിന്ന് കടകവിരുദ്ധമായ കപടമുദ്രാവാക്യവും മറ്റും ബാങ്കിലുൾപ്പെടുത്തിയത് കൊണ്ട് അബൂഹുറയ്റയാണ് ആ വചനങ്ങൾ നിവേദനം ചെയ്തതെന്ന് പറഞ്ഞാൽ ചിലരെങ്കിലും സംശയിച്ചെങ്കിലോ എന്ന് ഭയന്നിട്ടായിരിക്കണം. ഖലീഫ ഉമർ ഉൾപ്പെടെ നാൽപ്പത് സഹാബിമാരുടെ ദിവ്യസ്വപ്നം മുഖേനയാണ് ബാങ്കിന്റെ വചനങ്ങൾ ക്രോഡീകരിക്കപ്പെട്ടതെന്നും നബി ആ സ്വപ്നം ശരിവെച്ചെന്നും മറ്റുമുള്ള പെരുങ്കള്ളക്കഥകൾ അബൂഹുറയ്റാ കമ്പനിക്കാർ കെട്ടിപ്രചരിപ്പിക്കാൻ കാരണമായത്. ജൂതൻമാരുടെ 'നാൽപത്'' എന്ന ''പുണ്യസംഖ്യ'' അവിടെയും ഫിറ്റ് ചെയ്തിട്ടുണ്ടെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ബാങ്കിന്റെ വചനങ്ങൾ ആരും ഗവേഷണവിധേയമാക്കാതിരിക്കാൻവേണ്ടി, മേൽ സൂചിപ്പിച്ച പെരുങ്കള്ളക്കഥ കെട്ടിയുണ്ടാക്കിയത് പോലെയാണ്, അത്തഹിയ്യാത്തിൽ 15 ജൂതായിസങ്ങൾ കുത്തിച്ചെലുത്തിയതൊന്നും ആരും ശ്രദ്ധിക്കാതിരിക്കാൻവേണ്ടി അത്തഹിയ്യാത്തിന്റെ റിപ്പോർട്ടിലും ഖലീഫ:ഉമറിനേയും മറ്റും കൂട്ടികെട്ടിയതും, ഖുർആൻ പഠിപ്പിക്കുമ്പോലെയാണ് നബി ഞങ്ങൾക്കത് പഠിപ്പിച്ച് തന്നിരുന്നതെന്നും മറ്റുമുള്ള ശുദ്ധനുണകൾ അവർ കെട്ടിച്ചമച്ചതുമൊക്കെ.

ചുരുക്കത്തിൽ നമസ്ക്കാരവിഷയമായി മിഅ്റാജിന്റെ കള്ളക്കഥയിലൂടെ അഞ്ച് നേരമുണ്ടാക്കിയതിലും അത്തഹിയ്യാത്തിലും ബാങ്കിലുമൊക്കെ അബൂഹുറയ്റ നടത്തിയ അട്ടിമറികളും ജൂതായിസങ്ങളും അതിഭയങ്കരങ്ങളായതിനാൽ ആർക്കും സംശയം തോന്നാതിരിക്കാനും ആരും നിരൂപണത്തിന്നൊരുങ്ങാതിരിക്കാനും വേണ്ടിയാണ് അബൂഹുറയ്റയല്ലാത്ത യോഗ്യന്മാരുടെ പേരിലായിരിക്കണം ആ കള്ളഹദീസുകളൊക്കെ പ്രചരിപ്പിക്കേണ്ടതെന്ന് തന്റെ ''ശിഷ്യശിരോമണികൾ''

തീരുമാനിക്കാൻ കാരണമായത്. എങ്കിലും തന്റെ ശിഷ്യന്മാരിൽ ചിലരുടെ "തന്റേടക്കുറവ്" മൂലം അതെല്ലാറ്റിന്റെയും ആദ്യഗുരു അബൂഹുറയ്റയായിരുന്നെന്ന കടുത്തസത്യം വെളിക്ക് വരിക തന്നെ ചെയ്തു. കൂടാതെ അതോരോന്നിലുമുള്ള ജൂതായിസങ്ങൾ കണിശമായി തെളിയിക്കപ്പെട്ടതോടെ അബൂഹുറയ്റയെപ്പോലുള്ള ഒരു ജൂതമുനാഫിഖിന്നല്ലാതെ, അൽപമെങ്കിലും ഈമാനുള്ള ഒറ്റ സ്വഹാബിക്കും അതൊന്നും കെട്ടിപ്പറയാൻ ധൈര്യം വരില്ലെന്ന വസ്തുത ഏതൊരു മുസ്ലിമിന്നും സമ്മതിക്കൽ നിർബന്ധവുമായിത്തീർന്നു.

# ഈസാനബിയും മുഹമ്മദ് നബിയും മൂന്ന്നേര നമസ്ക്കാരം നടപ്പിലാക്കിയെങ്കിലും ഈസാനബി നടപ്പിലാക്കിയതേ ലോകത്ത് നിലനിന്നുള്ളൂ.

### മുഹമ്മദ് നബിയുടെത് ആദ്യം പ്രചാരത്തിലായെങ്കിലും അബൂഹുറയാറാ കമ്പനിക്കാർ പിന്നീടത് അട്ടമറിച്ചു.

വലിയൊരൽഭുത വാർത്തയാണ് മുകളിലുദ്ധരിച്ചത്. അത് തെളിയിച്ചുതരാം.

ലോകത്താദ്യമായി ദിനംപ്രതി അഞ്ച്നേര നമസ്ക്കാരം നടപ്പാക്കിയത് ജൂതന്മാരായിരുന്നുവെന്ന് അവരുടെ തൗറാത്തിലൂടെയും അതിന്റെ പ്രധാന വ്യാഖ്യാനങ്ങളായ തൽമൂദ്, മിദ്രാസ്പോലുള്ള ഗ്രന്ഥങ്ങളിലൂടെയും വ്യക്തമായും തളിയുന്നുണ്ട്. വാസ്തവത്തിൽ ദിവ്യഗ്രന്ഥങ്ങളിലൊന്നും തന്നെ മൂന്ന് നേരമല്ലാതെ കാണുകയില്ലെന്നാണ് ഖുർആൻ 4:26 കണിശമായി തളിവ് നൽകുന്നത്. അതെങ്ങിനെ എന്നാിൽ: പൂർവ്വപ്രവാചകൻമാരുടെ സുന്നത്തുകൾ (നടപടി സമ്പ്രദായങ്ങൾ) ആണ് ഖുർആൻ വ്യക്തമാക്കിത്തരുന്നതെന്നാണ് അതിൽ പറയുന്നത്. ഖുർആനി



ലാണെങ്കിൽ ഒരിക്കലും 3 നേരത്തിലേറെ വിവരിച്ചിട്ടില്ലെന്ന് നാം ശക്തിയായി സ്ഥാപിച്ചു കഴിഞ്ഞതുമാണ്. അപ്പോൾ അല്ലാഹുവിന്റെ നിരന്തരമായ കൽപനകൾക്കെതിരാണ് ജൂതന്മാരുണ്ടാക്കിയ 5 നേരമെന്ന് താൽപര്യം. അത്കൊണ്ടാണ് ആ സമ്പ്രദായത്തെ ഈസാനബി ശക്തിയായെതിർക്കാൻ കാരണമായതും. ക്യസ്ത്യൻ സമുദായത്തിന്റെ മഹാഭാഗ്യമെന്ന് പറയട്ടെ! ! ഈസാനബി പഠിപ്പിച്ചിരുന്ന മൂന്ന് നേര സിദ്ധാന്തത്തെ അട്ടിമറിച്ചതാക്കാൻ ഒറ്റ അബൂഹുറയ്റ:യും അവർക്കിടയിൽ നുഴഞ്ഞു കയറുകയുണ്ടായില്ല. അഥവാ നുഴഞ്ഞു കയറിയിരുന്നെങ്കിൽ തന്നെ അതൊന്നും അവരിന്നേവരെ വിലവെച്ചിട്ടുമില്ല. അത്കൊണ്ടാണ് ലോകക്യസ്ത്യാനികൾ ആയിരത്തോളം ഗ്രൂപ്പുകളായി ഇന്ന് തരംതിരിഞ്ഞിട്ടുണ്ടെങ്കിലും അവരിൽ ഒരു ഗ്രൂപ്പെങ്കിലും അഞ്ച്നേര നമസ്ക്കാരം ഫർസാണെന്ന വാദക്കാരാകാതിരിക്കാനും എല്ലാവിഭാഗക്കാരും മന്നുനേരം മാത്രം നിർബ്ബന്ധിക്കാനും കാരണമായത്. ചില ക്യസ്ത്യൻ പാതിരിമാർ പുണ്യത്തിന്റെ പേരിൽ (നിർബ്ബന്ധത്തിന്റെ പേരിലല്ല) 5 നേരവും 7 നേരവും, 10 നേരവുമൊക്കെ നമസ്ക്കരിക്കാറുണ്ടെന്നത് മേൽപറഞ്ഞതിന്നെതിരല്ലെന്ന് പ്രത്യേകം ഓർക്കുക.

അഞ്ച് നേര ഫർള് നമസ്ക്കാരവാദം ഈസാനബിക്കും അദ്ദേഹത്തിന്റെ സമുദായത്തിന്നുമില്ലാത്തത് പോലെത്തന്നെ, ജൂതന്മാർ സങ്കൽപ്പിച്ചിരുന്ന കാഠിന്യവും നമസ്ക്കാരത്തിന്നവർ കണ്ടിരുന്നില്ല. ഖുർആൻ വ്യക്തമാക്കിയതുപോലെ, നമസ്ക്കാരം നന്മചെയ്യാനും തിന്മ ഉപേക്ഷിക്കാനുമുള്ള ഒരു മാർഗ്ഗം മാത്രമാണെന്നും അതല്ലാതെ മതത്തിന്റെ ലക്ഷ്യം അതല്ലെന്നുമാണ് നമ്മുടെ നബിയെപ്പോലെ ഈസാനബിയും അദ്ദേഹത്തിന്റെ അനുയായികളെ പഠിപ്പിച്ചിരുന്നതെന്നാണ് അവരിലെ പ്രഗൽഭരായ മതപണ്ഡിതന്മാരെല്ലാം പറയുന്നത്. ഖുർആൻ വ്യക്തമാക്കിയ സത്യമാണതെന്നതിനാൽ അവരതിൽ കള്ളംപറഞ്ഞിട്ടില്ലെന്ന് നമുക്കുറപ്പിക്കാവുന്നതുമാണ്. അപ്പോൾ നമസ്ക്കാരവിഷയത്തിൽ ഖുർആനിന്റെ പാഠത്തിൽ നിന്ന് (സാക്ഷാൽ തൗറാത്തിൽനിന്നും ഇഞ്ചീലിൽ നിന്നും) മുസ്ലിംകളാകുന്ന നമ്മൾ വ്യതിചലിച്ചത്ര ക്യസ്ത്യൻ സമുദായവും ഇന്നുള്ള ജൂതസമുദായവും വ്യതിചലിച്ചിട്ടില്ലെന്നാണ് ചരിത്രത്തിൽ നിന്നും നമുക്ക്മനസ്സിലാക്കാൻ കഴിയുന്ന അത്ഭുതകരമായ സത്യം.അതിന്നായി ഇനി നമ്മുടെ ചരിത്രമൊന്നുകൂടി പരിശോധിക്കാം. അതെന്തെന്ന് ശ്രദ്ധിക്കുക.

# മൂന്ന് നേരത്തിന്റെ

# കുറേ തെളിവുകൾ കൂടി

ഖുർആനിൽ ''16 തവണ നമസ്ക്കാരത്തിന്റെ സമയം'' പറഞ്ഞിട്ടുണ്ടെങ്കിലും അവയിലൊരിടത്തും തന്നെ മൂന്ന് നേരത്തിലേറെ സൂചിപ്പിക്കുകപോലും ചെയ്തിട്ടില്ലെന്ന് മുമ്പ് നാം ശക്തിയായി തെളിയിച്ചതാണല്ലോ. നബിയുടെ ജീവിതത്തിൽ തഹജ്ജുദിന്ന് പുറമെ മൂന്ന്നേരമല്ലാതെ നബി ഒരിക്കലും നമസ്ക്കരിച്ചിട്ടുമില്ല. ഖുർആൻ പറഞ്ഞപോലെ രാവിലെയും വൈകുന്നേരവും രാത്രിയുമാണ് നബി അത് നിർവ്വഹിച്ചിരുന്നതെന്നും അത് മൂന്നും വീട്ടിൽവെച്ച് ഈ രണ്ട് റക്അത്ത് വീതമായിട്ടാണ് നബി നമസ്ക്കരിച്ചിരുന്നതെന്നും നബിയുടെ സഹധർമ്മിണി ഹസ്രത്ത് ആയിഷ സാധാരണപറഞ്ഞിരുന്നതായി ബുഖാരിമുസ്ലിമിന്റെ ഹദീസുകൾകൊണ്ട് തന്നെ ധാരാളം വ്യക്തമായിട്ടുണ്ട്. മാത്രമല്ല, നമസ്ക്കാരം ഫർസാക്കപ്പെട്ടത് ഈരണ്ട് റക്അത്തായിട്ടാണെന്നും വർദ്ധനവൊക്കെ പിന്നീട് (മുആവിയയുടെ കാലത്ത്) കൂട്ടിചേർക്കപ്പെട്ടതാണെന്നും ആയിഷതന്നെ ശക്തിയായി പ്രചരിപ്പിച്ചിരുന്നതും ബുഖാരിയിലും മുസ്ലിമിലുമുണ്ട്. അത്രയുമല്ല, മൂന്ന് നേരമല്ലാതെ അതിൽകൂടുതൽ നമസ്ക്കരിക്കുന്നവരെല്ലാം തീർച്ചയായും പരാജയപ്പെടുകയാണുണ്ടാവുക എന്ന് വരെ നബി മുന്നറിയിപ്പ് നൽകിയിരുന്നതായി അബൂഹുറയ്റപോലും ആദ്യകാലത്ത് പരസ്യപ്പെടുത്തിയിരുന്നതും ബുഖാരിയിലും മറ്റും വ്യക്തമായി രേഖപ്പെടുത്തിയതാണ്. ഇതിനൊക്കെപുറമെ, സഹാബികൾ ദൃക്സാക്ഷികളായുണ്ടാകാറുള്ള നബിയുടെ സകലയാത്രകളിലും, എന്നല്ല, അക്കാലത്തെ ഏറ്റവും വലിയ ഇസ്ലാമിക സമ്മേളനമായിരുന്ന ഹജ്ജത്തുൽ വദാഇലും അതേപോലെ ഉംറാ കാലത്തുമൊക്കെ നബി മൂന്നുനേരംമാത്രമേ നമസ്ക്കരിക്കാറുള്ളൂവെന്നും ബുഖാരിമുസ്ലിമടക്കമുള്ള സകല അഹ്ലുൽ ഹദീസുകാരും രേഖപ്പെടുത്തിവെക്കാൻ നിർബ്ബന്ധിതരുമായിരിക്കുന്നു. അത് കൊണ്ടൊക്കെത്തന്നെയാണ് എല്ലാകാലത്തും 5നേരം നമസ്ക്കരിക്കുന്നവർ പോലും ഹജ്ജ് വേളയിൽ മൂന്ന് നേരം മാത്രം നമസ്ക്കരിക്കാൻ നിർബ്ബന്ധിതരായതും. പക്ഷേ, ആ മൂന്നിൽ രണ്ട്നേരത്തും ഓരോ ജൂതനമസ്ക്കാരവും (ളുഹ്റും മഗ്രിബും കൂടി) കൂട്ടിച്ചേർത്ത്കൊണ്ട് അഞ്ചൊപ്പിക്കലായിരുന്നു മുആവിയാ അബൂഹുറയ്റാ കാലഘട്ടം മുതൽ അവരുടെ താവഴിക്കാരെല്ലാം ചെയ്യാറുള്ളതെന്ന് മാത്രം. അതിന് - വാറോല ഹദീസിൽപോലും - നബി പറഞ്ഞതായി കാണപ്പെടാത്തൊരു കള്ളനാമവും - ''ജംആക്കൽ'' എന്നനാമം - അവർ പ്രചാരത്തിലാക്കുകയും ചെയ്തിരിക്കുന്നു. ഖുർആൻ അഞ്ച് നേരമാണ് യഥാർത്ഥത്തിൽ ഫർസാക്കിയിരുന്നതെങ്കിൽ പിന്നെ ഇസ്ലാമിന്റെ കേന്ദ്രത്തിൽവെച്ച് നബിയുടെ അന്ത്യഘട്ടത്തിൽ -



ഇസ്ലാം പൂർത്തിയാക്കിത്തന്നു എന്ന് അല്ലാഹുപ്രഖ്യാപിച്ച ഘട്ടത്തിൽ- ആ അഞ്ച് നേരം നബി മൂന്നാക്കി ചുരുക്കി എന്നോ, അത് വഴി ആ മഹാസമ്മേളനത്തിലെത്തിച്ചേർന്നിരുന്ന ആയിരക്കണക്കിൽ നവമുസ്ലിംകളെ മുഴുവൻ നബി വഞ്ചിച്ചെന്നോ, അതോ ഹജ്ജ് വേളയിലും യാത്രയിലുമൊക്കെ മൂന്ന് നേരം നമസ്ക്കരിക്കലേ (ജംആക്കലേ) നിർബന്ധമുള്ളൂവെന്ന് ഖുർആനിലുണ്ടെന്നോ? പറയാൻ ഏതെങ്കിലും പണ്ഡിതന്ന് സാധ്യമാണോ? എന്നാൽ നാം ഉറപ്പിച്ചു പറയുന്നു: അബൂഹുറയ്റയുണ്ടാക്കിയ കള്ള ആയത്തുകളിൽപോലും അങ്ങിനെയൊന്നുമുള്ളതായി തെളിയിക്കാൻ ലോകത്തൊരു പുരോഹിതന്നും സാധ്യമല്ല. അപ്പോൾ ഖുർആൻ ഫർസാക്കിയത് അഞ്ച് നേരമായിരുന്നെന്നും ഹജ്ജ്കാലത്തും യാത്രയിലുമൊക്കെ ഖുർആനത് മൂന്നാക്കി ചുരുക്കി എന്നും മറ്റും പറയുന്നത് പച്ചക്കള്ളവും തനി ദജ്ജാലിസവുമാണെന്ന് ചുരുക്കം.

# 5 നേരം ഫർസില്ലെന്ന്

## തന്നെയാണ് ശീആക്കളുടേയും ഹമ്പലികളുടേയും മദ്ഹബ്

അഞ്ച് നേരനമസ്ക്കാരം ഫർസാണെന്ന് സിദ്ധാന്തം മുതവാത്തിറാണെന്നും അത് മുസ്ലിംകളുടെ ഏകകണ്ഠമായ പാരമ്പര്യമാണെന്നുമുള്ളവാദം ശുദ്ധമേ കളവാണെന്നാണിനി താഴെ വിവരിക്കുന്നത്. അത് ശ്രദ്ധിക്കുക!

ഹസ്രത്ത് അലിയ്യിന്റെ സാക്ഷാൽ അനുയായികളായിരുന്ന ശീആപണ്ഡിതന്മാർ നമസ്ക്കാരത്തിന്നഞ്ച്നേരം ഫർസില്ലെന്നുംഖുർആൻ ആവർത്തിച്ചു വ്യക്തമാക്കിയ മൂന്ന്നേരം മാത്രമേ ഫർസുള്ളൂവെന്നുമുള്ള കണിശമായ വാദക്കാരാണ്. വാദം മാത്രമല്ല, ശീആക്കളിലെ ബഹുഭൂരിഭാഗവും ഇന്നും വിശ്വസിച്ചുപോരുന്ന അവരുടെ ഒരടിസ്ഥാന സിദ്ധാന്തവുമാണത്. എന്നുപറഞ്ഞാൽ നമസ്ക്കാരം അഞ്ചുണ്ടെന്ന് അവർ പൊതുവെ പറയാറുണ്ടെങ്കിലും പ്രസ്തുത അഞ്ചും അഞ്ചുനേരത്താക്കൽ ഒരിക്കലും ഫർസില്ലെന്നാണവരുടെ വാദം. പിന്നെയോ അഞ്ച് നമസ്ക്കാരം മൂന്ന് നേരത്തായി നിർവ്വഹിച്ചാലും ധാരാളം മതി എന്ന സിദ്ധാന്തമാണവർക്കുള്ളത്. അതിന്ന് ഹജ്ജ് കാലമാവണമെന്നോ യാത്രവേണമെന്നോ ഉള്ള യാതൊരു നിബന്ധനയും അവർക്കില്ല. അതായത്: സകല മുസ്ലിംകളും ആ മൂന്ന്നേരം തെറ്റിക്കാതെ നമസ്ക്കരിച്ചാൽതന്നെ അവരാരും കുറ്റക്കാരാവുകയില്ലെന്ന് താൽപര്യം. ഇതെല്ലാം ശീആക്കളുടെ പ്രമാണഗ്രന്ഥങ്ങളിൽ പൊതുവെ കാണപ്പെ

ടുന്നതും ബഹുഭൂരിഭാഗം ശീആക്കളും ഇന്നേവരെ ആചരിച്ചുപോരുന്നതുമായ ഇസ്ലാമികനിയമങ്ങളാണ്.

ഹമ്പലികളുടെ മദ്ഹബും ഏതാണ്ടിപ്രകാരമാണെന്ന് പറയാം. അതായത് : തുടർച്ചയായുള്ള തൊഴിലുകളിലേർപ്പെടുന്നവർക്കാർക്കും തന്നെ 5 നേരം നമസ്ക്കരിക്കൽ ഫർസില്ലെന്നാണ് നാലിലൊരു മദ്ഹബുകാരായ ഹമ്പലീപണ്ഡിതൻമാർ പറയുന്നത്. എന്ന് വെച്ചാൽ യാത്രക്കാർക്കും സ്ഥിരം തൊഴിലാളികൾക്കും രോഗികൾക്കുമെല്ലാം നമസ്ക്കാരം സ്ഥിരം ജംആക്കാമെന്ന് ഹമ്പലീമദ്ഹബിന്റെ പ്രമാണഗ്രന്ഥങ്ങളിലും വ്യക്തമായെഴുതിവെച്ചിരിക്കുന്നു. ജംആക്കാമെന്നതിന്റെ ഏക ഉദ്ദേശം: നമസ്ക്കാരത്തിന്ന് അഞ്ച് നേരം ഫർസില്ലെന്നും വെറും മൂന്ന്നേരമേ ഫർസുള്ളൂവെന്നും മാത്രമാണല്ലോ. അപ്പോൾ ഒരു കാര്യം തീർച്ചയായി: അഞ്ച് നമസ്ക്കാരം അഞ്ച്നേരത്തായി നിർവ്വഹിക്കൽ ഫർസാണെന്നവാദം ശീആക്കൾക്കോ ഹമ്പലികൾക്കോ ഇല്ല. പിന്നെയോ, മൂന്ന് നേരത്ത് അഞ്ച് നമസ്ക്കാരം നിർവ്വഹിച്ചാൽമതി (ജംആക്കിയാൽ മതി) എന്നാണവരുടെയെല്ലാം അടിസ്ഥാനമദ്ഹബ്. അത് കൊണ്ട്തന്നെയാണ് അഞ്ച്നേരനമസ്ക്കാരം ഫർസാണെന്ന സിദ്ധാന്തം മുസ്ലിംലോകത്തിന്റ ഇജ്മാ ആണെന്ന വാദം പച്ചക്കള്ളമാണെന്ന് നാം ഉറക്കെ പ്രഖ്യാപിക്കാൻ കാരണവും.

ഇത്രയും വിവരിച്ചതിൽനിന്ന് 5 നേരത്തിന്നടിസ്ഥാനമില്ലെന്നല്ലേ വരികയുള്ളൂ. അല്ലാതെ അഞ്ച് നമസ്ക്കാരത്തിന്നടിസ്ഥാനമില്ലെന്ന് വരികയില്ലല്ലോ എന്നായിരിക്കും പലരുടെയും വാദഗതി. എന്നാൽ ആ വാദഗതിയും തികച്ചും തെറ്റാണെന്നാണ് നമുക്ക് പറയാനുള്ളത്. കാരണം: അഞ്ച് നേരത്തിന് തെളിവില്ലെന്ന് "നമസ്ക്കാരം" "നമസ്ക്കാരം മൂന്ന് മാത്രം സി.എൻ മൗലവിക്ക് ചുട്ട മറുപടി " എന്നീ ഗ്രന്ഥങ്ങളിൽ ഖുർആനിന്റെ അടിസ്ഥാനത്തിൽ ഈയുള്ളവൻ മുമ്പ് ശക്തിയായി സ്ഥാപിച്ചുപോയതാണ്. അതിനൊന്നും ഒരു മറുപടിയും പറയാൻ ഒറ്റ പുരോഹിതനും ഇന്നേവരെ തയ്യാറായിട്ടില്ല. കേരളത്തിലെ വലിയ ഖുർആൻ പണ്ഡിതനാണെന്നഹങ്കരിച്ചുകൊണ്ട് എന്നെ ഖണ്ഡിക്കാൻ രംഗത്തുവന്ന സി.എൻ.മൗലവിയും തന്റെ കൂട്ടുകാരും ഖുർആനിക തെളിവുകൾ നിരത്തിവെച്ചുകൊണ്ടുള്ള എന്റെ ശക്തിയായ തിരിച്ചടി കണ്ടപ്പോൾ മെല്ലെ രംഗത്ത് നിന്നും പിന്മാറിയും തനി പൂച്ച്ശൈഖന്മാരായി അടങ്ങിയിരിക്കുന്നതുമൊക്കെ എല്ലാവരുടെയും അനുഭവത്തിലുള്ളതാണല്ലോ. അഞ്ച്നേരവാദത്തെപ്പറ്റിയും അഞ്ച് നമസ്ക്കാരവാദത്തെക്കുറിച്ചും നേരിട്ടൊരു വിവാദവും മുബാഹലയും നടത്താൻ വേണ്ടി ഈയുള്ളവൻ നിർബ്ബന്ധിച്ചിട്ടും ഇവിടത്തെ ഒറ്റ പുരോഹിതനും അതിന്ന് ധൈര്യപ്പെടാതെ



ഒഴിഞ്ഞുമാറുന്നതും നമുക്കനുഭവമുള്ള കാര്യമല്ലേ. അത്കൊണ്ട് അഞ്ച്നേരമന്നത്പോലെ അഞ്ച് നമസ്ക്കാരവാദവും തകർന്ന് തരിപ്പണമായത് തന്നെയാണെന്ന് എല്ലാ ഖുർആൻവിശ്വാസികളും വ്യക്തമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. എല്ലാ മദ്ഹബിലും അഞ്ച് നമസ്ക്കാരംമുണ്ടായത്കൊണ്ട് അതിന്നടിസ്ഥാനമുണ്ടകുമെന്ന സങ്കൽപം തോട്ടിലെറിയേണ്ടതാണ് കാരണം: ഒരു മകൾക്കും ഒരു മകന്റെ മകൾക്കും നബി അവകാശം കൊടുത്തെന്നറിഞ്ഞപ്പോൾ "രണ്ട് മകളും രണ്ട് മകന്റെ മകളുമായാൽ അവകാശം കൊടുക്കേണ്ടതില്ലെന്ന്മുആവിയക്ക് വേണ്ടി, ഏകകണ്ഠമായിതീരുമാനിച്ച ബുദ്ധിശൂന്യരും ഖുർആൻവിരുദ്ധരും ഹദീസ് നിഷേധികളുമായ ലോകപുരോഹിതവർഗ്ഗം തന്നെയല്ലേ അവരുടെ മതക്കച്ചവടാർത്ഥം നമസ്ക്കാരം അഞ്ച് വേണമെന്ന് തീരുമാനിച്ചതും. അതിനാൽ ഖുർആൻ വിലവെക്കാതെ, സാക്ഷാൽ നബിചര്യ നോക്കാതെ, അബൂഹുറയ്റാ കമ്പനിക്കാരുടെ ജൂതഹദീസുകളപ്പടി പ്രമാണമാക്കികൊണ്ട് അവരുടെ പൗരോഹിത്യവും മതക്കച്ചവടവും നിലനിർത്താൻവേണ്ടി അവരഞ്ച് നേരമുണ്ടാക്കിയിട്ടുണ്ടെങ്കിൽ അതൊന്നും ഖുർആനിന്റെ അനുയായികളായ മുസ്ലീംകൾക്ക് ബാധകമല്ലെന്നാണ് നമുക്ക് പറയാനുള്ളത്. മേലുദ്ധരിച്ചത് പോലുള്ള അക്രമപരവും നീതിവിരുദ്ധവുമായ ധാരാളം ജാഹിലീശരീഅത്തുകളും ജൂതമതനിയമങ്ങളും - അഞ്ച് നേരക്കാരായ പുരോഹിതന്മാർ ഏക കണ്ഠമായി നടപ്പിലാക്കിയത് നാം മുമ്പ്നമ്പറിട്ട് വിവരിച്ചു പോയതാണല്ലോ. എന്നിരിക്കെ അതിലൊറ്റൊന്നിന്നും ഒരുമറുപടിപറയാതെ പിന്നെയും മദ്ഹബുകളുടെ പാരമ്പര്യം പ്രമാണമാക്കാനൊരുമ്പെടുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ തനി അബൂജഹ്ലിന്റെ തൊഴിൽ മാത്രമാണ്. ഖുർആൻ വിശ്വാസികൾക്കതൊന്നും പാടുള്ളതല്ല. ഖുർആനിന്റെ അടിസ്ഥാനത്തിൽ അഞ്ച് നേരമുണ്ടെന്നോ അല്ലെങ്കിൽ നമസ്ക്കാരം അഞ്ചുണ്ടെന്നോ ഈ ദുനിയാവിലാർക്കും തെളിയിക്കാൻ സാധ്യവുമല്ല. അത് സാധ്യമല്ലാത്ത കാലത്തോളം ഒറ്റ മുസ്ലിമിന്നും 5 നമസ്ക്കാരം നിർബ്ബന്ധവുമില്ല. ഖുർആൻ ആവർത്തിച്ചുവ്യക്തമാക്കിയതുംനബിയുടെ സ്ഥിരം ചര്യയായി ഹസ്രത്ത് ആയിഷയിൽ നിന്നും ഉമ്മുസലമയിൽ നിന്നും മറ്റും ബുഖാരിയും മുസ്ലിമുമൊക്കെ രേഖപ്പെടുത്തിവെച്ചതുമായ മൂന്നേമൂന്ന് നമസ്ക്കാരം മാത്രമേ ഏതൊരു മുസ്ലിമിന്നും നിർബ്ബന്ധമുള്ളൂവെന്നാണ് ഖുർആനിന്റെയും സ്ഥിരപ്പെട്ട സുന്നത്തിന്റെയും അടിസ്ഥാനത്തിൽ മുസ്ലിം സമുദായത്തോട് നമുക്കുണർത്തുവാനുള്ളത്. ആ മൂന്നിൽതന്നെ നിർബന്ധമായത് ഒന്ന് മാത്രമേയുള്ളൂവെന്നും ബാക്കി രണ്ടും സുന്നത്താണെന്നും വാദിക്കാൻവരെ ഖുർആനിൽ പഴുതുണ്ടെന്നുകണ്ടെത്തിയ പണ്ഡിതൻമാരുമുണ്ട്. അതെല്ലാം "നമസ്ക്കാരം മൂന്ന് മാത്രം സി.എൻ മൗല

വിക്ക് ചുട്ടമറുപടി'' എന്ന എന്റെ മുൻഗ്രന്ഥത്തിൽ 165-ാം പേജിൽ വിശദമായി വിവരിച്ചിട്ടുമുണ്ട്. അതോടൊപ്പം 2 : 238ലൂടെ ഖുർആൻ ആ പഴുതടച്ചിട്ടുണ്ടെന്നും അവിടെത്തന്നെ ഈയുള്ളവൻ സമർത്ഥിക്കുകയും ചെയ്തിരിക്കുന്നു.

# മൂന്ന് നേരക്കാരായ ശീആക്കൾക്ക് അഞ്ച് നമസ്ക്കാരമുണ്ടായതെങ്ങിനെ?

ഖുർആനിൽ നിന്ന് നമസ്ക്കാര സമയം മൂന്നല്ലാതെ കിട്ടുകയില്ലെന്ന്ഹസ്രത്ത് അലിയ്യിന്റെ താവഴിക്കാരയ ശീആപണ്ഡിതന്മാർ പൊതുവെ സമ്മതിച്ചിരിക്കെ, ആ മൂന്ന് സമയത്ത് അഞ്ച് നമസ്ക്കരിക്കണമെന്ന് അതേ ശീആക്കൾ തന്നെ പറയാൻ കാരണമെന്തെന്നായിരിക്കും പലരുടെയും ചോദ്യം. അതിനാൽ അതിനെ പ്പറ്റിയും അൽപം പറയേണ്ടതുണ്ട്.

ഇസ്ലാമിന്റെ പ്രമാണം ഖുർആൻ മാത്രമല്ലെന്നും ഹദീസും ഇസ്ലാമിന്റെ മറ്റൊരു പ്രമാണമാണെന്നും സുന്നികളെപ്പോലെത്തന്നെ ശീആ പണ്ഡിതൻമാരും പൊതുവെ വിശ്വസിച്ചിരിന്നുവെന്നതൊരു സത്യം മാത്രമാണ്. അതനുസരിച്ചാണ് ഖുർആൻ കൽപിച്ച മൂന്നു സമയങ്ങളിലായി ഹദീസുകളിലൂടെ തെളിയുന്ന അഞ്ച് നമസ്ക്കാരം നിലനിർത്തൽ നിർബ്ബന്ധമാണെന്ന് അവർ പറയാൻ കാരണമായത്. ബുഖാരി മുസ്ലിമിനെപ്പോലുള്ള പ്രമാണഗ്രന്ഥങ്ങളിൽ സത്യമായ ധാരാളം ഹദീസുകളുണ്ടെന്നും അതെല്ലാം നബിയുടെ ഹദീസുകളാണെന്നും അതിനാൽ അതൊക്കെ പ്രമാണമാക്കണമെന്നും വിശ്വസിച്ചിരുന്ന ഈയുള്ളവന്റെ ആദ്യഘട്ടത്തിലുള്ള വാദവും അതുതന്നെയായിരുന്നു. നബിയുടെ ഹദീസുകളേതാനും ശരിക്കെഴുതിവെച്ചിട്ടുണ്ടെന്നും അതെല്ലാം ഇസ്ലാമിന്റെ പ്രമാണമാണെന്നും വ്ശ്വസിക്കുന്ന ഏതൊരു മുസ്ലിമിന്നും അങ്ങിനെയല്ലാതെ പറയാൻ പറ്റുകയുമില്ലല്ലോ. പക്ഷേ, ഹദീസുകളെപറ്റിയും അതിന്റെ ചരിത്രത്തെക്കുറിച്ചും പിൽക്കാലത്ത് വളരെ ആഴത്തിൽ പഠിക്കുകയും പരിശോധിക്കുകയും ചെയതപ്പോഴാണ് നബിയുടേതെന്ന് തളിയിക്കാൻപറ്റിയ ഒറ്റ ഹദീസും ലോകത്തിലില്ലെന്നും അങ്ങിനെയുണ്ടാവാൻ പാടില്ലെന്നും ബോധ്യമായത്. മാത്രമല്ല, ഹദീസ് എന്നൊരു പ്രമാണമേ ഇസ്ലാമിലില്ലെന്ന് ഖുർആനിലൂടെത്തന്നെ വ്യക്തമായി തെളിയുകയും ചെയ്തു. അതെല്ലാം ''പ്രമാണയോഗ്യമായ ഹദീസേത് '' എന്ന എന്റെ മുൻഗ്രന്ഥത്തിൽ ശക്തിയായി സ്ഥാപിച്ചി



ട്ടുമുണ്ട്. അത്തരം തെളിവുകളുടെയെല്ലാം അടിസ്ഥാനത്തിൽ വീണ്ടും വീണ്ടും പരിശോധിച്ചപ്പോഴാണ് ഇന്ന് പ്രചാരത്തിലുള്ള - അഞ്ച് നമസ്ക്കാരത്തിനന്റേതടക്കമുള്ള - മിക്ക ഹദീസുകളുടെയും നിർമ്മാതാവും പ്രചാരകനും ജൂതമുനാഫിഖായ അബൂഹുറയ്റയായിരുന്നെന്നും അയാളുടെ ജൂതഏജന്റുമാരായിരുന്നു ബുഖാരിമുസ്ലിം മുതൽക്കുള്ള പ്രധാന ഹദീസ് നിവേദകരെന്നുമുള്ള കടുത്ത സത്യം തെളിവുകൾ സഹിതം വെളിക്കുവന്നത് . ഖുർആനിന്റെ പ്രായോഗികവും സുന്ദരവുമായ കർമ്മ പദ്ധതികളും ആദർശസിദ്ധാന്തങ്ങളും അപ്പടി അട്ടിമറിക്കലും അലങ്കോലപ്പെടുത്തലുമായിരുന്നു ആ ജൂതമുനീഫിഖുകൾക്കതിലുണ്ടായിരുന്ന ലക്ഷ്യമെന്നും ബോധ്യമായി. ഏതൊരു പുരോഹിതഗ്രൂപ്പിന്റെ മുന്നിലും ഖുർആനിന്റെ അടിസ്ഥാനത്തിൽ അതെല്ലാം കണിശമായും ശക്തിയായും തളിയിച്ചുകൊടുക്കാനും മുബാഹല ചെയ്യാനും ഈയുള്ളവനെപ്പോഴും തയ്യാറുമാണ്. തദടിസ്ഥാനത്തിൽ ഇവിടത്തെ എല്ലാ വിഭാഗത്തിലേയും പണ്ഡിതനേതാക്കളെ ഞാൻ പല തവണ വെല്ലുവിളിക്കുകയും ചെയ്തു. പക്ഷേ, അഞ്ച്നേരനമസ്ക്കരത്തിന്റെ കാവൽഭടന്മാരായ ആ പണ്ഡിന്മാരിൽ ഒറ്റ വ്യക്തിയും ഇന്നേവരെ വിവാദത്തിന്നും മുബാഹലക്കും തയ്യാറായിട്ടില്ല. മേൽപറഞ്ഞതരത്തിലുള്ള എന്തെങ്കിലുമൊരു പ്രവർത്തനം ഏതെങ്കിലുമൊരു ശീആപണ്ഡിതനോ സുന്നീപണ്ഡിതനോ നടത്തിയ ചരിത്രമുണ്ടായിട്ടുണ്ടോ ? അതുമില്ല. ഹദീസ് എന്നൊരു പ്രമാണം ഇസ്ലാമിലില്ലെന്നും അതിന്റെ ആവശ്യമില്ലെന്നുമുള്ളതിന്റെ ഖുർആനികതെളിവുകളൊന്നും ഒരു പണ്ഡിതനും നിരത്തിവെച്ചിട്ടുമില്ല. എന്നാൽ ഹദീസിന്നെതിരിലുള്ള ആ ഖുർആനിക തെളിവുകൾക്ക് എന്തെങ്കിലും മറുപടി രേഖപ്പെടുത്തിവെക്കാനവർക്ക് കഴിഞ്ഞോ? അതുമില്ല. ലോകത്തിലെ ഏറ്റവും വലിയ ജൂതമുനാഫിഖും ഖുർആനിന്റെ കഠിന ശത്രുവുമായിരുന്ന അബൂഹുറയ്റയുടെ തനിനിറം തൊലിയുരിച്ചു കാണിക്കാനുതകുന്ന ഏതെങ്കിലും ഗവേഷണനിരീക്ഷണങ്ങൾ പൂർവ്വീകരായ ശീആപണ്ഡിതൻമാരെങ്കിലും നടത്തിയ ചരിത്രമുണ്ടോ ? അതും തഥൈവ. അബൂഹുറയ്റയെപ്പറ്റി അയാളൊരു കപടനും പൊള്ളനുമായിരുന്നുവെന്ന് പരത്തിപ്പറയുകയല്ലാതെ അയാളുടെ ഗൗരവമേറിയ എന്തെങ്കിലും ജൂതത്തരം ശീആപണ്ഡിതന്മാർ തെളിയിച്ചുട്ടുണ്ടോ എന്നും ചോദിക്കേണ്ടതില്ല. പോകട്ടെ! അബൂഹുറയ്റയുടെ ഉറ്റ അനുയായികളും ജൂതഹദീസ് പ്രചാരകരുമായിരുന്ന ബുഖാരിയുടെയും മുസ്ലിമീന്റെയും ധാരാളം കപടത്തരങ്ങൾ - അവരുടെതന്നെ ഗ്രന്ഥങ്ങളിൽ തെളിവുകളുള്ളത് - ദശക്കണക്കിൽ നാം തെളീച്ചുകഴിഞ്ഞുവല്ലോ! അവയിലൊന്നെങ്കിലും പുറത്തുകൊണ്ടുവരാൻ ഏതെങ്കിലും ശീആപണ്ഡിതന്ന് കഴിയുകയുണ്ടായോ? അതില്ലെന്നതിന്നു അവരുടെ പ്രധാന

ഗ്രന്ഥങ്ങൾതന്നെ സാക്ഷിയല്ലേ?

ചുരുക്കത്തിൽ അബൂഹുറയ്റ ജൂതമുനാഫിഖാണെന്നും ബുഖാരിയും മുസ്ലിമുമൊക്കെ ജൂതഎജന്റുമാരാണെന്നും മറ്റും നമ്മളിന്ന് തെളിയിക്കുന്നത് ആ ജൂതഹദീസുളെല്ലാം ക്രോഢീകരിക്കപ്പെട്ട ഹദീസ് ഗ്രന്ഥങ്ങൾ നമ്മുടെ കയ്യിൽ കിട്ടിയതുകൊണ്ടും അതെല്ലാം സമഗ്രമായി - വഴിക്ക് വഴിയായി - പദാനുപദമായി - പരിശോധിക്കാൻ നമുക്കിന്ന് സൗകര്യം ലഭിച്ചുതകൊണ്ടും മാത്രമാണ്.നേരെമറിച്ച് ശീഅക്കൾ ഉടലെടുത്ത കാലത്തൊന്നും - ഒന്നാം നൂറ്റാണ്ടിൽ - അത്തരത്തിലുള്ള യാതൊരു സൗകര്യവുമുണ്ടായിരുന്നില്ല. ബുഖാരിയോ മുസ്ലിമോ മറ്റു ഹദീസ്ഗ്രന്ഥങ്ങളോ ഒന്നുംതന്നെ അക്കാലത്ത് ക്രോഢീകരിക്കപ്പെട്ടിട്ടില്ലാതതത്കൊണ്ട് തന്നെ. അപ്പോൾ മൂന്ന് നേരമേ ഫർസുള്ളൂവെന്ന് സമ്മതിച്ച ശീആപണ്ഡിതന്മാർപോലും അഞ്ച് നമസ്ക്കാരം നിർവ്വഹിക്കൽ നിർബന്ധമാണെന്ന് പറഞ്ഞത് കൊണ്ടാരും ആശയക്കുഴപ്പത്തിലാവേണ്ടതില്ല. ഹദീസുകളെ സംബന്ധിച്ചുള്ള പൂർണ്ണവും സമഗ്രവുമായ നിരൂപണം നടത്താനുള്ള യാതൊരു സൗകര്യവും ഹിജ്റ: ഒന്നും രണ്ടും നൂറ്റാണ്ടിലുണ്ടായിരന്നില്ലെന്ന ചരിത്രസത്യം നാമെപ്പോഴും ഓർത്തിരിക്കേണ്ടതാണ്. അച്ചടിസമ്പ്രദായങ്ങളൊന്നുമില്ലാതിരുന്നതിനാൽ ഓരോ മഹല്ലുകാർക്കും ഓരോമുസ്ഹഫ് എന്നതോതിലെങ്കിലും - ഖുർആൻപോലും പ്രചാരത്തിലായിട്ടില്ലാത്ത കാലഘട്ടങ്ങളായിരുന്നു അത്. മൂന്നാം നൂറ്റാണ്ട് മുതൽ മാത്രമാണതിനെല്ലാം സൗകര്യം ലഭിക്കാൻ തുടങ്ങിയത്. അപ്പോഴേക്കും ഖുർആനിലും ഹദീസിലുമുള്ള ഗവേഷണനിരീക്ഷണങ്ങളെല്ലാം ദുഷ്ടരായ പുരോഹിതവർഗ്ഗം ഹറാമക്കുകയും ചെയ്തുവല്ലോ. ഇക്കഴിഞ്ഞ 14-ാം നൂറ്റാണ്ടിന്റെ മദ്ധ്യം വരെ ആ വിലക്ക് ആരാലും തകർക്കപ്പെടാതെ തുടരുകയും ചെയതു. 14-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് പുരോഹിതൻമാർ അതേവരെ പൂഴ്ത്തിവെച്ചിരുന്ന വിശുദ്ധ ഖുർആൻ അവരുടെയോ അവരുടെ ശിങ്കിടികളുടെയോ യാതൊരു സഹായവുമില്ലാതെ, എന്നല്ല, അവരുടെയെല്ലാം ശക്തിയായ എതിർപ്പുകളോടുകൂടി ലോകഭാഷകളിലേക്ക് വിവർത്തനം ചെയ്യാൻ തുടങ്ങിയത്. അതോടെ 1300 വർഷത്തോളം മുസ്ലിംകളെ അടക്കിഭരിച്ചിരുന്ന കള്ള സുന്നത്തുകളുടെയും പൊള്ളഹദീസുകളുടെയും തനിനിറം വെളിക്ക് വരാനും തുടങ്ങി. ഇനി അത്തരം കള്ളപ്രമാണങ്ങളിൽ മുസ്ലിം സമുദായത്തെ തളച്ചിടാൻ പുരോഹിതവർഗ്ഗത്തിന്ന് സാധ്യമേ അല്ല. അതിന്റെ ലക്ഷണങ്ങളാണ് മുസ്ലിം ലോകത്തിന്റെ നാനാഭാഗത്തും ഇന്ന് ദൃശ്യമായിക്കൊണ്ടിരിക്കുന്നത്.

ആകയാൽ മൂന്ന് സമയത്ത് മൂന്ന് നമസ്ക്കാരം വേണമെന്നല്ലാതെ മൂന്ന്



സമയത്ത് അഞ്ച് നമസ്ക്കാരം വേണമെന്നൊരിക്കലും ഖുർആൻകൊണ്ട് കിട്ടുകയില്ലെന്നും തൽസംബന്ധമായസകല ഹദീസുകളും ജൂതമുനാഫിഖുകൾ നെയ്തുവിട്ട ശുദ്ധനുണകളാണെന്നും അതിനാൽ നബിഅഞ്ച്നമസ്ക്കാരം നിർവ്വഹിച്ചിരുന്നെന്ന് പറയുന്നതൊക്കെ പച്ചക്കള്ളമാണെന്നും വെറും രണ്ട് റക്അത്ത് വീതമുള്ള മൂന്ന്നമസ്ക്കാരം മാത്രമാണ് മരണംവരെ നബി നിർവ്വഹിച്ചിരുന്നതെന്നുമൊക്കെ തെളിയിക്കുന്ന ഹദീസുകൾ ഹസ്രത്ത് ആയിഷയിലൂടെയും മറ്റും ബുഖാരിയും മുസ്ലിമുമെല്ലാം നിർബ്ബന്ധിതരായെഴുതിവെച്ചത്. അഞ്ച് നമസ്ക്കാരത്തിന്റെ റിപ്പോർട്ടുകൾ മുഴുവൻ തനി കള്ളമാണെന്നതിന്റെ വ്യക്തമായ ദൃഷ്ടാന്തമാണെന്ന് കണ്ടുപിടിക്കാൻ പൂർവ്വകാലത്തെ സുന്നികൾക്കെന്നപോലെ ശിആപണ്ഡിതൻമാർക്കും കഴിഞ്ഞിരുന്നില്ലെന്നതാണ് ഏറ്റവും അടിസ്ഥാനപരമായ സത്യം.

ചുരുക്കത്തിൽ ഹദീസ്ഗ്രന്ഥങ്ങളെല്ലാം ക്രോഢീകരിക്കപ്പെടുകയും അവയിലുള്ള സകല കപടത്തരങ്ങളും ബുദ്ധിയുള്ളവർക്ക് കണ്ടുപിടിക്കാനുള്ള സൗകര്യങ്ങൾ കൈവരികയും ചെയ്ത കാലഘട്ടത്തിൽ (ഹിജ്റ: മൂന്നാം നൂറ്റാണ്ടിൽ) ഗവേഷണനിരീക്ഷണങ്ങളെല്ലാം പറ്റെ ഹറാമാക്കപ്പെട്ടു എന്ന ഏക കാരണത്താൽ പൂർവ്വീകർ പറഞ്ഞതപ്പടി - അതെന്ത് ജാഹിലിയ്യത്തോ, ജൂതനിയമമോ, മണ്ടത്തരമോ, മടയത്തരമോ എന്ത് തന്നെയായിരുന്നാലും ശരി - തൊണ്ടതൊടാതെ വിഴുങ്ങലല്ലാതെ മറ്റു യാതൊരുതൊഴിലും അക്കാലത്താർക്കുമുണ്ടായിരുന്നില്ല. ആ വിഷയത്തിൽ സുന്നികളേക്കാൾ കടുത്ത ഖുറാഫികളായിരുന്നു ശീആക്കളെന്നതാണ് ചരിത്രസത്യം. പിന്നെങ്ങിനെയാണ് അഞ്ച് നമസ്ക്കാരത്തിൽ രണ്ടെണ്ണം മായം ചേർക്കപ്പെട്ടതാണെന്നത് പോലുള്ള കടുത്ത യാഥാർത്ഥ്യങ്ങൾ - മുഖല്ലിദുകളും ഗവേഷണവിരുദ്ധരുമായിരുന്ന ശിആ-സുന്നീ-പണ്ഡിതന്മാർക്ക് കണ്ട് പിടിക്കാനാവുക? അതൊരിക്കലും സാധ്യമല്ലല്ലോ. ഇത്രയുംകാലം ഈ സത്യങ്ങളൊന്നും ദൈവധിക്കാരവും പ്രവാചകനിന്ദയുമുൾക്കൊണ്ടതാണ് ഇന്നത്തെ നമസ്ക്കാരരൂപമെന്നതടക്കം - ആരുടെയും പരിശോധനക്ക് വിധേയമാവാതെ, ഒരു സംശയമെങ്കിലും ആരും രേഖപ്പെടുത്താതെ, ഇക്കാലം വരെ മറഞ്ഞുകിടക്കാനുണ്ടായ ഏകകാരണമതാണ്. പൂർവ്വ നൂറ്റാണ്ടുകാരുടെ ആ "കുരുടൻ അനുകരണ"ത്തിന്റെ സകല ചങ്ങലകളും പൊട്ടിച്ചെറിഞ്ഞുകൊണ്ട് - ഖുർആനും ഹദീസും മെനക്കെട്ടിരുന്ന് പടിക്കാനും ചിന്തിക്കാനും കഴിയുന്നത്ര ഗവേഷണനിരീക്ഷണങ്ങൾ നടത്താനും തയ്യാറായതിനാൽ മാത്രമാണ് ഖുർആനിന്റെ വെളിച്ചത്തിൽ നമുക്കിത്തരം സത്യങ്ങളൊക്കെ കണ്ടുപിടിക്കാനും അതാരുടെ മുമ്പിലും വെട്ടിത്തുറന്ന് പറയാനും ധൈര്യംവരുന്നത്. എത്രയും മഹത്തായ ഈ സത്യപ്രബോധനത്തിന്ന് ആവേശവും ആത്മാർത്ഥതയും പ്രദാനം

ചെയ്ത് തന്ന ഉദാരമതിയും സർവ്വജ്ഞനുമായ അല്ലാഹുവിന്ന് ആയിരമായരം സ്തോത്രം രേഖപ്പെടുത്തിക്കൊള്ളട്ടെ!

# അഞ്ച്നേരത്തിന്റെ ഹദീസിൽ അഞ്ച് നേരമെന്ന് പറയാൻ സകലരും വിട്ടുപോയി!

## അഹ്ലുൽ ഹദീസുകാരുടെ ബുദ്ധിശൂന്യത!

അഹ് ലുൽ ഹദീസുകാർ പൊതുവെ വിഡ്ഢികളാണെന്ന ഒരു പഴമൊഴി പൂർവ്വകാലം മുതൽ പണ്ഡിതലോകത്ത് പ്രചാരത്തിലുള്ളതാണ്. അല്ലാമ സമഖ് ശരിയും മറ്റും അത്പാടി പ്രചരിപ്പിച്ചിട്ടുമുണ്ട്. അതിനെ ശരിവെക്കുന്ന പലതെളിവുകളും ഇതിനകം നാം നിരത്തിവെച്ചുകഴിഞ്ഞു. അതിലേക്ക് ചേർക്കാൻ പറ്റിയ മറ്റൊരു തെളിവും കൂടിയാണിവിടെ വിവരിക്കുന്നത്. അത് ശ്രദ്ധിക്കുക.

ജൂതമതത്തിലെ അഞ്ച് നേരത്തിന്നെതിരായി ഖുർആൻ ആവർത്തിച്ചുറപ്പിച്ച മൂന്ന് നേരം വീണ്ടും അഞ്ച്നേരം തന്നെയാക്കണമെന്നതായിരുന്നല്ലോ അബൂഹുറയ്റ: മുതൽക്കുള്ള സകല അഹ് ലുൽ ഹദീസുകാരുടെയും ലക്ഷ്യം. ആ ലക്ഷ്യം നേടാനായി ധാരാളം കള്ളഹദീസുകൾ അവർ നെയ്തുണ്ടാക്കുകയും ബുഖാരിമുസ്ലിം മുതൽക്കുള്ള സകലരും അതൊക്കെ രേഖപ്പെടുത്തുകയും ചെയ്തു. പക്ഷേ, അവയിലെല്ലാം തന്നെ ''നമസ്ക്കാരം അഞ്ച്നേരം ഫർസാക്കി'' എന്ന് പറയാൻ അവർ അൽഭുതകരമാംവിധം മറന്നുപോയി. അഞ്ച്നേരമുണ്ടാക്കാൻവേണ്ടി നിർമ്മിക്കപ്പെട്ടവയിലേറ്റവും പ്രധാനപ്പെട്ടതും മുത്തഫഖ് അലൈഹിയുമായ മിഅ്റാജിന്റെ കള്ളഹദീസിൽപോലും അഞ്ച്നേരമെന്ന് പറയാനവർക്ക് ബോധമുണ്ടായില്ലെന്ന് സാരം. അതെല്ലാറ്റിലും അവർ സ്ഥിരമായി പ്രചരിപ്പിച്ചിരുന്ന ഏകവാക്ക് എന്തെന്നല്ലേ: ''ഖംസുസ്വലാവത്ത്'' എന്ന ഓരേഒരുവാക്ക് തന്നെ. വാസ്തവത്തിൽ അഞ്ച്നേരം ഫർസാണെന്ന് വരണമെങ്കിൽ ''ഫീഖംസത്തി ഔഖാത്തിൻ'' എന്ന് തന്നെ പറയൽ നിർബ്ബന്ധമായിരുന്നു. പക്ഷേ, അല്ലാഹു നമുക്ക് ചെയ്തുതന്ന വലിയൊരനുഗ്രഹമെന്ന് പറയട്ടെ! മേൽപറഞ്ഞ ഒറ്റഹദീസിലും ''ഫീഖംസത്തി ഔഖാത്തിൻ'' എന്ന് ഒറ്റ അബൂഹുറയ്റ:യും പറയുകയുണ്ടായില്ല. ''ബുനിയൽ ഇസ്ലാമു അലാഖംസിൻ'' എന്ന് കെട്ടിവിട്ട പൊള്ളൻമാർക്ക്നമസ്ക്കാരവിഷയത്തിൽ ''ഫീഖംസത്തി ഔഖാത്തിൻ'' എന്ന് കെട്ടിവിടാനും യാതൊരു തടസ്സവുമുണ്ടായിരുന്നില്ല. പിന്നെന്താണങ്ങിനെ പറയാതെ, വെറും ''ഖംസുസ്വലാവത്തിൻ'' എന്ന് മാത്രം സകല അഹ് ലുൽ ഹദീസുകാരും പറഞ്ഞതെന്നോ? അത് മറ്റൊന്നുമല്ല്: അല്ലാമ: സമഖ് ശരിയുടെയും മറ്റും ആ പ്രസ്താവന കേവലം ഒരുസത്യയമായതുകൊണ്ടുതന്നെ. അഞ്ച്നമസ്ക്കാരം എന്ന് പറഞ്ഞാലും അഞ്ച്നേരം വേണമെന്ന് കിട്ടുമെന്നായിരിക്കും അവരുടെ ധാരണ. ഇന്നും അങ്ങിനെ ധരിക്കുന്നവർ ധാരാളമുണ്ടല്ലോ. അഞ്ച്നേരമുണ്ടാക്കാൻവേണ്ടിമാത്രം നിർമ്മിക്കപ്പെട്ട ഹദീസുകളിൽ അഞ്ച്നേരമെന്നൊരിക്കലും പറയാതിരിക്കുമോ എന്ന ധാരണയിലാണ് ഇന്നത്തെ പല പണ്ഡിതനേതാക്കളും അഞ്ച്നേരത്തിന്ന് തെളിവായി മേൽപറഞ്ഞ മിഅ്റാജിന്റെ ഹദീസുദ്ധരിക്കാറുള്ളത്. എന്ന് മാത്രമല്ല, മിഅ്റാജിന്റെ ഹദീസിൽ അഞ്ച്നേരമെന്ന് തന്നെ പറഞ്ഞിട്ടുണ്ടെന്ന് എനിക്കെതിരിലുള്ള ഒരു പ്രധാനതെളിവെന്നോണം 1-7-89-ലെ പ്രബോധനം വാരിക 33-ാം പേജിൽ രണ്ടാം കോളത്തിൽ ജമാഅത്ത് അമീർ കെ.സി. അബ്ദുല്ല മൗലവി എഴുതുകയുണ്ടായി. അത് ശ്രദ്ധയിൽപെട്ട ഉടനെ കെ.സി.യുടെ ആ പ്രസ്താവന ശുദ്ധനുണയാണെന്നും ലോകത്തിലെ ഒറ്റ ഹദീസ്ഗ്രന്ഥത്തിലും അങ്ങിനെയൊരു വാചകം കാണിച്ചുതരാൻ കെ.സി.ക്കോ മറ്റേതെങ്കിലുമൊരു പണ്ഡിതന്നോ സാധ്യമല്ലെന്നും പതിനായിരക്കണക്കിൽ നോട്ടീസുകളിലൂടെ ഈയുള്ളവൻ പരസ്യപ്പെടുത്തുകയും ചെയ്തു. അതിനിന്നേവരെ കെ.സി.യോ പ്രബോധനക്കാരോ ഒരു മറുപടിയും പറയുകയുണ്ടായില്ല. എന്നല്ല, അവരുടെ ''പുരോഹിത നമസ്ക്കാരക്കോട്ട'' സംരക്ഷിക്കാൻവേണ്ടി എനിക്കെതിരിൽ തുടങ്ങിവെച്ചിരുന്ന ''നമസ്ക്കാരത്തിന്റെ അന്തസ്സത്ത'' എന്ന പേരിലുള്ള ആ ലേഖനപരമ്പര തന്നെ പിന്നീട് നിർത്തിവെക്കുകയാണ് ചെയ്തത്. ഞാനിവിടെ പരസ്യപ്പെടുത്തിയ ഒറ്റ ഖുർആനിക തെളിവിനും ഒരക്ഷരം മറുപടിപറയാതെ സി.എൻ.മൗലവി ചെയ്തതുപോലെ കെ.സി. അബ്ദുല്ല മൗലവിയും മെല്ലെ തടിതപ്പി എന്ന് താൽപര്യം. ബഡാ ആലിമുകളാണെന്ന നാട്യത്തിൽ ഏതെങ്കിലും ഖുറാഫിക്കിതാബിലെ വയളൻകഥകൾ പറഞ്ഞാൽ തന്നെ ''ബഹുജനം കഴുതകളാകുന്ന സമുദായം ''അഞ്ച്നേരമുണ്ടെന്ന് വിശ്വസിക്കുമെന്നായിരിക്കും ഈ പുരോഹിതനേതാക്കളുടെ വ്യാമോഹമെന്നു തോന്നുന്നു. അത്തരം തരികിടകളൊന്നും ഇക്കാലത്തിനി നടക്കില്ലെന്ന് ബുദ്ധിജീവികൾ പറയാൻ തുടങ്ങിയപ്പോഴാണത്രെ പ്രബോധനക്കാരുടെ ''അന്തസ്സത്ത'' നിർത്തിവെ

ച്ചത്. നല്ലത് തന്നെ. നിലവിലുള്ള നമസ്ക്കാര രൂപത്തിൽ 30 ജൂതായിസങ്ങളുണ്ടെന്ന് ഖുർആനിന്റെ അടിസ്ഥാനത്തിൽ കണിശമായി തെളിയിച്ചുകൊടുത്തതിന്ന് ഒരക്ഷരം മറുപടി പറയാതെ, സമുദായത്തെ വഞ്ചിക്കാനും കബളിപ്പിക്കാനുംവേണ്ടി ഈ പുരോഹിതവർഗ്ഗം കാട്ടികൂട്ടുന്ന കള്ളത്തരങ്ങളും കപടത്തരങ്ങളും കാണുമ്പോൾ അൽഭുതം തോന്നുകയാണ്. ഏതായാലും പുരോഹിതവർഗ്ഗത്തിന്റെ ഈ ഒളിച്ചുകളിയും കപടത്തരവുമെല്ലാം സത്യാന്വേഷികളായ മാന്യവായനക്കാരുടെ ഓർമ്മയിൽ എപ്പോഴുമുണ്ടായിരിക്കേണ്ടതാണ്.

ആകെയാൽ : അഞ്ച്നേരത്തിന്ന് ഖുർആനിൽ അണുവോളം തെളിവില്ലാത്തത്പോലെത്തന്നെ വാറോല ഹദീസുകളിലും അഞ്ച്നേരം ഫർസാണെന്നതിന്ന് യാതൊരു തെളിവുമില്ലെന്നിപ്പോൾ സൂര്യപ്രകാശം പോലെ വ്യക്തമായിക്കഴിഞ്ഞു.

ആരോ ചിലരൊക്കെ നബിയോട് നമസ്ക്കാരത്തിന്റെ സമയം ചോദിച്ചു പഠിക്കാൻ ചെന്നെന്നും അങ്ങിനെ അവരെ പള്ളിയിൽ താമസിപ്പിച്ചുകൊണ്ട് രണ്ട് ദിവസം കൃത്യമായി നബി അഞ്ച്നേരം നമസ്ക്കരിച്ചു കാണിച്ചുകൊടുത്തെന്നുമൊക്കെയുള്ള പലകള്ളക്കഥകളും മുസ്ലിമും മറ്റും രേഖപ്പെടുത്തി. എങ്കിലും ആ കള്ളക്കഥകളിലും അഞ്ച്നേരം ഫർസാണെന്ന് തെളിയിക്കാൻ പറ്റിയ ഒറ്റ അറബീ പ്രയോഗവും ഒറ്റ ഹദീസ് ഗ്രന്ഥത്തിലും അവർ രേഖപ്പെടുത്തീട്ടില്ല. നബി അഞ്ച്നേരം നമസ്ക്കരിച്ചു കാണിച്ചുകൊടുത്തെന്നും ആ അഞ്ച് നേരത്തു നമസ്ക്കരിക്കൽ ഒരു പുണ്യകർമ്മാണെന്നും മാത്രമേ അവരെഴുതിവെച്ച ആ പദപ്രയോഗങ്ങൾകൊണ്ട് വരികയുള്ളൂ. അത് കൊണ്ടൊന്നും അഞ്ച്നേരം ഫർസാണെന്ന് ഞൊടിയാനൊക്കുകയില്ലല്ലോ. അപ്പോൾ അത്തരം കള്ളക്കഥകളുണ്ടാക്കിയതും അത് പ്രമാണമാക്കിയതുമൊക്കെ അഹ് ലുൽ ഹദീസുകാരുടെ ബുദ്ധിശൂന്യതയുടെ മറ്റൊരു തെളിവായി നമുക്ക് കണക്കിലെടുക്കാവുന്നതാണ്.

**<u>മുസ്ലിംകളുടെ യൂനിഫോമിറ്റി നഷ്ടപ്പെടുകയല്ലേ?</u>**

ഖുർആനിന്റെ അടിസ്ഥാനത്തിലുള്ള ഈ പൊളിച്ചെഴുത്തും ശുദ്ധീകരണവും നടപ്പിലാക്കിയാൽ പിന്നെ മുസ്ലിംകളുടെ ഇന്നുള്ള യൂനിഫോമിറ്റി പറ്റെ നഷ്ടപ്പെടുകയില്ലേ എന്നാണ് ഇപ്പോൾ ചിലരുടെ ചോദ്യം. അതിന്റെ മറുപടിപറയാം. മുസ്ലിം സമുദായത്തിന്ന് ഓരോ കാലഘട്ടത്തിലും മതപുരോഹിതന്മാർ ഓരോ "യൂനിഫോമിറ്റി"(ഐക്യരൂപം) നൽകിയിരുന്നു. അബൂഹുറയ്റയുടെ കാലഘട്ടത്തിൽ താൻ മുസ്ലിംകളെ പഠിപ്പിച്ചിരുന്ന പ്രധാന യൂനിഫോമിറ്റി കണങ്കാൽ മധ്യംവരെയുള്ള മുറിമുണ്ടുടുക്കലും വട്ടക്കൊട്ട മോഡലിലുള്ള ജൂതതൊപ്പി ധരിക്കലും പിന്നിലേക്ക്



വാൽതൂക്കിയുള്ള തലപ്പാവ് കെട്ടലും താടിയുംതലമുടിയും നീട്ടലും മറ്റുമായിരുന്നു. ഇപ്പോഴും അതെല്ലാം ഇസ്ലാമിന്റെ സംസ്ക്കാരമാണെന്നും നബിയുടെ സുന്നത്താണെന്നും ഉറച്ചു വിശ്വസിക്കുന്നവരുണ്ട്. എന്ന് വെച്ച് അതൊക്കെ ഇസ്ലാമിന്റെ യൂനിഫോമിറ്റിയായി നിലനിർത്തണമെന്ന് പറഞ്ഞാൻ തലക്ക് വെളിവുള്ളവരാരെങ്കിലും ഇക്കാലത്തതംഗീകരിക്കാൻ തയ്യാറാവുമോ? അതൊരിക്കലുമില്ലല്ലോ. അപ്പോൾ മതപുരോഹിതൻമാർ ഖുർആൻ ശരിക്ക് പഠിക്കാതെ, അവരുടെ വിവരക്കേട് മൂലമോ സ്വാർത്ഥ താൽപര്യങ്ങൾക്കനുസരിച്ചോ ഖുർആൻ വിരുദ്ധമായ അഞ്ച് നേരനമസ്ക്കാരവും 30 ജൂതായിസങ്ങളടങ്ങിയ ഒരു നമസ്ക്കാരരൂപവും മറ്റും മുസ്ലിം സമുദായത്തിന്റെമേൽ അടിച്ചേൽപ്പിച്ചെങ്കിൽ- അതൊക്കെ ഇസ്ലാമിന്റെ യൂനിഫോമിറ്റിയായി കാലാകാലം നിലനിർത്താൻ യഥാർത്ഥ മുസ്ലിംകളാരും ബാധ്യസ്ഥരല്ലെന്നാണ് നമുക്ക് പറയാനുള്ളത്. ഖുർആനിലെ സത്യങ്ങൾ വെളിക്കുവരുമ്പോൾ അതെല്ലാം ധിക്കരിക്കാനും തള്ളിക്കളയാനും വേണ്ടി യൂനിഫോമിറ്റിയുടെ പേര് പറഞ്ഞുകൊണ്ടുള്ള ഞൊണ്ടിന്യായങ്ങൾ എഴുന്നെള്ളിക്കുന്നത് അബൂജഹ്ൽ താവഴിക്കാരുടെ പുതിയൊരടവ് മാത്രമാണ്. പ്രവാചകന്മാരുടെ കാലത്ത് ഇസ്ലാമിന്നെതിരിൽ നിലനിന്നിരുന്ന സകല പാരമ്പര്യ വാദികളുടെയും തടസ്സവാദങ്ങളുടെ ആകെത്തുകയുമാണത്. ഒരു ഖുർആൻ വിശ്വാസിക്കതൊന്നും പറയാൻ പാടുള്ളതല്ല. ആയത്കൊണ്ട് ആ പുത്തൻവാദക്കാരോട് നമുക്ക് പറയാനുള്ളത് ഇത്രമാത്രമാണ്. നിങ്ങൾ ഇന്ന് നിലനിർത്തിപ്പോരുന്ന നമസ്ക്കാരത്തിന്റെ രൂപവും സമയവും നാമംപോലും ഖുർആനിന്നെതിരിൽ നിർമ്മിക്കപ്പെട്ട ജൂതമതഗ്രന്ഥങ്ങളിലുള്ളവ മാത്രമാണെന്നിവിടെ കണിശമായി തെളിയിക്കപ്പെട്ടതാണ്. അതിനൊന്നും ഒരു മറുപടിയും പറയാതെ- പറയാനറിയാതെ - ഗതിമുട്ടിയപ്പോൾ വെറും കിബ്റും അഹന്തയും മൂലം പഠിച്ചതൊഴിവാക്കാനും ഖുർആനിക സത്യം സ്വീകരിക്കാനുമുള്ള മടികാരണം യൂനിഫോമിറ്റിയുടെ പേരിൽ കൊഞ്ഞനം പറഞ്ഞൊഴിഞ്ഞു മാറുന്നത് തനി കുഫ്റും കാപട്യവുമല്ലാതെ മറ്റൊന്നുമല്ല. മുസ്ലിംകളുടെ യൂനിഫോമിറ്റി എന്നു പറഞ്ഞാൽ ഖുർആൻ വിരുദ്ധാചാരങ്ങൾ എന്നല്ല അർത്ഥം. പിന്നെയോ: വിദ്യനേടൽ അജ്ഞതക്കെതിരെ പോരാടൽ, സത്യസന്ധത, കരാർപാലനം, പരോപകാരം, ഖുർആനനുസരിച്ചുള്ള മറ്റാരാധനകൾ ഇതൊക്കെയാണ് സാക്ഷാൽ ഇസ്ലാമിന്റെ യൂനിഫോമിറ്റി. അതിനാൽ യൂനിഫോമിറ്റിയുടെ മറപിടിച്ചുകൊണ്ടുള്ള ആ തരികിടവാദങ്ങളൊന്നും നടക്കുകയില്ല. ഖുർആനിൽനിന്ന് തെളിയുന്ന സത്യങ്ങൾ - പച്ചമലയാളത്തിലൂടെ തലയിൽ കയറ്റിത്തരുന്ന വ്യക്തമായ ദൃഷ്ടാന്തങ്ങൾ - സ്വീകരിക്കാൻ അല്ലെങ്കിൽ അതിന്ന് മറുപടി പറയാൻ തയ്യാറുണ്ടോ ഇല്ലയോ- ഇത്രമാത്രമാണ് നമുക്കറിയോണ്ട

ത്. അതിന്ന് തയ്യാറില്ലെങ്കിൽ ഞങ്ങൾ_ഖുർആനിന്റെ ആൾക്കാരല്ലെന്നും വെറും ''യൂനിഫോമിറ്റിയുടെ ആൾക്കാരാ''ണെന്നും സമുദായത്തോട് തുറന്നുപറയുക. എങ്കിൽ സാധാരണക്കാരായ ഖുർആൻ വിശ്വാസികൾക്കെങ്കിലും സത്യം സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകാമല്ലോ. ആയിരക്കണക്കിലുള്ള കള്ളഹദീസുകളെ പ്രമാണമാക്കുകവഴി മുസ്ലിം സമുദായത്തെ നൂറിലധികം പാർട്ടികളാക്കി പിളർക്കാൻ തുടങ്ങഘിയിട്ട് വർഷം ആയിരത്തിലേറെ കഴിഞ്ഞുപോയി. അന്നൊന്നും യൂനിഫോമിറ്റിക്ക് വേണ്ടി പ്രവർത്തിക്കാനും കള്ളപ്രമാണങ്ങൾ തല്ലിത്തകർക്കാനും അണുവോളം മെനക്കെടാത്തവരുടെ പിൻഗാമികളാണത്രെ അൽപം ഖുർആനികസത്യം വെളിപ്പെടുത്തയപ്പോഴേക്കും യൂനിഫോമിറ്റി നഷ്ടപ്പെടുമെന്ന കള്ളം പറഞ്ഞുകൊണ്ടിപ്പോൾ മുതലക്കണ്ണീരുമായി - ഇബലീസിന്റെ തത്വോപദേശവുമായി - രംഗത്ത് വന്നിരിക്കുന്നത്. സകല കള്ളപ്രമാണങ്ങളേയും തൂത്തെറിഞ്ഞുകൊണ്ട് ഇസ്ലാമിന്റെ ഏക പ്രമാണമായ വിശുദ്ധ ഖുർആനിലേക്ക് മുസ്ലിംകൾ മടങ്ങിയാൽ യൂനിഫോമിറ്റി നഷ്ടപ്പെടുകയാണോ അതോ വീണ്ടെടുക്കപ്പെടുകയാണോ ചെയ്യുക എന്ന് ബുദ്ധിയുള്ളവർ തീരുമാനിച്ചുകൊള്ളട്ടെ.

# ഇന്ന് നിലവിലുള്ള അഞ്ച് നമസ്ക്കാരം ക്രമപ്പെടുത്തിയതിന്റെ പിന്നിലുള്ള ജൂതക്ഷ്യങ്ങൾ

1. സാധാരണ രാത്രി 12 മണിക്ക് ശേഷം മാത്രം ഉറങ്ങാനവസരം ലഭിക്കുന്ന മിക്ക കച്ചവടക്കാരുടെയും വലിയൊരു വിഭാഗം തൊഴിലാളികളുടെയും സാമൂഹ്യ സേവകൻമാരുടെയും ഉയർന്ന വിദ്യാർത്ഥികളുടെയും അധ്യാപകരുടെയുമെല്ലാം പ്രഭാത സമയത്തെ ഉറക്കം - അല്ലാഹു അനുഗ്രഹിച്ചു നൽകിയ ഏറ്റവും ആരോഗ്യകരവും ഇരട്ടി സുഖസമ്പൂർണ്ണവുമായ നല്ലൊരുറക്കം. - കാലാകാലം അവർക്ക് നിഷിദ്ധമാക്കലാണ് എല്ലാദിവസവും എല്ലാവരും പ്രഭാതത്തിലെഴുന്നേറ്റ് നമസ്ക്കരിക്കണമെന്ന് നിയമമാക്കിയതിന്റെ പിന്നിലുള്ള ഒന്നാമത്തെ ജൂതലക്ഷ്യം. സൂര്യോദയത്തിന്ന്മുമ്പ് നമസ്ക്കരിക്കണമെന്ന് കൽപിച്ച ഒറ്റ ആയത്തും ഖുർആനിലില്ലെന്ന് മുമ്പ് ശക്തിയായി സ്ഥാപിച്ചത് വായനക്കാരുടെ ഓർമ്മയിലുണ്ടായിരിക്കുമല്ലോ.



2. കാർഷിക രംഗത്തോ, ഫാക്ടറികളിലോ, കടകളിലോ ഓഫീസുകളിലോ, വിദ്യാലയങ്ങളിലോ കോടതികളിലോ മറ്റോ ഉള്ള ആബാലവൃദ്ധം ജനങ്ങൾ അവരുടെ ദൈനംദിനമുള്ള ഓരോജോലിയും തകൃതിയായി നടത്തിക്കൊണ്ടിരിക്കുമ്പോൾ അതിന്റെ ആദ്യത്തെ ഷിഫ്റ്റ്പോലും പൂർത്തിയാക്കാൻ സമ്മതിക്കാതെ - എല്ലാദിവസവും നട്ടുച്ചക്കുതന്നെ - സകല ജോലികളും ഇട്ടെറിഞ്ഞുകൊണ്ട് ശുദ്ധികർമ്മം ചെയ്ത് ശുദ്ധിവസ്ത്രം ധരിച്ച് പള്ളികളിൽപോയി ഒരു നാല് റക്അത്ത് - സുന്നത്തടക്കം 12 റക്അത്ത് - ചാർത്തിവിടണമെന്ന ''പുണ്യോപദേശം'' നൽകുകവഴി, മുസ്ലീംകളുടെ സകലജോലികളും കാലാകാലം കുഴപ്പത്തിലാക്കുക എന്നതാണ് രണ്ടാമത്തെ ജൂതലക്ഷ്യം.

3. ദിനംപ്രതി സുമാർ 10 മണിക്കാരംഭിക്കുന്ന ജോലികൾ വിശ്രമത്തിന്ന് വേണ്ടി ഒമ്പതരമണിക്ക് നിർത്തിവെക്കുന്നതിനിടയിൽ പന്ത്രണ്ടരമണിക്ക് തന്നെ സുഹ് റ് നമസ്ക്കാരം കൊണ്ടൊരു വെട്ടിമുറിക്കൽ നടത്തിയശേഷം രണ്ടരമണിക്കാരംഭിക്കുന്ന രണ്ടാമത്തെ ഷിഫ്റ്റ് തുടങ്ങി ഏൽക്കൂടി വരുമ്പോഴേക്കും അല്ലാഹു ആവർത്തിച്ചു വ്യക്തമാക്കിയ സമയത്തിന്നെത്രയോ മുമ്പ് (സുമാർ മൂന്നരമണിക്ക്) അസ് റ് നമസ്ക്കരിക്കണമെന്ന് കൽപിക്കുകവഴി രണ്ടാമതൊരു വെട്ടിമുറിക്കലിലൂടെ രണ്ടാം നേരത്തെ ജോലിയും കാലാകാലം നാശത്തിലാക്കുക എന്നതാണ് മൂന്നാമത്തെ ജൂതലക്ഷ്യം.

4. എല്ലാം നാശത്തിലായശേഷം (മുസ്ലിം തൊഴിലാളികൾക്കൊന്നും ഇന്ന് നാശം കാണുന്നില്ലെങ്കിൽ അതിന്ന് കാരണം സുഹ് റും അസ് റും നമസ്ക്കരിക്കാനായി പുരോഹിതൻമാർ കൽപിച്ച കൃത്യസമയത്ത് അവരാരും പള്ളിയിൽ പോവാത്തുകൊണ്ടുമാത്രമാണ്) വൈകുന്നേരം ജോലികഴിഞ്ഞ് പുറത്തുവന്നാൽ കുടുംബത്തേക്ക് വേണ്ട അത്യാവശ്യ സാധനങ്ങൾ പൈസകൊടുത്തോ കടമായോ വാങ്ങിക്കാനും പിറ്റേന്നേക്കുള്ള തൊഴിലന്വേഷിക്കാനും വേണ്ടി വൈകുന്നേരം തിരക്കിട്ട പരിശ്രമങ്ങൾ നടത്തുന്നതിന്നിടയിൽ ഇന്നത്തെ നാശത്തിന്ന് പുറമെ നാളത്തേതും കൂടി നാശത്തിലാക്കാൻവേണ്ടി ആറരമണിക്കൊരു ''രണ്ടും കെട്ട നമസ്ക്കാരം'' - അഥവാ ഖുർആൻ വിരുദ്ധമായ മഗ് രിബ് നമസ്ക്കാരം - നമ്മളെക്കൊണ്ട് എല്ലാകാലത്തും കെട്ടിപ്പേറിക്കുക എന്നതാണ് നാലാമത്തെ ജൂതലക്ഷ്യം.

5. സുമാർ 7മണിക്ക് മഗ് രിബ് നമസ്ക്കാരം കഴിഞ്ഞിറങ്ങിയശേഷം അന്നത്തെ അവസാനത്യാഗമായി എന്തെങ്കിലും പരിശ്രമിക്കാനുണ്ടെങ്കിൽ അതിന്നും സമ്മതിക്കാതെ രാത്രി 8 മണിക്കുതന്നെ ഒരു കലാശബാങ്കും വിളിക്കുകയായി. അതോടെ ''തഖ് വ'' യുള്ളവരൊക്കെ വീണ്ടും പള്ളിയിലേക്ക് തന്നെ ഓടണമല്ലോ. എന്നാൽ

എല്ലാജോലിയും കഴിഞ്ഞശേഷം തികഞ്ഞ സ്വസ്ഥതയോടും സ്വൈരമനസ്സോടും കൂടി നിർവ്വഹിക്കാൻവേണ്ടി ഉച്ചക്ക്ശേഷമുള്ള ഏകനമസ്ക്കാരം പകലിന്റെ അവസാനത്തേക്കും രാത്രിയിലെ ഇഷാനമസ്ക്കാരം അർദ്ധരാത്രിവരെക്കും - ആവശ്യമെങ്കിൽ പ്രഭാതം വരേക്കും - അല്ലാഹു സമയം നീട്ടിത്തന്നിട്ടും മേൽപറഞ്ഞ സ്വൈരം കെട്ട സമയത്ത് തന്നെ, കൽപ്പിക്കപ്പെട്ട രണ്ടും, കൽപിക്കപ്പെടാത്ത രണ്ടും കൂടി നാല് റക്അത്തും പുറമെ വിത്റും, സുന്നത്തുമൊക്കെ തട്ടിവിടണമെന്ന നിർബ്ബന്ധംമൂലം ലോകമുസ്ലിംകളെ മുഴുവൻ (പ്രത്യേകിച്ച് തൊഴിലാളികളെയും സ്ത്രീകളെയും) കാലാകാലം കഷ്ടപ്പെടുത്തുക എന്നതാണ് അഞ്ചാമത്തെ ജൂതലക്ഷ്യം.

ആകെയാൽ : ഓരോരുത്തരുടെയും ജീവിതം നയിക്കാനും കടമ നിർവ്വഹിക്കാനുമായി പരിശ്രമം നടത്താനുള്ള സാധാരണ സമയമായ രാവിലത്തെ 10 മണി മുതൽ രാത്രി 10മണിവരെയുള്ള സമയത്തിന്നിടയിൽ ഒറ്റ മുസ്ലിമിന്നും ഒറ്റ ദിവസവും തുടർച്ചയായി മൂന്ന്മണിക്കൂറെങ്കിലും ജോലിചെയ്യാനോ ചെയ്യിപ്പിക്കാനോ വല്ല ഗവേഷണ നിരീക്ഷണങ്ങൾ നടത്താനോ എന്തെങ്കിലും പഠിക്കാനോ പഠിപ്പിക്കാനോ ഒരു കാലത്തും സൗകര്യപ്പെടരുതെന്ന ദുഷ്ടബുദ്ധിയോടുകൂടി ജൂതമുനാഫിഖുകൾ നെയ്തുണ്ടാക്കിയതാണ് നിലവിലുള്ള - ഖുർആൻ വിരുദ്ധമായ - അഞ്ച് സമയവുമെന്നതിൽ ബുദ്ധിയും വിവേകവുമുള്ളവർക്ക് സംശയിക്കാനവകാശമില്ലാത്തതാണ്.

6. തികച്ചും അപ്രായോഗികമോ വിഷമകരമോ ആയ അഞ്ച് നമസ്ക്കാരങ്ങൾ കെട്ടിഷേറിപ്പിക്കാനൊരുമ്പെടുകവഴി ഭൂരിപക്ഷ മുസ്ലിംകളെയും നമസ്ക്കാരശൂന്യരോ സുമാർ നമസ്ക്കാരക്കാരോ ആക്കി മാറ്റുക മൂലം കുറ്റബോധക്കാരായി അധഃപരതിക്കുന്ന മുസ്ലിംസമുദായത്തിന്റെ ആദർശവീര്യം പൊതുവെ നശിപ്പിക്കുകയും അപകർഷതാബോധമാകുന്ന മഹാവ്യാധി എക്കാലത്തും അവരിൽ നിലനിർത്തുകയുമാണ് ആറാമത്തെ സുപ്രധാനജൂതലക്ഷ്യം. ഒരുകോടിമാത്രം വരുന്ന ജൂതന്മാരെ നേരിടാൻ 100കോടി വരുന്ന മുസ്ലിംകൾക്ക് സാധ്യമല്ലെന്ന ദയനീയ സ്ഥിതിവിശേഷത്തിലേക്ക് നമ്മുടെ സമുദായം ഇന്നെത്തിച്ചേരാനുണ്ടായ പ്രധാനകാരണമതാണ്. അതായത്: നമസ്ക്കാരത്തിന്ന് കൃത്യമായ അഞ്ച്സമയമുണ്ടെന്നും അത് നിർബ്ബന്ധമാണെന്നും വിശ്വസിക്കുന്ന ഏതൊരാൾക്കും അത് കൃത്യമായിചെയ്യാൻ കഴിയാത്ത കാലത്തോളം (ആയിരത്തിലൊരാൾക്ക് പോലും അത് സാധ്യമല്ലെന്നത് തീർച്ച) ആദർശവീര്യമെന്ന ഒരു "സാധനം" അവർക്കുണ്ടാവുകസാധ്യമല്ല. നേരെമറിച്ച് ഖുർആൻ പറഞ്ഞ പ്രായോഗികമായ മൂന്ന് സമയത്ത് (1. രാവിലെ സൂര്യോദയത്തിന്ന്ശേഷം



ജോലിക്കിറങ്ങുന്നതിന് മുമ്പ് 2. വൈകുന്നേരം ജോലി എല്ലാം കഴിഞ്ഞശേഷം 3. രാത്രി ഉറങ്ങുന്നതിന്ന്മുമ്പ്) മാത്രമേ നമസ്ക്കരിക്കേണ്ടതുള്ളൂവെന്നും അത് കേവലം രണ്ട് റക്അത്ത് വീതം മാത്രമാണെന്നും വിശ്വസിക്കുന്നുവെങ്കിൽ അവരിൽ 75ശതമാനം പേർക്കെങ്കിലും ആ നമസ്ക്കാരം കൃത്യമായി നിർവ്വഹിക്കാൻ കഴിയുമെന്നതിൽ സംശയമില്ല. അങ്ങിനെ ചെയ്യുന്നവർക്ക് ആദർശവീര്യവും മനോധൈര്യവുമല്ലാതെ മറ്റൊന്നും അവരെ ബാധിക്കുകയുമില്ല. ഒരുമുസ്ലിമിന്ന് പത്ത് ശത്രുക്കളെ നേരിടാനുള്ള മനക്കരുത്ത് ആദ്യകാല മുസ്ലിംകളിലുണ്ടായിരുന്നുവെങ്കിൽ അതിന്റെ രഹസ്യവുമതായിരുന്നു. ഇന്ന് നൂറ്കോടി മുസ്ലിംകളുണ്ടായിരുന്നിട്ടും ഒരു കോടിയുടെ ധൈര്യംപോലും അവർക്കില്ലാതിരിക്കാൻ കാരണവും മേൽപറഞ്ഞത് മാത്രമാണ്. അപ്പോൾ അബൂഹുറയ്റയുടെ ജൂതനമസ്ക്കാരക്കണക്കിൽ വിശ്വസിക്കുന്ന ഏതൊരാൾക്കും കുറ്റബോധമില്ലാത്തവരായിരിക്കുക സാധ്യമല്ല. കാരണം: ജീവിതകാലം മുഴുവൻ അഞ്ച്നേരം കൃത്യമായി നമസ്ക്കരിക്കാൻ കഴിഞ്ഞെന്ന് സങ്കൽപിച്ചാൽതന്നെയും കുരുടനാണെങ്കിൽപോലും ഓരോനേരവും ജമാത്തിന്ന് പള്ളിയിലെത്തിച്ചേരൽ നിർബ്ബന്ധമാണെന്ന് (മുസ്ലിം) അബൂഹുറയ്റ:യുടെ ജൂതനിർദ്ദേശം മരണംവരെ പാലിക്കാൻ കഴിയുന്ന ഒറ്റ മനുഷ്യനും ഈ ലോകത്തുണ്ടാവുകയില്ലെന്നത് തീർച്ചയാണ്. പള്ളി ജീവനക്കാർക്ക് മാത്രം അവർ ജീവനക്കാരായിരിക്കുന്ന കാലത്തത് സാധ്യമാണെങ്കിലും ശമ്പളം കിട്ടിയാലല്ലാതെ അവരതിന്ന് തയ്യാറല്ലാത്തതിനാൽ കുറ്റബോധത്തിൽ നിന്നവരും വിമുക്തരല്ലെന്നതാണ് സത്യം. മൂന്ന് നേര നമസ്ക്കാരത്തിന്റെ കടുത്ത എതിരാളികളും അഞ്ച് നേരത്തിന്റെ നിർബ്ബന്ധക്കാരുമായ ആയിരക്കണക്കിൽ മതപണ്ഡിതൻമാർ ഇവിടെയുണ്ടായിരുന്നിട്ടും മൂന്ന് നേര വാദക്കാരായ എന്നെപ്പോലുള്ളവരുമായി ഒരു വിവാദം നടത്താനോ മുബാഹല ചെയ്യാനോ അവർക്ക് ധൈര്യം വരാത്തതിന്റെ രഹസ്യവുമതാണ്. എതിരാളികളായ സകല പണ്ഡിതന്മാരോടും വിവാദത്തിന്നും മുബാഹലക്കും ഇനിയും തയ്യാറാണെന്ന് ആവർത്തിച്ചു പ്രഖ്യാപിച്ചുകൊണ്ടും വളരെ അടിസ്ഥാനപരമായ ഈ ചർച്ചയിലേക്ക് സമുദായത്തിന്റ് ശ്രദ്ധവീണ്ടും ക്ഷണിച്ചുകൊണ്ടും തൽക്കാലം ഈ പരമ്പര നിർത്തിവെക്കുന്നു.

# ഖുർആനിലെ മൂന്ന്നേരം അഞ്ച് നേരമാക്കിയവരോട് ചില ചോദ്യങ്ങൾ

നമസ്ക്കാരം അഞ്ചിൽ നിന്ന് മൂന്നാക്കിച്ചുരക്കുന്നതിൽ മനോവേദനയുള്ള പലരുമുണ്ടയേക്കാം. അത്തരക്കാരോട് നമുക്ക് ചോദിക്കാനുള്ള ചില കാര്യങ്ങളാണ് താഴെ വിവരിക്കുന്നത്.

1. ഖുർആനിൽ ഏറ്റവുമാദ്യം (നമസ്ക്കാരവും മറ്റും ഫർസാക്കുന്നതിന്ന് മുമ്പ്) അല്ലാഹു ആവർത്തിച്ച : ഫർസാക്കിയ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണല്ലോ അക്ഷരാഭ്യാസം. എന്നിട്ടതൊരു ഇസ്ലാം കാര്യമായി- ഇസ്ലാമിലെ ഒരു ചെറിയ കാര്യമെങ്കിലുമായി - ഇന്നേവരെ അംഗീകരിക്കപ്പെടാത്തതിൽ അഞ്ച്നേര നമസ്ക്കാര സിദ്ധാന്തക്കരായ പുരോഹിതന്മാർക്കാർക്ക് യാതൊരുമനോവേദനയുമില്ലാതരിക്കാൻ കാരണമെന്ത്.

2. ഖു: 2: 177 മുതൽ 2: 203വരെയുള്ള സുക്തങ്ങളിലൂടെ വഴിക്കുവഴിയായും തുടർച്ചയായും അല്ലാഹു വിവരിച്ച 9 ഇസ്ലാം കാര്യങ്ങളും ഏറ്റവുമാദ്യം ഫർസാക്കിയ അക്ഷരാഭ്യാസവുമടക്കം 10 ഇസ്ലാം കാര്യങ്ങളിൽ നിന്ന് പ്രധാനപ്പെട്ട അഞ്ചെണ്ണം ഇടയിൽ നിന്ന് തെരഞ്ഞെടുത്ത് തട്ടുകയും ഒമ്പതാമത്തേതും പത്താമത്തേതുമായി ഖുർആൻ വിവരിച്ച നോമ്പിനെയും ഹജ്ജിനെയും നാലാമത്തേതും അഞ്ചാമത്തേതുമാക്കി പ്രതിഷ്ഠിക്കുകയും ചെയ്യുക വഴി ഖുർആനിൽ ഗുരുതരവും അക്രമപരവുമായൊരട്ടിമറി നടത്തിയതിൽ ഈ അഞ്ച് നേരവാദക്കാർക്കിന്നേവരെ ഒരു മനോവിഷമവുമില്ലാതിരിക്കാൻ കാരണമെന്ത്?

3. ഇസ്ലാം കാര്യങ്ങളിൽ നിന്ന് പ്രധാനപ്പെട്ട അഞ്ചെണ്ണം തട്ടിയശേഷം അവശേഷിച്ച അഞ്ചെണ്ണത്തിൽ നിന്ന് ഏറ്റവും പ്രധാനപ്പെട്ട സകാത്തിനെ കള്ളക്കണക്കുകളും കള്ളഹദീസുകളുംവഴി മുക്കാലരക്കാലും തകർത്ത് തരിപ്പണമാക്കുകയും അതുവഴി ഖുർആനിലെ 81 ആയത്തുകളെ പറ്റെ ധിക്കരിക്കുകയും ചെയ്തതിൽ ഈ അഞ്ച്നേരവാദക്കാരിലെ ഒറ്റ പുരോഹിതന്നും ഇന്നേവരെ യാതൊരു മനഃപ്രയാസവുമില്ലാതിരിക്കാൻ കാരണമെന്ത്?



4. എന്റെ ‘‘നമസ്ക്കാര’’മെന്ന ഗ്രന്ഥത്തിൽ മുമ്പ് വിശദമാക്കിയത്പോലെ ഇവിടെ പ്രചാരത്തിലുള്ള നമസ്ക്കാരരൂപത്തിൽ 30 ജൂതായിസങ്ങൾ അബൂഹുറയ്റ കുത്തിച്ചെലുത്തിയിട്ടും അതിന്ന്ശേഷം പല നൂറ്റാണ്ടുകൾ കഴിഞ്ഞുപോയിട്ടും ഈ അഞ്ച്നേരക്കാരിലെ ഒറ്റ മതപണ്ഡിതനും ഇക്കാലംവരെ അവയിലൊന്നെങ്കിലും കണ്ടുപിടിക്കാതിരിക്കാൻ കാരണമെന്ത്?

5. ‘‘സലാം അലൈക്കും’’എന്ന ഖുർആനികശൈലിയിൽ സലാം ചൊല്ലണമെന്ന് ഖുർആൻ വ്യക്തമായി കൽപിച്ചിട്ടും 35 തവണ വീണ്ടും വീണ്ടും ഖുർആനതുണർത്തിയിട്ടും അബൂഹുറയ്റയുടെ ‘‘അസ്സലാമു അലൈക്കും’’എന്ന ജൂതശൈലിയിൽമാത്രം എല്ലായ്പ്പോഴും - നമസ്ക്കാരത്തിൽപോലും - സലാം ചൊല്ലണമെന്ന് ഈ അഞ്ച്നേരക്കാരായ പുരോഹിതന്മാർ ഇന്നേവരെ വാദിക്കാനും ഖുർആനിലെ 35 ആയത്തുകളെയും ധിക്കരിക്കാനും കാരണമെന്ത്?

6. നമസ്ക്കാരത്തിൽ  തസ്ബീഹ് ചൊല്ലണമെന്ന് 18 തവണ ഖുർആൻ കൽപ്പിച്ചിരിക്കെ പത്തൊമ്പതാമത്തെ തവണ ‘‘അത്തഹിയ്യാത്തിന്റെ സ്ഥാനത്ത്’’ തസ്ബീഹ് ചൊല്ലണമെന്ന് പ്രത്യേകമായും കൽപിച്ചിരിക്കെ, തസ്ബീഹ് ചൊല്ലൽ ഒറ്റ നമസ്ക്കാരത്തിലും നിർബ്ബന്ധമോ പ്രധാന സുന്നത്തെങ്കിലുമോ (അബ് ആള് സുന്നത്ത്) അല്ലെന്നും അത്തഹിയ്യാത്തിൽ അത് തീരെ ആവശ്യമില്ലെന്നും അബൂഹുറയ്റയുടെ 15 ജൂതായിസങ്ങളടങ്ങിയ അത്തഹിയ്യാത്ത് മാത്രമാണ് എല്ലാ നമസ്ക്കാരത്തിലും നിർബ്ബന്ധപൂർവ്വം ചൊല്ലേണ്ടതെന്നും ഇന്നേവരെ പഠിപ്പിച്ചുപോന്ന അഞ്ചുനേരവാദക്കാരായ പുരോഹിതന്മാരെപ്പറ്റിസാക്ഷാൽ ഖുർആൻ വിശ്വാസികളാണെന്ന് പറയാനെന്ത് തെളിവാണുള്ളത്?

7. ഖുർആനിൽ 19 തവണയും 35 തവണയും 81 തവണയുമൊക്കെ വ്യക്തമാക്കിയ കാര്യങ്ങൾപോലും പറ്റെ ധിക്കരിച്ച മതപുരോഹിതന്മാർ ഖുർആനിൽ ഒറ്റതവണയും സൂചിപ്പിക്കുകയെങ്കിലും ചെയ്തിട്ടില്ലാത്തതും ജുതനിയമത്തിൽ പെട്ടതും അബൂഹുറയ്റ ഇസ്ലാമിലേക്ക് കൂട്ടിച്ചേർത്തതുമായ നട്ടുച്ചാ നമസ്ക്കാരവും (ളുഹ്റും) അസ്തമന നമസ്ക്കാരവും (മഗ് രിബു)മൊക്കെ കൃത്യമായും നിർബന്ധമായും കാലാകാലം നിർവ്വഹിക്കണെന്നാജ്ഞാപിച്ചാൽ കേവലം വാറോലപ്രേമികളും ഖുർആൻ നിഷേധികളുമല്ലാതെ, അല്ലെങ്കിൽ സംഗതിയൊന്നുമറിയാത്ത ശുദ്ധഗതിക്കാരല്ലാതെ മറ്റാരാണതെല്ലാം വിലവെക്കാനൊരുമ്പെടുക.

8. മനുഷ്യസമുദായത്തെ മുഴുവൻ വഴിതെറ്റിക്കാനായി നടക്കുന്ന ഒരു ദജ്ജാൽ (ഇബ് ലീസ്)ഇവിടെ ഉണ്ടെന്നും അവന്റെ നാശത്തിൽനിന്ന് അല്ലാഹുവിൽ ശരണം പ്രാപിക്കാൻവേണ്ടി നമസ്ക്കാരത്തിലെ ഖുർആൻ പാരായണത്തിന്ന്മുമ്പ് ‘‘ഇസ്തി

ആദത്ത്'' (ശരണം തേടൽ) നിർബ്ബന്ധമാണെന്നും ഖുർആൻ കൽപിക്കുമ്പോൾ, ഇബ് ലീസാകുന്ന ആ ദജ്ജാലിൽനിന്ന് ശരണം തേടൽ നിർബ്ബന്ധമോ സുന്നത്ത്പോലുമോ ഇല്ലെന്നും അതേസമയം ഇന്നേവരെ വന്നിട്ടില്ലാത്തതും ഇനി വരുമെന്ന സൂചനപോലും ഖുർആനിലില്ലാത്തതും അബൂഹുറയ്റ പടച്ചുണ്ടാക്കിയതുമായ ഒരു സങ്കൽപ ദജ്ജാലിൽ നിന്നാണ് ''ഇസ്തിആദത്ത്'' ചെയ്യേണ്ടത് എന്നും ആ ദജ്ജാലിന്റെ പേരിനോടൊപ്പം ഈസാനബിയുടെ പേരായ ''അൽമസീഹ്'' എന്ന പുണ്യനാമം ആദ്യത്തിൽതന്നെ തുന്നിച്ചേർത്തിക്കൊണ്ട് ഭാഷാനിയമപ്രകാരം ''പെരുങ്കള്ളനായ ഈസാനബി'' എന്നർത്ഥം സിദ്ധിക്കുമാറുള്ള ഒരു ജൂതപ്രയോഗം മുസ്ലിംകളുടെ എല്ലാ നമസ്ക്കാരത്തിലും നിർബന്ധപൂർവ്വം പറയണമെന്നും ജൂതനായ അബൂഹുറയ്റ പഠിപ്പിച്ചപ്പോൾ അതിന്റെ പിന്നിൽ എന്തോ ജൂതായിസമുണ്ടെന്നൂഹിക്കാനെങ്കിലും ഈ അഞ്ച്നേരഭക്തന്മാരായ ''പണ്ഡിതശിരോമണി'' കൾക്കിന്നേവരെ കഴിയാതിരിക്കാൻ കാരണമെന്ത് ?

9. ഖുർആൻപാരായണം ചെയ്യുമ്പോൾ ബിസ്മി ചൊല്ലണമെന്ന് ഖുർആൻ കൽപിക്കുകയും 114 തവണ അതിന്റെ മാതൃക ഖുർആനിൽ പ്രയോഗിച്ചു കാട്ടിത്തരികയും ചെയ്തിട്ടും ഓരോ മുസ്ലിമിന്റെയും ഏറ്റവും മുന്തിയ ഖുർആൻപാരായണമായ നമസ്ക്കാരത്തിലോ ഫാത്തിഹായിൽപോലും ഒരുകാലത്തും ബിസ്മി ചൊല്ലേണ്ടതില്ലെന്നും അതേസമയം ജൂതന്മാരുടെ ആമീൻ എല്ലാവരും ഉറക്കെ ചൊല്ലണമെന്നും അബൂഹുറയ്റ: പഠിപ്പിച്ചപ്പോഴെങ്കിലും അയാൾ അല്ലാഹുവിന്റെയും അല്ലാഹുവിന്റെ കിതാബിന്റെയും ശത്രുവാണെന്ന ഖലീഫ: ഉമർഫാറൂഖിന്റെ മുന്നറിയിപ്പിനെപറ്റി - ബുഖാരിയോക്കാൾ മുന്തിയ കിതാബായ ത്വബഖാത്തുബ്നുസഅ്ദിലും ബുഖാരിയുടെ ഗുരുനാഥനും വിശ്വസ്തനുമായ അബൂഉബൈദിന്റെ കിതാബുൽ അംവാലിലും മറ്റും വ്യക്തമായെഴുതിവെച്ചതിനെപറ്റി - ആയിരത്തിലേറെ വർഷങ്ങൾ കഴിഞ്ഞു പോയിട്ടും ഈ അഞ്ച് നേര നമസ്ക്കാരക്കാരാരും തന്നെ ഇക്കാലംവരെ പഠിക്കുകയോ ചിന്തിക്കുകയോ ചെയ്യാതിരിക്കാൻ കാരണമെന്ത്?

10. അല്ലാഹുവിനെ ആരാധിക്കുന്നതിനിടയിൽ അവനെയല്ലാതെ, മറ്റൊരാളെയും വിളിച്ചുപോവരുതെന്ന് ഖുർആൻ നിരുപാധികം വിലക്കിയിരിക്കെ, അല്ലാഹുവിന്ന് വേണ്ടി നാം ചെയ്യുന്ന ''ഏറ്റവും മുന്തിയ'' ആരാധനയായ നമസ്ക്കാരത്തിൽതന്നെ നബിയെ ഒന്ന് വിളിക്കണമെന്ന് അബൂഹുറയ്റ: നിയമമാക്കിയപ്പോൾ അതിന്റെ പിന്നിലും എന്തോ ജുതത്തരമുണ്ടന്ന് മനസ്സിലാക്കാൻ ഈ അഞ്ച്നേരവാദക്കാർക്കിന്നേവരെ കഴിയാതെ പോവാൻ കാണമെന്ത് ?



11. അഞ്ച്നേരം നമസ്ക്കരിക്കണമെന്ന് ഖുർആനിലുണ്ടെങ്കിൽ പിന്നെ, യാത്രയിലും ഹജ്ജുവേളയിലും നബിമൂന്ന് നേരം മാത്രമാക്കി ചുരുക്കിച്ചെയ്യാൻ കാരണമെന്ത് ? അതോ, യാത്രയിലും ഹജ്ജ് കാലത്തും മൂന്ന്നേരം മാത്രം മതി എന്ന് ഖുർആനിലെ വിടെയെങ്കിലുമുണ്ടോ: ഉണ്ടെങ്കിൽ അതൊന്നു കാണിച്ചു തരാമോ ?

12. നമസ്ക്കാരം ഈരണ്ട് റക്അത്ത് മാത്രമാണ് ഫർളാക്കപ്പെട്ടതെന്നും അതനുസരിച്ച് രാവിലെയും വൈകുന്നരേവും രാത്രിയും (യഥാക്രമം സുബ്ഹ്, അസ്റ്, ഇഷാ എന്നിവ) ഈരണ്ട് റക്അത്തായിട്ടാണ് നബി സ്ഥിരം നമസ്ക്കരിച്ചിരുന്നതെന്നും ഹസ്രത്ത് ആയിഷ നിരന്തരം പ്രചരിപ്പിച്ചിട്ടും ബുഖാരിയും മുസ്ലിമും അതൊക്കെ അവിടവിടെയായി രേഖപ്പെടുത്തിവെക്കാൻ നിർബ്ബന്ധിതരായിട്ടും ലോകത്തിലെ സകല അഹ് ലുൽ ഹദീസുകാരും സുന്നത്ത് ജമാഅത്ത് കാരും ഖുർആനിലെ യഥാർത്ഥ ആശയമുൾക്കൊള്ളുന്ന മുത്തഫഖ് അലൈഹിയായ ആ ഹദീസുകൾ മുഴുവൻ നിഷേധിക്കാൻ കാരണമെന്ത് ?

13. ഹസ്രത്ത് അലിയുടെ സാക്ഷാൽ അനുയായികളായിരുന്ന ശീആ പണ്ഡിതൻമാരും സുന്നത്ത് ജമാഅത്തിലെ ഹമ്പലീമദ്ഹബുകാരും മൂന്ന് നേരം മാത്രമേ ഫർസുള്ളൂ - അഥവാ അഞ്ച് നമസ്ക്കാരമുണ്ടെങ്കിലും അത് ജംആക്കി ചെയ്താൽ മതി എന്ന് - പൂർവ്വകാലം മുതലിന്നേവരെ സമ്മതിച്ചിരിക്കെ, അഞ്ച്നേരം ഫർസാണെന്ന നിയമം മുസ്ലിംകളുടെ ഏകകണ്ഠമായ പരമ്പരാഗത നിയമാണെന്നും അഥവാ മുതവാത്തിറാണെന്നുമൊക്കെ പറയുന്നത് പച്ചക്കള്ളമല്ലേ. അല്ലെന്ന് സ്ഥാപിക്കാൻ ഏതെങ്കിലും പുരോഹിതന്ന് സാധ്യമാണോ?

14. 40 ആടിന്നൊരാടാണ് സകാത്തെങ്കിൽ 80 ആടിന്നും 120ന്നും ഒരാട് തന്നെമതി എന്നും ഒരുമകൾക്കും ഒരുമകന്റെ മകൾക്കും അവകാശമുണ്ടെങ്കിൽ രണ്ട് മകൾക്കും രണ്ട് മകന്റെമകൾക്കും അവകാശമില്ലെന്നും പറയുന്ന ബുദ്ധിശൂന്യരായ പുരോഹിതവർഗ്ഗമല്ലാതെ 40ന്നൊന്നാണെങ്കിൽ 80ന്ന് രണ്ടും 120ന്ന് മൂന്നുമാണ് സകാത്തെന്നും ഒരു മകൾക്കും ഒരു മകന്റെ മകൾക്കും അവകാശമുണ്ടെങ്കിൽ രണ്ട് മകൾക്കും രണ്ട് മകന്റെ മകൾക്കും തീർച്ചയായും അവകാശമുണ്ടെന്നും പറയുന്ന ഏതെങ്കിലും ഒരു ഖുർആൻ പണ്ഡിതൻ നമസ്ക്കാരം അഞ്ച്നേരം ഫർസാണെന്ന് ഇന്നേവരെ പറഞ്ഞിട്ടുണ്ടോ അതില്ലെന്നതിന്ന് ഇസ്ലാമിക ചരിത്രം മുഴുവൻ സാക്ഷിയല്ലേ?

15. അഞ്ച്നേരം ഫർസാണെന്ന് സ്ഥാപിക്കാൻവേണ്ടി ''മുത്തഫഖ് അലൈഹി'' യായ ധാരാളം ഹദീസുകൾ കെട്ടിച്ചമച്ചിരിക്കെ, അവയിലെല്ലാംതന്നെ 5 നേരമെന്ന് പറയാൻ വിട്ട് പോയത് അല്ലാഹു നമുക്ക് ചെയ്തുതന്ന ഏറ്റവും വലിയൊരനുഗ്രഹമല്ലേ? അതല്ലെന്നു പറയാൻ ഏതെങ്കിലുമൊരു പുരോഹിതന്ന് സാധ്യമാണോ?